# സത്യദൂതൻ

**മുക്കാൽ നൂറ്റാണ്ട് പിന്നിട്ട മലയാളത്തിലെ ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം**


പുസ്തകം 77
ലക്കം 10
നവംബർ 2005
വഫാ 1384
റംസാൻ - ശവ്വാൽ 1426



**ചീഫ് എഡിറ്റർ**
മൗലവി മുഹമ്മദ് ഇസ്മായിൽ

**എഡിറ്റർ**
ഏ. എം. മുഹമ്മദ് സലിം

**എഡിറ്റോറിയൽ ബോർഡ്**
പ്രൊഫ. മഹ്മൂദ് അഹ്മദ്
(ചെയർമാൻ)
കെ.വി. ഈസക്കോയ
കെ. വി. ഹസ്സൻ കോയ
പി. എം. ബഷീർ അഹ്മദ്
ഐ. കെ. അഹ്മദ്കുട്ടി

**മാനേജർ**
എം.കെ. ഇമ്പിച്ചിക്കോയട്ടി

**സെക്രട്ടറി**
പി. എം. അഹ്മദ് ഹസ്സൻ

**സർക്കുലേഷൻ മാനേജർ**
എസ്. മുഹമ്മദ് സലിം



വരിസംഖ്യ - 100 ക.
ഒറ്റപ്രതി - 10 ക.



*വിലാസം*
**സത്യദൂതൻ**
**ജി. എച്ച്. റോഡ്, കോഴിക്കോട്.**
**ഫോൺ :** 0495 (Mob.) / 95495 (Land) } 5520733
**ഫാക്സ് : 0495 - 2721609**
e-mail: sathyadoothan@ahmadiyya.com



**സ്ഥാപിതം**
**1925**



4 ***യുഗശബ്ദം***

5 ***മുഖക്കുറിപ്പ്***

**ഖുത്വ്ബ**

6 ***ഭൂകമ്പം : സേവന നിരതരാവുക***
***പാകിസ്താനുവേണ്ടി പ്രാർത്ഥിക്കുക***
ഖലീഫത്തുൽ മസീഹ് - V

**ലേഖനം**

8 ***അബോറിജിനുകളുടെ ദൈവ വിശ്വാസം***
ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ്

11 ***ദൈവികശിക്ഷ: നിലച്ചുപോകാത്ത ഒരു ദിവ്യപ്രതിഭാസം***
മുഹമ്മദ് ഉമർ എച്ച്. എ. കോഴിക്കോട്

17 ***വിശുദ്ധ ഖുർആനും സമുദ്രശാസ്ത്രവും***
എ. എം. മുഹമ്മദ് സലിം

21 ***'ജിന്ന്' എന്നതിന്റെ അർത്ഥം***
സർ മുഹമ്മദ് സഫറുല്ലാഹ് ഖാൻ

23 ***ജൽസ സാലാന*** - ഒരു ദിവ്യ ദൃഷ്ടാന്തം
മഹ്മൂദ് - കൽക്കുളം

25 ***ഇസ്റാഉം, മിഅ്റാജും*** *(തുടർച്ച)*
ഏ. പി. കുഞ്ഞാമു

27 ***ശരീഅത്ത് നിയമാധിഷ്ഠിത ഭരണം സാധ്യമാണോ?***
എസ്. മുഹമ്മദ് സലീം

32 ***മൗദൂദി സാഹിബിനെ വധശിക്ഷക്ക് വിധിച്ചതെന്തിന്?***
മൗലാനാ അബ്ദുല്ലാഹ് സാഹിബ് എച്ച്. എ.

35 ***മുസ്‌ലിം ലോകത്തിനുവേണ്ടി ഒരു സാഷ്ടാംഗ പ്രണാമം***
കെ. പി. അഹ്മദ്

***കുറിപ്പുകൾ, അനുസ്മരണം***



Printed & Published by A. P. Kunhamoo, for the Kerala Ahmadiyya Jama-at at Geethanjali Offset Press, Feroke, Calicut.
Edited by A. M. Muhammed Salim. Typeset, Layout & Cover Design : Victory Creations, CLT - 1.

## ഖുർആനിൽ നിന്ന്

വല്ലവരും അല്ലാഹുവിനേയും ഈ ദൈവദൂതനേയും അനുസരിക്കുന്നതായാൽ അവർ അല്ലാഹു അനുഗ്രഹിച്ചിട്ടുള്ള പ്രവാചകന്മാർ, സത്യാത്മാക്കൾ, രക്തസാക്ഷികൾ, സദ്‌വൃത്തന്മാർ എന്നിവരുടെ കൂട്ടത്തിൽ ഉൾപ്പെടുന്നതാണ്. ഏറ്റവും നല്ല കൂട്ടുകാരനത്രെ അവർ (7:70)


## നബിവചനം

അനസ്(റ)യിൽ നിവേദനം: ഉഹ്ദ് യുദ്ധ ദിവസം തിരുമേനി(സ)യുടെ ശിരസിന് മുറിവു പറ്റി. അവിടുന്ന് അരുളി: "തങ്ങളുടെ നബിയെ മുറിവേല്പിച്ച ഒരു ജനത എങ്ങിനെ വിജയം പ്രാപിക്കാനാണ്.

**(ബുഖാരി)**

# ഓ! ഭാഗ്യം കെട്ട ഭൂപ്രദേശമേ

**(സാഹിബ് സാദാ അബ്ദുൽലത്തീഫിന്റെ വധത്തോടുള്ള പ്രതികരണം)**



**വാഗ്ദത്ത മസീഹ്**

"ഈ കൊല വലുതായ കരുണയില്ലായ്മയോടെയാണ് നടത്തപ്പെട്ടത്. ആകാശത്തിന് കീഴിൽ ഇക്കാലത്ത് ഇത്തരം ഒരു കൊലക്ക് തുല്യമായ മറ്റൊരു സംഭവം കണ്ടെത്താനാവില്ല. ഹാ, കഷ്ടം! അവിവേകിയായ ഈ അമീർ എന്താണ് കാട്ടികൂട്ടിയത്! ഒരു പരമനിരപരാധിയെ അസാധാരണമായ നിർദ്ദയത്വത്തോടെ കൊന്നുകൊണ്ട് അയാൾ സ്വയം നാശത്തിന് ഇരയായിരിക്കുന്നു! ഓ, കാബൂൾ ഭൂവേ, നീ സാക്ഷി നിൽക്കുക! നിന്റെ വിരിമാറിൽ വെച്ചാണ് ഈ കൊടുംപാതകം നടത്തപ്പെട്ടത്. ഓ. ഭാഗ്യംകെട്ട ഭൂപ്രദേശമേ, ദൈവദൃഷ്ടിയിൽ നീ തരം താണു പോയിരിക്കുന്നു. ഈ മഹാപാതകത്തിന്റെ ക്രിയാവേദി നിന്റെ നിലമാണല്ലോ."

**(റൂഹാനി ഖസായിൻ ജി. 20, ഭാ. 74)**

മുഖക്കുറിപ്പ്

# നിഷ്ഠൂരമായ കൂട്ടക്കൊല!

പരിശുദ്ധ റമദാനിലെ രണ്ടാം ദിവസം വെള്ളിയാഴ്ച മണ്ടിബഹാവുദ്ദീൻ നഗരത്തിനടുത്ത് മോംഗ് എന്ന ഗ്രാമത്തിൽ 45ഓളം അഹ്മദികൾ സുബ്ഹി നിസ്കാരത്തിനായി 'ബൈത്തു ദിക്ർ' എന്ന പള്ളിയിൽ എത്തിച്ചേർന്നു. അവർ രണ്ടാം റക്അത്തിലേക്ക് പ്രവേശിച്ചിരുന്നു. അപ്പോഴാണ് ഇരുളിന്റെ മറവിൽ നിന്നും മോട്ടോർ ബൈക്കിൽ വന്ന പാക് മുല്ലായിസത്തിന്റെ ദുഷ്ടഭീകരന്മാർ കലാനിഷ്ക്കോവ് തോക്കുമായി പള്ളിലേക്ക് ഓടിക്കയറിയത്. അല്ലാഹുവിന്റെ തിരുമുമ്പിൽ പ്രണിപതിച്ച് നിന്നിരുന്ന ആ ഭക്തസംഘത്തിന് നേരെ കശ്മലൻമാർ തുരുതുരാ വെടിയുതിർത്തു. 8 പേർ ശഹീദായി. ഇന്നാലില്ലാഹി വഇന്നാ... പരുക്കേറ്റ ഇരുപത്തിരണ്ട് പേരിൽ 12 പേരും കുട്ടികളായിരുന്നു. 2000 ഒക്ടോ: 7ന് സിയാൽകോട്ട് ജില്ലയിലെ ഗ്വാട്ടിയാലിയായിലെ പള്ളിയിൽ കയറി 8 അഹ്മദികളെ ശഹീദാക്കിയതിന് സമാനമായ മറ്റൊരു സംഭവമായിരുന്നു ഇത്. അല്ലാഹു ഖുർആനിൽ ശുഹദാക്കന്മാരെകുറിച്ച് പറയുന്നു.

"അല്ലാഹുവിന്റെ മാർഗ്ഗത്തിൽ കൊല്ലപ്പെട്ടവരെ മരിച്ചവരാണെന്ന് ഒരിക്കലും പറയരുത്. അവർ തങ്ങളുടെ രക്ഷിതാവിങ്കൽ ജീവിച്ചിരിപ്പുള്ളവരാണ്. അവർക്ക് ആത്മീയാഹാരം നൽകപ്പെടുകയും ചെയ്യുന്നു. (3:130)

കഴിഞ്ഞ മുപ്പത് വർഷമായി അഹ്മദികൾ അനുഭവിക്കുന്ന മഹാപീഢനങ്ങൾക്കൊടുവിൽ കേട്ട ഈ ദുഃഖവാർത്ത ലോകം മുഴുവനുമുള്ള അഹ്മദികളുടെ ഹൃദയത്തിലുണ്ടാക്കിയ വേദനയും ദുഃഖവും റബ്ബിന്റെ മുമ്പിൽ ചുടുബാഷ്പങ്ങളായി അവർ അർപ്പിച്ചു. വ്രണിതചിത്തനായ ഖലീഫത്തുൽ മസീഹ് അന്നത്തെ ജുമാ ഖുത്ബയിൽ പറഞ്ഞു: "അവർ അല്ലാഹുവിന്റെ ശിക്ഷയെ വിളിച്ചുവരുത്തുകയാണ് ചെയ്യുന്നത്." പാകിസ്താനിലെ അടുത്ത പ്രഭാതം രക്തപങ്കിലമായിരുന്നു. ആ നാടിന്റെ കിഴക്കൻ ഭാഗം അടിമേൽ മറിഞ്ഞുപോയ ഭൂകമ്പത്തിന്നാണ് പാകിസ്താൻ പിന്നെ സാക്ഷ്യം വഹിച്ചത്.

ഏതൊരു ആത്മീയ പ്രസ്ഥാനത്തിന്റേയും കൂടപ്പിറപ്പുകളാണ് രക്തസാക്ഷികൾ. ജീവൻ ബലിദാനം നൽകി ദിവ്യസത്യങ്ങൾക്ക് മഹാസാക്ഷ്യങ്ങൾ വഹിച്ച് അനശ്വരതയിലേക്കുയരുന്ന ആ ദിവ്യാത്മാക്കൾ മരണമില്ലാത്തവരാണ്. ബദ്റ്, ഉഹ്ദ് ശുഹദാക്കളുടേയും അഫ്ഗാനിസ്ഥാനിലെ കാബൂളിൽ വെച്ച് ശഹീദാക്കപ്പെട്ട സാഹിബ് സാദാ അബ്ദുല്ലത്തീഫിന്റെയും സാഹിബ് സാദാ അബ്ദുറഹ്മാന്റേയും വംശപരമ്പരയിലേക്ക് കൂടിച്ചേർന്ന ഈ ശുഹദാക്കന്മാരുടെ പാവനരക്തം കൊണ്ട് അഹ്മദിയത്ത് ലോകം മുഴുവൻ വളരുകയാണ്. അവർ ഇസ്ലാമിലെ ജീവിക്കുന്ന ഇതിഹാസങ്ങളാണ്.

റസൂൽ തിരുമേനി(സ) പ്രവചനം ചെയ്ത വാഗ്ദത്ത മസീഹായി അല്ലാഹു എന്നെ അയച്ചിരിക്കുന്നു എന്നു പറഞ്ഞ ഹദ്റത്ത് അഹ്മദ് (അ)ന്റെ ഒറ്റപ്പെട്ട യുഗശബ്ദം മുസ്ലിം ലോകം അഗണ്യകോടിയിൽ തള്ളിക്കളഞ്ഞു. ആ ദിവ്യാത്മാവിനെ വിശ്വസിച്ച അഹ്മദികളുടെ ജീവൻ അവർ നിഷ്കരുണം കവർന്നെടുക്കുകയും അഹ്മദികളുടെ നേരെ കൊടുംദ്രോഹങ്ങളും പീഢനങ്ങളും അഴിച്ചുവിടുകയും ചെയ്തു. വർഷങ്ങളായി തുടരുന്ന ഈ അകൃത്യങ്ങൾക്ക് അല്ലാഹു മുസ്ലിം ലോകത്തിന് എന്ത് സമ്മാനമാണ് നൽകിക്കൊണ്ടിരിക്കുന്നതെന്ന് മുസ്ലിംകൾ കാണുന്നില്ലേ. 50ലധികം മുസ്ലിം രാജ്യങ്ങളുള്ളതിൽ ബഹുഭൂരിപക്ഷവും പാശ്ചാത്യശക്തികളുടെ അടിമകളോ ആജ്ഞാനുവർത്തികളോ ആണ്. യുദ്ധഭീതി, വംശഹത്യകൾ പിന്നോക്കാവസ്ഥ, ആഭ്യന്തരകുഴപ്പങ്ങൾ, കൊടുംപട്ടിണി, പ്രകൃതിക്ഷോഭങ്ങൾ... മുസ്ലിംകളെ ബാധിക്കാത്ത ദുഃഖങ്ങളും ദുരിതങ്ങളുമുണ്ടോ? അവരുടെ ദേശങ്ങളിൽ കണ്ണീരും ചോരയും ഒഴുകാത്ത നേരമുണ്ടോ.

അല്ലാഹുവിന്റെ ശാപവും കോപവുമേറ്റ ഒരു സമൂഹത്തെപോലെ മുസ്ലിം ലോകത്തെ ഇന്ന് ആഗോളതലം മുതൽ മഹല്ല് വരെ കുഴപ്പവും, ദൈന്യതയും ഗ്രസിച്ചുകഴിഞ്ഞു. മുസ്ലിം ഉമ്മത്തിലെ ദൈവഭക്തരായവർ ഇതൊന്നും കാണുന്നില്ലേ. അല്ലാഹു പറയുന്നു: 'എന്നാൽ അവർ ഭൂമിയിൽ സഞ്ചരിച്ചു നോക്കുന്നില്ലേ? എങ്കിൽ അവർക്ക് ചിന്തിച്ചു മനസ്സിലാക്കുന്ന ഹൃദയങ്ങളും കേട്ടു മനസ്സിലാക്കുന്ന ചെവികളും ഉണ്ടാകുമായിരുന്നു. എന്തെന്നാൽ കണ്ണുകൾ അന്ധമാകുന്നില്ല; പക്ഷേ നെഞ്ചുകളിലുള്ള ഹൃദയങ്ങളാണ് അന്ധമാകുന്നത്. (22:47) ■

ഖുത്വ്ബ

# ഭൂകമ്പം: സേവനനിരതരാവുക പാകിസ്താനുവേണ്ടി പ്രാർത്ഥിക്കുക

## ഖലീഫത്തുൽ മസീഹ് - V

ഓരോ അഹ്മദിയുടേയും മനസ്സിൽ ദുഃഖത്തിന്റേയും വേദനയുടേയും തിരമാല അടിച്ചുയർത്തുന്ന രണ്ട് സംഭവങ്ങൾ കഴിഞ്ഞദിവസങ്ങളിലുണ്ടായി. പാകിസ്താനിലെ അഹ്മദികൾക്ക് ഈ രണ്ട് ആഘാതങ്ങളും വളരെ ബുദ്ധിമുട്ടുണ്ടാക്കുന്നതായിരുന്നു. ഓരോ മനസ്സും അസ്വസ്ഥമായി. ഒരു സംഭവം ഉണ്ടായത് കഴിഞ്ഞ ജുമുഅ ദിവസമായിരുന്നു. ഖുത്ബയുടെ അവസാനം ഞാനതിനെക്കുറിച്ച് പറയുകയും ചെയ്തിരുന്നു. രണ്ടാമത്തെ സംഭവം പിറ്റേന്ന് രാവിലെ ഉണ്ടായ ഭയാനകമായ ഒരു ഭൂകമ്പമായിരുന്നു. അത് വടക്കൻ പാക്കിസ്ഥാനിലും കാശ്മീരിലെ ഒട്ടുമിക്ക സ്ഥലങ്ങളിലും ഭയാനകമായ നാശം വിതച്ചു. ആദ്യത്തെ സംഭവവുമായിട്ടുള്ള ബന്ധം നോക്കുമ്പോൾ, ദൈവികജമാഅത്തിനുമേൽ ഇങ്ങനെയുള്ള പരീക്ഷണം ഉണ്ടാകുന്നതാണെന്ന് നമുക്കറിയാം. എല്ലാ നബിമാരുടെമേലും ബലപ്രയോഗങ്ങളും അക്രമങ്ങളും ഉണ്ടായിട്ടുണ്ട്. അപ്പോഴെല്ലാം അവർ അല്ലാഹുവിന്റെ മുമ്പിൽ വിലപിക്കുകയാണ് ചെയ്തത്. ഒരിക്കലും ക്ഷമയുടെ കോന്തല കൈയിൽനിന്ന് വിട്ടില്ല. ജമാഅത്തിലെ വ്യക്തികളുടെ മേലോ ജമാഅത്തിന്റെമേലോ ഇത്തരം ഘട്ടങ്ങൾ ഉണ്ടായപ്പോഴെല്ലാം, ജമാഅത്തിലെ അംഗങ്ങൾ ക്ഷമയോടും ധൈര്യത്തോടുംകൂടി എല്ലാം സഹിച്ചു എന്നതിന് അഹ്മദിയ്യാ ജമാഅത്തിന്റെ കഴിഞ്ഞ നൂറുവർഷത്തിലധികമായ ചരിത്രം സാക്ഷിയാണ്. ഒരിക്കലും നിയമം അവർ തങ്ങളുടെ കൈയിലെടുത്തില്ല. ഈ ക്ഷമയുടെ ഫലം തന്നെയാണ്, ഇത്തരം ഓരോ സംഭവത്തിനുശേഷവും അല്ലാഹുതആല ജമാഅത്തിനെ ആദ്യത്തെക്കാൾ കൂടുതൽ അനുഗ്രഹിക്കുന്നതും അനുഗ്രഹിച്ചുകൊണ്ടേയിരിക്കുന്നതും. ഇൻശാഅല്ലാഹ്. അതുകൊണ്ട് ഇന്നും ജമാഅത്തംഗങ്ങൾ, പ്രത്യേകിച്ച് ആരുടെ കുട്ടികളും സഹോദരനും ഭർത്താവുമാണോ ശഹീദായത് അവർ അല്ലെങ്കിൽ ആരുടെ ബന്ധു ക്കൾക്കാണോ പരിക്കേറ്റത് അവർ എപ്പോഴും അല്ലാഹുവിന്റെ തിരുസന്നിധിയിൽ കുമ്പിട്ടുകൊണ്ട് ക്ഷമയോടുകൂടി അവന്റെ കരുണയും അനുഗ്രഹവും ചോദിച്ചുകൊണ്ടിരിക്കേണ്ടതാണ്. ശഹീദായ ഈ വ്യക്തികൾ അല്ലാഹുവിന്റെ പക്കൽ അനശ്വരമായ ജീവിതം പ്രാപിച്ചുകഴിഞ്ഞിരിക്കുന്നു. അഹ്മദിയ്യാ ജമാഅത്തിന്റെ ചരിത്രത്തിന്റെ ഭാഗമായികഴിഞ്ഞിരിക്കുന്നു. ഇവരെ വരും തലമുറ എന്നെന്നും സ്മരിക്കുന്നതാണ്. ഞാനോതിയ വചനങ്ങളിൽ ഈ വിഷയം തന്നെയാണ് അല്ലാഹു പറഞ്ഞിട്ടുള്ളത്. 'അല്ലാഹുവിന്റെ മാർഗ്ഗത്തിൽ വധിക്കപ്പെടുന്നവരെ സംബന്ധിച്ച് മരിച്ചവർ എന്ന് നിങ്ങൾ പറയരുത്. അവർ മരിച്ചവരല്ല. എന്നാൽ, നിങ്ങളത് ഗ്രഹിക്കുന്നില്ലെന്ന് മാത്രം.' അല്ലാഹുവിന്റെ പക്കൽ എത്ര വലിയ ബഹുമതിയാണ് അവർക്കുള്ളത്. അവർ അനശ്വരമായ ജീവിതം പ്രാപിക്കുന്നവരാണ്. അതു കൊണ്ടുതന്നെ മോങ്കിലെ ഈ എട്ട് ശഹീദുമാരും, അല്ലാഹുവിന്റെ സ്നേഹദൃഷ്ടി കരസ്ഥമാക്കുന്നവരാണ്. റമസാൻ ആരംഭിക്കുന്നതിന് കുറച്ചു ദിവസം മുമ്പേ ഒന്നോ ഒന്നരയോ മാസം മുമ്പേ കോയിട്ട എന്ന സ്ഥലത്തും ഒരു ശഹാദത്തുണ്ടായി. ഇങ്ങനെ ഇടയ്ക്കിടെ ഒന്നും ഒറ്റയും സംഭവങ്ങൾ അവിടെ ഉണ്ടായിക്കൊണ്ടിരിക്കുന്നു. അവരുടെ മക്കളേയും എല്ലാവരും ദുആയിൽ ഓർക്കണം.

ഭൂകമ്പം ഉണ്ടായതു മുതൽ അഹ്മദികളും പാകിസ്താനിലെ അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തുകളും കഴിവിന്നനുസരിച്ച് ദുരിതബാധിതരെ സഹായിക്കാൻ ശ്രമിച്ചുവരുന്നു. പക്ഷേ, എന്നാലും ഞാൻ ഓരോ പാക്കിസ്ഥാനി അഹ്മദിയോടും ഭവനരഹിതരായി, തുറന്ന ആകാശത്തിൻകീഴിൽ കിടക്കുന്ന ഈ ലക്ഷക്കണക്കിന്നാളുകളെ സഹായിക്കാൻ അഭ്യർത്ഥിക്കുകയാണ്. വിദേശത്ത് വസിക്കുന്ന പാകിസ്താനി അഹ്മദികളും ഇവരുടെ പുനരധിവാസത്തിനുവേണ്ടി പാക്കിസ്താൻ സർക്കാരിനെ സഹായിക്കേണ്ടതാണ്. അവിടത്തെ എംബസികൾ എവിടെയെല്ലാം ഫണ്ട് ശേഖരിക്കുന്നതിനുള്ള ഏർപ്പാട് ചെയ്തിട്ടുണ്ടോ, അല്ലെങ്കിൽ ഹ്യൂമാനിറ്റി ഫസ്റ്റ് ഏർപ്പാട് ചെയ്തിട്ടുണ്ടോ അവിടെ പോയി സഹായം കൊടുക്കാവുന്നതാണ്. നമ്മുടെ ഉത്തരവാദിത്തങ്ങൾ പല രീതിയിലാണുണ്ടാകുന്നത്. മനുഷ്യനെന്ന നിലയിൽ, ഞാൻ പറഞ്ഞതുപോലെ ഒരഹ്മദിയ്ക്കാണ് മനുഷ്യത്വത്തെക്കുറിച്ച് ഏറ്റവും നന്നായി അറിയുന്നത്. മനുഷ്യഭാവത്തിന്റെ ഏറ്റവും വലിയ ഉപകാര ശീലത്തെ സ്നേഹിക്കുന്നവരാണെന്നുള്ളതാണ് നമ്മുടെ വാദം. അതുകൊണ്ട് ഇന്നത്തെ ദുഃഖിതയായ മനുഷ്യർ

നമ്മെ വിളിക്കുന്നുവെങ്കിൽ, അതിനെ സഹായിക്കാൻ നാം മുൻപന്തിയിൽ വരേണ്ടതാണ്. ഞാൻ പാകിസ്താനി യായതുകൊണ്ട് പാകിസ്താനെ സഹായിക്കുക എന്നല്ല പറയുന്നത്. ഇന്തോനേഷ്യയിൽ ഭൂകമ്പമുണ്ടായി. നാം അവിടെ സഹായമെത്തിച്ചു. ഇറാനിലും ജപ്പാനിലും മറ്റു സ്ഥലങ്ങ ളിലുമെല്ലാം നാം സഹായമെത്തിച്ചി ട്ടുണ്ട്. പക്ഷേ, ഇവിടെയുള്ളവരിൽ അധികവും പാകിസ്താനികളാണ്. അതുകൊണ്ട്, അവർ എന്തായാലും അവരുടെ നാട്ടിനെ സഹായിക്കുക തന്നെ വേണം.

നമ്മൾ അല്ലാഹുവിനുവേണ്ടി പ്രവർത്തിക്കുന്നവരാണെന്ന് ഒന്നാമ തായി ഓർക്കുക. നമുക്ക് ഒരു പേരും പെരുമയും വേണ്ട. ആരിൽനിന്നും നാം പ്രതിഫലം ആഗ്രഹിക്കുന്നുമില്ല. ദുഃഖിതരായ ജനങ്ങളെ സഹായി ക്കുക എന്നതുമാത്രമാണ് നമ്മുടെ ലക്ഷ്യം. എങ്കിലും ചിലയാളുകളുടെ തൃപ്തിക്കായി ചുരുക്കി ചില കാര്യ ങ്ങൾ പറയാം. ചില സ്ഥലങ്ങളിൽ ആദ്യമെത്തിയത് നമ്മുടെ ടീമാ ണെന്ന് ഞാൻ പറഞ്ഞുവല്ലോ. എന്താണോ തങ്ങളെക്കൊണ്ട് ചെയ്യാൻ കഴിഞ്ഞത് അതവർ ചെയ്തു. പിന്നീട് ആപത്തിനുമേൽ ആപത്ത് എന്ന അവസ്ഥയായിരുന്നു ഉണ്ടായിരുന്നത്. അതായത് ഭൂകമ്പ ത്തിനുശേഷം കനത്ത മഴ, കൂടാതെ ആലിപ്പഴം വീഴാനും തുടങ്ങി. വീടു കളൊന്നും ബാക്കിയായിരുന്നില്ല. രക്ഷപ്പെട്ടവർ തണുപ്പത്ത് കിടന്നു. വിശപ്പും ദാഹവും അവരെ പിടികൂ ടി. വിശപ്പും ദാഹവും അകറ്റുന്നതി നുവേണ്ടി അരികൊടുത്തതുകൊണ്ട് ഒരു പ്രയോജനവുമില്ലായിരുന്നു. നല്ല മഴയായതുകൊണ്ട് പാകം ചെയ്യാൻ വിറക് കത്തുമായിരുന്നില്ല.

പാകിസ്താനിലെ പത്രങ്ങളി ലൂടെ ചില മുസ്ലിം പണ്ഡിതന്മാർ പറയുന്നത് ഇത് അല്ലാഹുവിൽനി ന്നുള്ള വാണിംഗ് ആണെന്നാണ്. അതുകൊണ്ട് അല്ലാഹുവിനുവേണ്ടി പരസ്പരം സ്നേഹിക്കുക. എന്തി നാണ് ഈ വാണിംഗ് ഇപ്പോൾ വന്ന തെന്നും മനസ്സിലാക്കുക. അല്ലാഹു വിന്റെ വെറുപ്പിൽനിന്ന് എപ്പോഴും അവനോടുതന്നെ അഭയം തേടുക. നബി(സ) തിരുമേനി ചെയ്ത ഒരു ദുആ ഒരു ഹദീസിൽ ഇങ്ങനെ വന്നി രിക്കുന്നു.

"അല്ലാഹുവേ, ഞാൻ നിന്റെ വെറു പ്പിൽനിന്ന് നിന്റെ തൃപ്തിയുടെ വഴി യിലേക്ക് വരുന്നു. നിന്റെ ശിക്ഷയിൽ നിന്ന് നിന്റെ മാപ്പിന്റെ അഭയത്തി ലേക്ക് വരുന്നു. ഞാൻ നിന്നോട് നിന്റെ അഭയം തേടുന്നു. നിന്നെക്കു റിച്ചുള്ള നിർവചനങ്ങൾ എണ്ണിക്കണ ക്കാക്കാൻ എനിക്ക് കഴിയില്ല. നീ സ്വയം നിന്നെക്കുറിച്ച് നിർവചിച്ചതു പോലെതന്നെയാണ് നീ എന്ന കാര്യ ത്തിൽ ഒരു സംശയവുമില്ല."

നബി(സ) തിരുമേനി കാർമേഘം കാണുമ്പോൾ വല്ലാത്ത അസ്വസ്ഥതയിലാകുമായിരുന്നു. ഇതിനെ സംബന്ധിച്ച് ഒരു നിവേദന ത്തിൽ വന്നിരിക്കുന്നു. ഹസ്റത്ത് ആയിശ(റ) നിവേദനം ചെയ്യുന്നു: ചുഴലിക്കാറ്റിന്റേയും കാർമേഘത്തി ന്റേയും ലക്ഷണം നബി കരിം(സ) കണ്ടാൽ അവിടത്തെ മുഖകമല ത്തിന്റെ അവസ്ഥ മാറുമായിരുന്നു. ഞാനൊരിക്കൽ ചോദിച്ചു. അല്ലാഹു വിന്റെ റസൂലേ! ആളുകൾ കാർമേഘം കാണുമ്പോൾ മഴയുണ്ടാ കുമല്ലോ എന്നോർത്ത് സന്തോഷിക്കു ന്നു. എന്നാൽ അങ്ങ് കാർമേഘം കാണുമ്പോൾ പരിഭ്രമിക്കുന്നതായി ഞാൻ കാണുന്നു. അവിടന്ന് പറഞ്ഞു: ആയിശാ! ഒരു ജനത നശിക്കാൻ കാരണമായതുപോലുള്ള എന്തെങ്കിലും കാര്യം ഈ ചുഴലിക്കാ റ്റിൽ മറഞ്ഞിരിപ്പുണ്ടോ എന്ന് ആർക്കാണ് അറിയുക? ഇത് കാർമേ ഘമാണെന്നും പെയ്തുമാറുമെന്നും ശിക്ഷ കണ്ട ഒരു ജനത പറഞ്ഞിരു ന്നു. എന്നാൽ അതേ കാർമേഘം വേദനാജനകമായ ശിക്ഷയായി അവ രുടെ മേൽ പതിച്ചു. ഏത് അവാന്തര വിഭാഗവുമായി ബന്ധം വയ്ക്കുന്ന മുസ്ലിംകളായാലും അവരോടെല്ലാം നാം പറയുന്നത് നബിതിരുമേനി യുടെ ഈ മാതൃക എപ്പോഴും മു ന്നിൽ വയ്ക്കണമെന്നും എപ്പോഴും അല്ലാഹുവിനോട് പൊറുക്കലിനെ തേടണമെന്നും അവന്റെ അഭയത്തി ലേക്ക് വരാൻ ശ്രമിക്കണമെന്നുമാണ്.

വേറൊരു നിവേദനത്തിൽ വന്നി രിക്കുന്നു. നബി(സ) തിരുമേനി ഒരു ദുആയെക്കുറിച്ച് ഇങ്ങനെ പറഞ്ഞു: ഹസ്റത്ത് അബ്ദുല്ലാബിൻ ഉമർ പറ യുന്നു: ഇടിയോ മറ്റോ കേട്ടാൽ നബി(സ) തിരുമേനി ഇങ്ങനെ പ്രാർത്ഥിക്കുമായിരുന്നു. അല്ലാഹു വേ, ഞങ്ങളെ നിന്റെ കോപത്താൽ വധിക്കരുതേ, നിന്റെ ശിക്ഷയെ ക്കൊണ്ട് ഞങ്ങളെ നശിപ്പിക്കുകയും ചെയ്യരുതേ, അതിനുമുമ്പേ ഞങ്ങളെ രക്ഷിക്കേണമേ.

ഹസ്റത്ത് ആയിശ(റ) പറ യുന്നു: ചുഴലിക്കാറ്റടിക്കുമ്പോൾ നബി(സ) തിരുമേനി ഇങ്ങനെ പ്രാർത്ഥിക്കുമായിരുന്നു. അല്ലാഹു വേ, ഞാൻ ഈ ചുഴലിക്കാറ്റിന്റെ ആന്തരികവും ബാഹ്യവുമായ നന്മയെ ആഗ്രഹിക്കുന്നു. ഇത് ഏതൊരു നന്മയും കൊണ്ടാണോ അയക്കപ്പെട്ടിട്ടുള്ളത് അതും ഞാൻ ആഗ്രഹിക്കുന്നു. ഞാൻ അതിന്റെ ആന്തരികവും ബാഹ്യവുമായ ഉപദ്ര വങ്ങളിൽ നിന്നും അഭയം തേടുന്നു. ഏതൊരു ഉപദ്രവം കൊണ്ടാണോ ഇത് അയക്കപ്പെട്ടിരിക്കുന്നത് അതിൽ നിന്നും അഭയം തേടുന്നു.

ഇക്കാര്യം ഓരോ അഹ്മദിയും അറിഞ്ഞിരിക്കേണ്ടതാണ്. ആപത്തു കൾ വരുമ്പോൾ സ്വയം സംരക്ഷണ ത്തിനുവേണ്ടിയും ജനങ്ങളുടെ സംര ക്ഷണത്തിനു വേണ്ടിയും പ്രാർത്ഥി ക്കേണ്ടതാണ്. മസീഹ് മൗഊദ്(അ) ജനങ്ങളുടെ സുരക്ഷിതത്തിനുവേണ്ടി തന്നെയായിരിക്കും ദുആ ചെയ്തിട്ടു ണ്ടാവുക.

ഓരോ അഹ്മദിയും ഈ വിപ ത്തിൽനിന്ന് അല്ലാഹുവിനോട് അഭയം തേടേണ്ടതാണ്. അതിന്റെ ഉപദ്രവങ്ങളിൽനിന്ന് സുരക്ഷിതരായി രിക്കുന്നതിനു വേണ്ടി പ്രാർത്ഥിക്കേ ണ്ടതാണ്. നബി(സ) തിരുമേനി

*(ശേഷം 42-ാം പേജിൽ)*

## ലേഖനം

# അബോറിജിനുകളുടെ ദൈവ വിശ്വാസം

ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ്

**സോഷ്യോളജിസ്റ്റുകൾ പറയുന്നത് പോലെ പ്രകൃതിവസ്തുക്കളെ ആരാധിക്കുന്നതിൽ നിന്നും ക്രമേണ പരിണമിച്ചാണ് ഏകദൈവവിശ്വാസം ഉണ്ടായതെങ്കിൽ ലക്ഷത്തോളം വർഷം പഴക്കമുണ്ടെന്ന് പറയപ്പെടുന്ന ആസ്ത്രേലിയയിലെ ആദിവാസികളായ അബോറിജിനുകളുടെ പ്രാകൃത മതത്തിൽ എങ്ങിനെ ഏകദൈവവിശ്വാസം കടന്നുകൂടി?**

ദൈവ വിശ്വാസം എന്ന ആശയം ക്രമേണ പരിണമിച്ചുണ്ടായതാണെന്ന സോഷ്യോളജിസ്റ്റുകളുടെ സങ്കല്പത്തെ ആസ്ത്രേലിയായിലെ അബോറിജിനുകളുടെ മതവിശ്വാസത്തെ മുൻനിർത്തി നാമിവിടെ വിമർശനാത്മകമായി പരിശോധിക്കാൻ ഉദ്ദേശിക്കുന്നു. സോഷ്യോളജിസ്റ്റുകളുടെ അന്വേഷണ രീതിയിൽ ഉള്ളടങ്ങിയിരിക്കുന്ന അബദ്ധങ്ങൾ ഈ പഠനങ്ങൾ വെളിപ്പെടുന്നതാണ്. ദൈവം ഇല്ല എന്ന് ഉറച്ച മുൻധാരണയോടെയാണ് അവരുടെ അന്വേഷണം ആരംഭിക്കുന്നത്. അന്വേഷണം ആരംഭിക്കുന്നതിന് മുമ്പു തന്നെ വിധിപ്രസ്താവം നടത്തുന്നതിനെ സുബോധമുള്ള ഒരു മനുഷ്യനും ശാസ്ത്രീയമെന്ന് പറയാൻ സാധ്യമല്ല. അനിഷേധ്യമായ ആസ്ത്രേലിയൻ തെളിവുകളെ അഭിമുഖീകരിക്കേണ്ടിവരുമ്പോൾ അവരുടെ വൈരുദ്ധ്യങ്ങൾ മറനീക്കി പുറത്തുവരുന്നു. അന്വേഷണം ആരംഭിക്കുന്നതിന് മുമ്പ് അന്വേഷണ തത്വങ്ങൾ വ്യക്തമായി നിർണ്ണയിക്കണം. പക്ഷേ സോഷ്യോളജിസ്റ്റുകൾ അന്വേഷണ തത്വങ്ങൾ എന്താണെന്ന് നിർവ്വചിക്കുകയോ അതിന്റെ ഉദ്ദേശ്യം എന്താണെന്ന് വ്യക്തമാക്കുകയോ ചെയ്യാനുള്ള യാതൊരുശ്രമവും നടത്തിയിട്ടില്ല. അവർക്കറിയാവുന്ന ഏക തത്ത്വം ദൈവം ഇല്ല എന്ന കാര്യം മാത്രമാണ്. അവരുടെ അന്വേഷണത്തിന്റെ ഉദ്ദേശ്യം ദൈവം ഇല്ലാതിരിക്കെ ആളുകൾ എന്തുകൊണ്ട് ദൈവത്തെയോ ദൈവികബിംബങ്ങളെയോ ആരാധിക്കുന്നു എന്ന് അന്വേഷിക്കുക മാത്രമാണ്. അതായത് ഒടുവിൽ ദൈവത്തെ സൃഷ്ടിക്കപ്പെടുന്ന അന്ധവിശ്വാസങ്ങളുടെ വളർച്ചാ പരിണാമം മാത്രമാണ് അവരുടെ അന്വേഷണത്തിന്റെ ഒരേയൊരു വിഷയം.

ഇത് പ്രതിപാദിക്കുമ്പോൾ വായനക്കാരന്റെ ശ്രദ്ധയെ ആസ്ത്രേലിയൻ ഭൂഖണ്ഡത്തിലെ മതചരിത്രത്തിലേക്ക് കൊണ്ടുപോകേണ്ടതുണ്ട്. ഈ ഭൂഖണ്ഡത്തിലെ സാംസ്കാരിക-സാമൂഹ്യ-മത ചരിത്രം ചുരുങ്ങിയത് ഇരുപത്തിഅയ്യായിരം വർഷം പഴക്കമെങ്കിലും ഉള്ളതാണെന്ന് നമുക്ക് കണ്ടെത്താനാവും. പല പണ്ഡിതന്മാരും അത് നാൽപതിനായിരമോ അതിനപ്പുറം വരെ ആകാമെന്നു പറയുന്നു. ആസ്ത്രേലിയൻ മതചരിത്രത്തെ സംബന്ധിച്ച് ചില ഗവേഷകന്മാരുടെ അഭിപ്രായ പ്രകാരം ഇടമുറിയാത്തതും, കലർപ്പില്ലാത്തതും പുറമെ നിന്ന് യാതൊരു ഇടപെടലില്ലാത്തതുമായ ഒരു ലക്ഷത്തിമുപ്പതിനായിരം വർഷത്തെ അതിപുരാതനമായ മതചരിത്രം അതിന്നുണ്ടെന്നതാണ്.

പുറം ലോകത്തു നിന്നും പരിപൂർണ്ണമായും ഒറ്റപ്പെട്ട ഒരു ഭൂഖണ്ഡം എന്ന നിലക്ക് മാത്രമല്ല ആ ഭൂഖണ്ഡത്തിലുള്ള നൂറുകണക്കിന് സാമൂഹിക ദ്വീപുകൾ കൊണ്ടു കൂടിയാണ് ആസ്ത്രേലിയ അതുല്യമാവുന്നത്. അതായത് ഓരോ സാമൂഹിക

ദ്വീപും മറ്റുള്ളവരിൽ നിന്നും തികച്ചും ഒറ്റപ്പെട്ട ഗോത്രസമൂഹങ്ങൾ ഉൾക്കൊള്ളുന്നതാണ്. അത്തരത്തിലുള്ള അഞ്ഞൂറു മുതൽ അറുനൂറ് വരെയുള്ള ഗോത്ര സമൂഹങ്ങൾ അവിടെയുണ്ട്. അവർക്കെല്ലാം തന്നെ ഇരുപത്തിഅയ്യായിരം മുതൽ നാല്പതിനായിരം വർഷം പഴക്കമുള്ള സാമൂഹികവും മതപരവുമായ വികാസത്തിന്റെ സ്വതന്ത്രമായ ചരിത്രവുമുണ്ട്. ഓരോ ഗോത്ര വർഗ്ഗത്തിന്റെയും അതിർത്തികളിൽ വെച്ച് വളരെ അപൂർവ്വം സന്ദർഭങ്ങളിലുണ്ടായ നാമമാത്രമായ സമ്പർക്കങ്ങളൊഴികെ ഈ കാലഘട്ടങ്ങളിൽ മുഴുക്കെ ഈ ഗോത്ര സമൂഹങ്ങളെല്ലാം ഒറ്റതിരിഞ്ഞാണു ജീവിച്ചത്.

അത്തരം സമ്പർക്കങ്ങൾ തന്നെ വളരെ ഹ്രസ്വമായിരുന്നു എന്ന് മാത്രമല്ല അതൊന്നും തന്നെ അവരുടെ ആശയം, വിശ്വാസം, ഇതിഹാസങ്ങൾ എന്നിവയിൽ പരസ്പരം യാതൊരു സ്വാധീനവും ചെലുത്തത്തക്കതല്ലായിരുന്നു. അവരുടെ ഭാഷാപരമായ തടസ്സംകൊണ്ട് മാത്രമായിരുന്നില്ല ഇങ്ങിനെ സംഭവിച്ചത്. പുറത്തുനിന്നുള്ളവരുമായി വിനിമയം നടത്താനോ സാമൂഹികവത്കരണത്തിന് വിധേയമാവാനോ അവർക്ക് പാരമ്പര്യമായുണ്ടായിരുന്ന വിരക്തി കൊണ്ടു കൂടിയായിരുന്നു ഇത്. മറ്റുള്ളവരുമായി ആശയ വിനിമയങ്ങൾ നടത്തുന്നതിന് ഇതായിരുന്നു തടസ്സമായി വർത്തിച്ചത്.

ദൈവത്തെ നിഷേധിച്ചുകൊണ്ടു തുടങ്ങുന്ന സോഷ്യോളജിസ്റ്റുകളുടെ വീക്ഷണത്തിൽ വല്ല കഴമ്പും ഉണ്ടായിരുന്നുവെങ്കിൽ പ്രകൃതി വസ്തുക്കളെ ആരാധിച്ചുകൊണ്ട് തുടങ്ങുകയും അവസാനം പരമോന്നതനായ ഏകദൈവത്തിൽ എത്തിച്ചേരുകയും ചെയ്തു എന്നുപറയപ്പെടുന്ന സാർവ്വജനീനമായ പ്രവണത ഓരോ അബോറിജിൻ ഗോത്രങ്ങളിലും കാണപ്പെടേണ്ടതുണ്ട്. നാം കണ്ടെത്തുന്നതാവട്ടെ സോഷ്യോളജിസ്റ്റുകളുടെ അന്തസ്സാര ശൂന്യമായ പൊള്ളത്തരങ്ങളിൽ നിന്നും വിഭിന്നമായ മറ്റൊരു കഥയാണ്.

ആസ്ത്രേലിയയിലെ എല്ലാ ഗോത്രവർഗ്ഗങ്ങളിലും സർവ്വ സൃഷ്ടിയുടെയും ആദികാരണമായ ഒരു പരമോന്നത ശക്തിയെക്കുറിച്ചുള്ള വിശ്വാസം നിലനിൽക്കുന്നുണ്ട്. ആ ശക്തിയെപ്പറ്റിയുള്ള അബോറിജിനുകളുടെ വിവരണങ്ങളിലും സാങ്കേതിക സംജ്ഞകളിലും നിസ്സാരമായ വ്യത്യാസങ്ങളുണ്ടെങ്കിലും ആന്ത്രോപോളജിസ്റ്റുകളുടേയും സോഷ്യോളജിസ്റ്റുകളുടെയും ഏകകണ്ഠമായ അഭിപ്രായം അവരെല്ലാം തന്നെ ഒരുപോലെ 'ഉന്നതദൈവങ്ങൾ'* (High Gods) എന്ന് വിളിക്കപ്പെടുന്ന ആത്യന്തികമായ ഒരു ആദികാരണത്തിന്റെ അസ്തിത്വത്തിൽ വിശ്വസിക്കുന്നു എന്നാണ്. ആ പരമോന്നത ശക്തിയുടെ മറ്റൊരു പേരാണ് അല്ലാഹു, ദൈവം, ബ്രഹ്മാവ്, പരമാത്മാവ് എന്നൊക്കെ.

മറ്റെന്തൊക്കെ അന്ധവിശ്വാസങ്ങൾ അവർ വെച്ചു പുലർത്തുന്നുണ്ടെങ്കിലും ഒരു പരമോന്നത സ്രഷ്ടാവിനെ സംബന്ധിച്ച കേന്ദ്രതത്വം യാതൊരു ഭംഗവും കൂടാതെ അവർ വിശ്വസിക്കുന്നു. അന്ധവിശ്വാസങ്ങൾ ഗോത്രങ്ങൾ തോറും മാറി മാറി വരുന്നു. പക്ഷേ അവരുടെ ഏക ദൈവത്തിലുള്ള വിശ്വാസം മാറുന്നില്ല. ദൈവ വിശ്വാസത്തിലേക്കുള്ള ക്രമികമായ പരിണാമത്തെ സംബന്ധിച്ചുള്ള യാതൊരു തെളിവും സോഷ്യോളജിസ്റ്റുകൾക്ക് ആസ്ത്രേലിയയിൽ ഒരിടത്തുനിന്നും ലഭിച്ചിട്ടില്ല. ദൈവത്തെ സംബന്ധിച്ച വീക്ഷണത്തിന് ആസ്ത്രേലിയൻ ഗോത്രവർഗ്ഗങ്ങൾക്കിടയിൽ നിലനിൽക്കുന്ന വ്യത്യസ്തതകൾ അവരുടെ വിവരണങ്ങളുടെ രീതിയിൽ മാത്രമാണ്. ഉദാഹരണത്തിന് വിഇംബായിയോ (Wiimbaio) ഗോത്രം വിശ്വസിക്കുന്നത് ദൈവം ഭൂമി ഉണ്ടാക്കുന്ന ക്രിയയിൽ ഏർപ്പെട്ടുകൊണ്ടിരിക്കെ ആ ജോലി മുഴുമിപ്പിക്കാതെ പണി നിർത്തിവെച്ച് നക്ഷത്രവ്യൂഹങ്ങൾക്കിടയിലേക്ക് പിന്മാറുകയുണ്ടായി എന്നാണ്. അപ്രകാരം തന്നെ വൊട്ജോബലൂക് (Wotjobaluk) ഗോത്രത്തിന്റെ വിശ്വാസപ്രകാരം പരമോന്നത ശക്തിയെന്ന് വിശ്വസിക്കപ്പെടുന്ന 'ബുൻജിൽ' (Bunjil) ഒരിക്കൽ ഭൂമിയിൽ മഹാനായ ഒരു മനുഷ്യനായി ജീവിച്ച ആളായിരുന്നു. പക്ഷേ അവസാനം ആകാശത്തേക്ക് ആരോഹണം ചെയ്യുകയുണുണ്ടായത്.' 1.

ഈ വിശ്വാസങ്ങളിലെ ദൈവം, അത് മനുഷ്യരൂപമുള്ളതാകട്ടെ, അപ്രധാനമുള്ളതാകട്ടെ, അല്ലെങ്കിൽ വിശ്വാസത്തിന്റെ കേന്ദ്രതത്വമാവട്ടെ. അവരുടെ വിശ്വാസത്തെക്കുറിച്ച് പ്രതിപാദിക്കുമ്പോഴെല്ലാം സോഷ്യോളജിസ്റ്റുകൾ പലപ്പോഴും അഞ്ഞൂറിൽ പരമുള്ള ആസ്ത്രേലിയയിലെ ഗോത്രവർഗ്ഗങ്ങളെല്ലാം ശാശ്വതനായ ഒരു സ്രഷ്ടാവിൽ വിശ്വസിക്കുന്നു എന്ന കാര്യം വായനക്കാരനോടു പറയാൻ പലപ്പോഴും മറന്നുപോകുന്നു. മറ്റൊരു കാര്യം അവരുടെ വിശ്വാസത്തിന്റെ കേന്ദ്ര തത്വമെന്തെന്നാൽ ഭൂമിയും അതിലടങ്ങിയിരിക്കുന്നതെല്ലാം തന്നെ പരമോന്നതനായ ദൈവത്തോടൊപ്പം എന്നെന്നും ശാശ്വതമായി നിലനിൽക്കുന്നില്ല എന്നതാണ്.

അബോറിജിനുകൾക്കിടയിലുള്ള ദൈവ വിശ്വാസം എങ്ങിനെ ഉടലെടുത്തുവെന്നതിനെക്കുറിച്ച് നരവംശശാസ്ത്രജ്ഞന്മാരിൽ (ആന്ത്രോപോളജിസ്റ്റു) തന്നെ അഭിപ്രായ വ്യത്യാസങ്ങളുണ്ട്. ആസ്ത്രേലിയയിൽ ഗോത്ര വർഗ്ഗങ്ങളുടെ സമുന്നതനായ ദൈവങ്ങൾ മറ്റുപാരമ്പര്യ മതവിശ്വാസങ്ങളിലെ പരമോന്നതനായ ദൈവം തന്നെയാണോ എന്ന കാര്യത്തിൽ ആന്ത്രോപോളജിസ്റ്റുകൾ സംശയിക്കുകയാണ്. കാരണം

* High Gods (സമുന്നത ദൈവങ്ങൾ) എന്ന ഈ സംജ്ഞ ബഹു ദൈവങ്ങളെയല്ല സൂചിപ്പിക്കുന്നത്. അബോറിജിനുകളെ സംജ്ഞകളിൽ ഏകനായ പരമോന്നത ദൈവത്തെ കുറിക്കുന്നതാണ് 'സമുന്നത ദൈവങ്ങൾ ' (High Gods) അവരുടെ സ്ഥിരമായ ഈ വിശേഷണം ബഹുവചനത്തിൽ അഭിസംബോധന ചെയ്യുന്നത് ദൈവത്തോടുള്ള ബഹുമാനം കൊണ്ടാണ്.

പ്രാകൃതരും താഴ്ന്ന വർഗ്ഗക്കാരുമായ ഈ ആസ്ത്രേലിയൻ ആദിവാസികളുടെ വിശ്വാസത്തിൽ എങ്ങിനെയാണ് ഇത്തരത്തിലുള്ള ഉന്നതമായ ഒരു വിശ്വാസം കടന്നുകൂടാൻ സാധിച്ചു എന്നതിനെപ്പറ്റി അവർക്ക് വിശ്വസിക്കാനുള്ള പ്രയാസം കൊണ്ടാണ് ഈ സംശയങ്ങൾ.

അവരുടെ അസംബന്ധജടിലമായ നിലപാട് സ്വയം തന്നെ അവർക്കെതിരെ തെളിവ് നൽകുന്നു. കാരണം സംഭവിക്കണമെന്ന് അവർ കരുതുന്ന യാതൊന്നും സംഭവിക്കാത്തതിനാൽ അവർക്ക് അതിൽ വിശ്വസിക്കാൻ കഴിയുന്നില്ല. ഇതാണ് അവരുടെ വാദമുഖത്തിന്റെ ഏറ്റവും വിഷമകരമായ വശം. ഇത് അവരുടെ മുൻവിധി തുറന്നുകാട്ടുന്നു. ആസ് ത്രേലിയയിലെ അബോറിജിനുകൾ ക്കിടയിലുള്ളതുപോലെയുള്ള ആദിമ സമൂഹങ്ങളിൽ വരെ തുടക്കം മുതൽ തന്നെ ഏക ദൈവ വിശ്വാസം കാണപ്പെടുന്നുവെങ്കിൽ പ്രാകൃതമായ അന്ധവിശ്വാസങ്ങളിൽ നിന്നും മിത്തിൽ നിന്നുമല്ല ദൈവത്തിന്റെ ആശയം രൂപം കൊണ്ടത് എന്ന ആശയം സമ്മതിക്കുകയല്ലാതെ സോഷ്യോളജിസ്റ്റുകൾക്കും ആന്ത്രോപോളജിസ്റ്റുകൾക്കും മറ്റു വഴിയില്ല. അതിനു പകരം അവരിൽ നിന്നു ബാലിശവും ദുർവ്വാശിയുള്ളതുമായ പ്രതികരണം ഇങ്ങിനെയാണ്: അത് അങ്ങിനെ സംഭവിച്ചിരിക്കാനിടയില്ലാത്തതിനാൽ ഞങ്ങൾക്ക് അത് വിശ്വസിക്കാൻ കഴിയുന്നില്ല എന്നാണ്.

ഈ വിഷമ പ്രശ്നം ഒഴിവാക്കാൻ വേണ്ടി ഇ. ബി. ടെയ്‌ലർ (E. B. Tylor) എന്ന നരവംശ ശാസ്ത്രജ്ഞൻ ആസ്ത്രേലിയൻ തെളിവുകളെ തമസ്കരിക്കാൻ ഒരു ഒഴിവ് കഴിവ് കണ്ടുപിടിക്കുകയുണ്ടായി. Journal of Anthropological Institute (1891) എന്ന പ്രസിദ്ധീകരണത്തിൽ Limits of Savage Religion (പ്രാകൃതമതത്തിന്റെ പരിമിതി) എന്ന തന്റേ ലേഖനത്തിൽ ഒരു പുതിയ ആശയം അദ്ദേഹം സമർപ്പിക്കുകയുണ്ടായി. അതായത് ആസ്ത്രേലിയൻ ഗോത്ര മതങ്ങളിലെ 'ഹൈ ഗോഡ്സ്' (High Gods) എന്ന ആശയം ക്രിസ്ത്യൻ മിഷനറിമാരുടെ സ്വാധീനഫലമാണെന്നാണ് അദ്ദേഹത്തിന്റെ അഭിപ്രായം. തികച്ചും അസംബന്ധ ജടിലമായ ഒരു അഭിപ്രായമാണിത്. ക്രിസ്തുമതത്തിന്റെ ആസ്ത്രേലിയായിലെ പ്രവർത്തനങ്ങളെല്ലാം ചരിത്ര വസ്തുതകളിലധിഷ്ഠിതമാണ്.

തീർച്ചയായും ക്രിസ്ത്യൻ മിഷനറിമാരോ അല്ലെങ്കിൽ പടിഞ്ഞാറൻ കുടിയേറ്റക്കാരോ വരുന്നതിന് മുമ്പ് തെക്ക് കിഴക്കൻ ആസ്ത്രേലിയയിലെ ഗോത്രവർഗ്ഗങ്ങൾക്കിടയിൽ അനശ്വരനായ ഏക ദൈവത്തിന്റെ വിശ്വാസമുണ്ടായിരുന്നതായി എ. ഡബ്ല്യൂ. ഹോവിറ്റ് (A. W. Howit) എന്ന മറ്റൊരു പരിണാമവാദി ചൂണ്ടിക്കാട്ടുകയും ടെയ്‌ലറുടെ അവകാശവാദം പൂർണ്ണമായും തള്ളിക്കളയുകയും ചെയ്തു. വിചിത്രമെന്ന് പറയട്ടെ, ക്രിസ്ത്യൻ മിഷനറിമാർ ഏക ദൈവ വിശ്വാസത്തിന്റെ വിത്തു വിതച്ചു എന്ന വിചിത്ര കല്പന ശ്രദ്ധയിൽ പെടുത്തുന്നതിൽ അദ്ദേഹം പരാജയപ്പെട്ടാൽ പോലും ആ അവകാശവാദം ഒറ്റയടിക്ക് കയ്യോടെ തന്നെ തള്ളിക്കളയാവുന്നതാണ്. കാരണം ആസ്ത്രേലിയൻ ഭൂഖണ്ഡത്തിലാകെ എവിടെയും തന്നെ അബോറിജിനുകൾ സാർവ്വ ലൗകികമായി ബഹുമാനിക്കുന്ന ദൈവ സങ്കല്പത്തിൽ ത്രിത്വത്തിന്റെ യാതൊരു അടയാളവും കാണാനില്ലായിരുന്നു.

ഹോവിറ്റ് അനുഭവ സാക്ഷ്യങ്ങളിലധിഷ്ഠിതമായ വിശദമായ പഠനം നടത്തിയെങ്കിലും അദ്ദേഹം തന്റെ യുക്തിപൂർണവും വസ്തുനിഷ്ഠവുമായ നിഗമനത്തിലെത്താൻ സ്വന്തം ഗവേഷണത്തിൽ മുന്നോട്ടു പോകുന്നതിൽ വിമുഖത കാട്ടിയതായിട്ടാണ് കാണപ്പെടുന്നത്. എങ്കിലും 1904 ൽ അദ്ദേഹം എഴുതിയ പുസ്തകത്തിൽ അബോറിജിനുകൾ ഒരു സകലപിതാവിൽ (All Father) വിശ്വസിക്കുന്നതായി അദ്ദേഹം എഴുതി:

'ആ സകല പിതാവ്' തീർച്ചയായും അനശ്വരനാണ്. എല്ലാറ്റിന്റേയും തുടക്കത്തിൽ തന്നെ അവന്റെ അസ്ഥിത്വമുണ്ട്. അവൻ ഇപ്പോഴും ജീവിക്കുന്നു. ഈ നിലയിൽ അങ്ങിനെയാണെങ്കിൽ തന്നെ മറ്റുള്ളവർ മാന്ത്രിക ശക്തിയാൽ കൊല്ലപ്പെടുന്നില്ലെങ്കിൽ എല്ലാവരും അതുപോലെയാവുമെന്ന് അബോറിജിനുകൾ വിശ്വസിക്കുന്നു.' 2.

അവരുടെ വിശ്വാസത്തിലെ ദിവ്യത്വത്തെ കുറിച്ചുള്ള അനിഷേധ്യമായ തെളിവുകളിൽ നിന്നും രക്ഷപ്പെടാൻ വേണ്ടി ഹോവിറ്റ് വിഷയത്തിൽ ആകപ്പാടെ ആശയക്കുഴപ്പമുണ്ടാക്കുകയാണ്. ഹോവിറ്റ് പറയുന്നു.

'ഈ അബോറിജിനുകൾക്ക് ബോധപൂർവ്വം ഏതെങ്കിലും രൂപത്തിലുള്ള മതമുണ്ടോ എന്ന് ആരോപിക്കാൻ സാധ്യമല്ല.' 3.

(തുടരും) ■

1. Eliade M. (1973) Australian religions. An introduction Cornell Uni Press, Ithach, P. 4
2. Ibid - P. 13
3. Ibid - P. 13

## വിരസതയുണ്ടാകുന്ന പ്രഭാഷണം

ശഖീഖ് ഇബ്നുസലാമ(റ)യിൽ നിന്നും നിവേദനം: ഇബ്നു മസ്ഊദ് എല്ലാ വ്യാഴാഴ്ചയും ഞങ്ങളോട് പ്രഭാഷണം നടത്താറുണ്ടായിരുന്നു. ഒരിക്കൽ ഒരാൾ അദ്ദേഹത്തോട് പറഞ്ഞു: അബൂ അബ്ദുറഹ്മാൻ, താങ്കൾ ദിവസവും ഞങ്ങളോട് പ്രസംഗിക്കണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. അപ്പോൾ അദ്ദേഹം പറഞ്ഞു: എന്നെ അതിൽ നിന്നും തടയുന്നത് അത് നിങ്ങളിൽ വിരസതയുണ്ടാക്കുമോ എന്ന ഭയമാണ്. ഞാൻ റസൂൽ തിരുമേനിയുടെ പ്രഭാഷണമാതൃക തന്നെയാണ് സ്വീകരിച്ചിട്ടുള്ളത്. റസൂൽ തിരുമേനി ഞങ്ങൾക്ക് വിരസതയുണ്ടാക്കുമോ എന്ന് ഭയന്നായിരുന്നു സംസാരിച്ചിരുന്നത്.

***(മുസ്‌ലിം ബുഖാരി)***

## ലേഖനം

# ദൈവികശിക്ഷ: നിലച്ചുപോകാത്ത ഒരു ദിവ്യപ്രതിഭാസം

**മുഹമ്മദ് ഉമർ എച്ച്. എ. കോഴിക്കോട്**

മനുഷ്യസമൂഹത്തിന്റെ നിഷ്ക്കളങ്ക ഗുണകാംക്ഷികളായ പ്രവാചകന്മാരേയും അവരുടെ സമൂഹങ്ങളേയും ഏകപക്ഷീയവും മൃഗീയവുമായി പീഡിപ്പിക്കുകയും അക്രമിക്കുകയും ചെയ്യുമ്പോൾ ദൈവകോപം പ്രകൃതിദുരന്തമായി മനുഷ്യരുടേ മേൽ പതിക്കുന്നു. എല്ലാ തിരുവെഴുത്തുകളും, ധർമ്മസംഹിതകളും സാക്ഷ്യം വഹിക്കുന്ന ഈ ദിവ്യപ്രതിഭാസം ഇന്നും തുടരുന്നു..

ദൈവിക ദൗത്യവുമായി ലോകത്ത് പ്രവാചകന്മാർ അവതരിക്കുമ്പോഴെല്ലാം അവരുടെ സമുദായം രണ്ടു വിഭാഗങ്ങളായി വിഭജിക്കപ്പെടുന്നു. ഒരു വിഭാഗം പ്രസ്തുത പ്രവാചകന്മാരിൽ വിശ്വസിക്കുകയും സാത്വികമായ ജീവിതം നയിക്കുകയും ചെയ്യുമ്പോൾ ഇതര വിഭാഗം പ്രസ്തുത പ്രവാചകന്മാർക്കും അവരിൽ വിശ്വസിച്ചവർക്കുമെതിരായി ഭീകരമായൊരു ശത്രു നിരയുണ്ടാക്കുകയും അവർക്കെതിരിൽ രക്തപങ്കിലമായ ആക്രമണം നടത്തുകയും ചെയ്യുന്നു. അവർ പ്രവാചക കേന്ദ്രിതമായ വിശ്വാസ സമൂഹത്തെ ആക്രമിക്കുകയും വധിക്കുകയും അവർക്കെതിരിൽ അക്രമാസക്തരായി യുദ്ധം ചെയ്യുകയും ചെയ്യുന്നു. ജനസമൂഹങ്ങളുടെ ഗുണകാംക്ഷികളായി എത്തുന്ന പ്രവാചകന്മാരെ തിരസ്കരിച്ചും ആക്രമിച്ചും മുന്നോട്ടുപോകുന്നവരെ അല്ലാഹു പിടിക്കുന്നു. അതിന്റെ ഫലമായി അല്ലാഹുവിൽ നിന്നും അവരുടെ മേൽ ഭൂകമ്പം, പേമാരി, ചുഴലിക്കാറ്റ്, മഹാരോഗങ്ങൾ എന്നീ ശിക്ഷകൾ ഇറക്കുന്നു. വിശുദ്ധ ഖുർആൻ പറയുന്നു: 'നിന്റെ നാഥൻ നാടുകളെ നശിപ്പിക്കുന്നവനല്ല: അവയുടെ കേന്ദ്രസ്ഥാനത്ത് നമ്മുടെ വചനങ്ങൾ ഓതി കേൾപ്പിക്കുന്ന ഒരു ദൂതനെ നിയോഗിച്ച് മുന്നറിയിപ്പ് നൽകുന്നത് വരെ നാട്ടുകാർ അതിക്രമികളാകുന്ന അവസ്ഥയിലല്ലാതെ നാം നാടുകളെ നശിപ്പിക്കില്ല (28:60) ഉദാഹരണമായി വിശുദ്ധഖുർആൻ ഹ: നൂഹ്, ഇബ്രാഹീം, ലൂത്ത്, സാലിഹ് ശുഐബ്, ഹൂദ് എന്നീ പ്രവാചകന്മാരുടെ സംഭവകഥകൾ വിവരിക്കുന്നു.

അല്ലാഹു അരുൾ ചെയ്യുന്നു.

"നാം നൂഹിനെ അദ്ദേഹത്തിന്റെ ജനതയിലേക്ക് നിയോഗിച്ചു. അദ്ദേഹം പറഞ്ഞു. എന്റെ ജനമേ, നിങ്ങൾ അല്ലാഹുവിനെ മാത്രം ആരാധിക്കുക. അവനല്ലാതെ നിങ്ങൾക്കു മറ്റാരാധ്യനില്ല. തീർച്ചയായും ഞാൻ ഭയങ്കരമായ (ശിക്ഷ ഇറങ്ങുന്ന) നാളിനെക്കുറിച്ചു ഭയപ്പെടുന്നു. അപ്പോൾ അദ്ദേഹത്തിന്റെ സമുദായത്തിൽപ്പെട്ട നേതാക്കളും പ്രമാണിമാരും പറഞ്ഞു. തീർച്ചയായും നീ പ്രത്യക്ഷമായ മാർഗ്ഗഭ്രംശത്തിലാ ണെന്നു ഞങ്ങൾ കാണുന്നു." (7:60,61). "അങ്ങനെ അവർ അദ്ദേഹത്തെ വ്യാജപ്പെടുത്തി നിഷേധിക്കുകയുണ്ടായി. അതിനാൽ അദ്ദേഹത്തെയും അദ്ദേഹത്തോടൊപ്പമുള്ളവരെയും നാം ഭയാനകമായ വെള്ളപ്പൊക്കത്തിൽ നിന്നും ഒരു കപ്പലിൽ രക്ഷപ്പെടുത്തി. നമ്മുടെ ദൃഷ്ടാന്തങ്ങളെ നിഷേധിച്ചവരെ നാം മുക്കിക്കൊന്നു. തീർച്ചയായും അവർ അന്ധരായ ജനങ്ങളായിരുന്നു. (7:65). വീണ്ടും അല്ലാഹു അരുൾ ചെയ്യുന്നു.

ആദ് സമുദായത്തിലേക്ക് അവരുടെ സഹോദരൻ ഹൂദിനെ നാം നിയോഗിച്ചു. അദ്ദേഹം പറഞ്ഞു: 'എന്റെ സമുദായമേ, നിങ്ങൾ അല്ലാഹുവിനെ മാത്രം ആരാധിക്കുക. അവനല്ലാതെ നിങ്ങൾക്ക് മറ്റൊരാരാധ്യനുമില്ല. നിങ്ങൾ എന്തുകൊണ്ട് (ദൈ വത്തെ) ഭയപ്പെടുന്നില്ല. അപ്പോൾ അദ്ദേഹത്തിന്റെ ജനതയിൽ നിന്നും അവിശ്വാസികളായ നേതാക്ക

ന്മാർ പറഞ്ഞു. തീർച്ചയായും നിന്നെയൊരു വിഡ്ഢിയായി ഞങ്ങൾ കാണുന്നു. അതേപ്രകാരം നീ കള്ളം പറയുന്നവരിൽപെട്ടവനാണെന്നും ഞങ്ങൾ കാണുന്നു. (7:66,67)

അപ്പോൾ നാം അദ്ദേഹത്തെയും അദ്ദേഹത്തോടൊപ്പമുള്ളവരെയും നമ്മുടെ പക്കൽ നിന്നുള്ള കാരുണ്യത്താൽ രക്ഷപ്പെടുത്തി. നമ്മുടെ ദൃഷ്ടാന്തങ്ങളെ നിഷേധിക്കുകയും അവിശ്വസിക്കുകയും ചെയ്തവരെ (ഭയങ്കരമായ ശിക്ഷയിറക്കി) നാം ഉന്മൂലനാശം വരുത്തുകയും ചെയ്തു. (7:73) തുടർന്ന് അല്ലാഹു അരുൾ ചെയ്യുന്നു:

സമൂദ് സമുദായത്തിലേക്ക് അദ്ദേഹത്തിന്റെ സഹോദരൻ സാലിഹിനെ നാം അയച്ചു. അദ്ദേഹം തന്റെ ജനതയോടു നിങ്ങൾ അല്ലാഹുവിനെ മാത്രം ആരാധിക്കുക. അവനല്ലാതെ നിങ്ങൾക്ക് മറ്റൊരാരാധ്യനില്ല. നിങ്ങൾക്ക് നിങ്ങളുടെ നാഥനിൽനിന്നു വ്യക്തമായ തെളിവ് വന്നിരിക്കുന്നു. നിങ്ങൾക്ക് ഒരു ദൃഷ്ടാന്തമെന്ന നിലയിൽ (ഞാനെന്റെ ദൗത്യ പ്രചാരണത്തിനായുപയോഗിക്കുന്ന) ഇതാ അല്ലാഹുവിന്റെ പെണ്ണൊട്ടകം. അതിനെ നിങ്ങൾ സ്വതന്ത്രമായി വിട്ടുകളയുക. അല്ലാഹുവിന്റെ ഭൂമിയിൽ അത് മേഞ്ഞുനടക്കട്ടെ. നിങ്ങൾ അതിനെ ഉപദ്രവിക്കരുത്. അങ്ങനെ നിങ്ങൾ ചെയ്യുന്നതായാൽ വേദനാജനകമായ ശിക്ഷ നിങ്ങളെ പിടികൂടുന്നതാണ്. (7:74)

എന്നാൽ അവരെങ്ങിനെയാണു പ്രതികരിച്ചതെന്നു കാണുക. "അവർ ആ പെണ്ണൊട്ടകത്തെ കുതി ഞരമ്പു മുറിച്ചു മുടന്തനാക്കുകയും തങ്ങളുടെ നാഥന്റെ കല്പന ധിക്കരിക്കുകയും ചെയ്തു. എന്നിട്ടു പറഞ്ഞു. ഓ സാലിഹ്, നീ ദൈവദൂതന്മാരിൽപെട്ടവനാണെങ്കിൽ നീ ഞങ്ങളെ ഭീഷണിപ്പെടുത്തുന്ന ശിക്ഷ കൊണ്ടുവരിക.' (7:78)

സാലിഹ് നബിയുടെ സമുദായത്തിലെ ധിക്കാരികളും അവിശ്വാസികളുമായ പ്രമാണിമാരും നേതാക്കന്മാരും ഈ ധാർഷ്ട്യം കാണിച്ചത് അദ്ദേഹം പ്രസ്തുത ഒട്ടകപ്പുറത്ത് കയറി ജനങ്ങളിൽ മത പ്രബോധനം ചെയ്യാറുള്ളത് കൊണ്ടായിരുന്നു. ഈ മതപ്രബോധനം അവസാനിപ്പിക്കണമെന്ന ഉദ്ദേശ്യത്തോടെയായിരുന്നു അവർ ദൈവിക ദൃഷ്ടാന്തമാണെന്ന് വിശേഷിപ്പിക്കപ്പെട്ട ഒട്ടകത്തോട് ഈ ക്രൂരകൃത്യം കാണിച്ചത്. അല്ലാഹു അരുൾ ചെയ്യുന്നു.

"അപ്പോൾ ഭയാനകമായ ഭൂകമ്പം അവരെ പിടികൂടി. അങ്ങനെ അവർ പ്രഭാതവേളയിൽ തങ്ങളുടെ വീടുകളിൽ കമിഴ്ന്നടിച്ചു വീണു കിടന്നവരായിത്തീർന്നു. " (&:79)

അല്ലാഹു തുടർന്നു അരുൾ ചെയ്യുന്നു.

നാം ലൂത്തിനെയും (അദ്ദേഹത്തിന്റെ ജനതയിലേക്ക് പ്രവാചകനായിട്ടു നിയോഗിച്ചു). അദ്ദേഹം തന്റെ ജനതയോടു പറഞ്ഞു. "നിങ്ങൾക്കു മുമ്പ് ആരും ചെയ്തിട്ടില്ലാത്ത നീചകൃത്യം നിങ്ങൾ ചെയ്യുകയാണോ? സ്ത്രീകളെ വിട്ടു നിങ്ങൾ കാമവികാരശമനത്തിനായി പുരുഷന്മാരെ സമീപിക്കുന്നു. മാത്രമല്ല നിങ്ങൾ പരിധി ലംഘിക്കുന്ന ജനങ്ങളാണ്. എന്നാൽ നിങ്ങൾ ചെയ്തതെന്താണ്. നിങ്ങളുടെ നാട്ടിൽ നിന്ന് അവരെ (ലൂത്തിനെയും അദ്ദേഹത്തിൽ വിശ്വസിച്ചവരെയും) ബഹിഷ്കരിക്കുകയും അവർ തങ്ങളെക്കുറിച്ച് പരിശുദ്ധിയുള്ള ജനങ്ങളാണെന്നാണ് കരുതുന്നതെന്നു പറയുകയും ചെയ്തു. അങ്ങനെ അദ്ദേഹത്തെയും അദ്ദേഹത്തിന്റെ ഭാര്യ ഒഴിച്ചുള്ള കുടുംബത്തെയും നാം രക്ഷപ്പെടുത്തി. അവൾ പിന്നാക്കം മാറി നിന്നവരിൽ പെട്ടവളായിരുന്നു. നാം അവരുടെ മേൽ ഭയാനകമായ പേമാരി വർഷിച്ചു. അപ്പോൾ കുറ്റവാളികളുടെ പര്യവസാനം എങ്ങനെയായിരുന്നുവെന്നു നോക്കുക. (7:81–85)

അതായത് ഹദ്റത്ത് ലൂത്ത് നബി (അ) യെ നിഷേധിക്കുകയും ധിക്കരിക്കുകയും ചെയ്ത ജനങ്ങൾക്കും കടുത്ത ഭൂകമ്പത്തെ തുടർന്ന് ഘോരനാശമുണ്ടായി. ഭൂമിയുടെ ഉപരിതലം കീഴ്മേൽ മറിഞ്ഞു ശക്തമായ ഭൂകമ്പത്താൽ മേൽപോട്ടുയർന്ന മണ്ണും കല്ലും അവരുടെ മേൽ പതിക്കുകയും അവർ നശിച്ചൊടുങ്ങുകയും ചെയ്തു.

തുടർന്ന് അല്ലാഹു പറയുന്നു.

മദ്‌യൻ ജനതയിലേക്ക് അവരുടെ സഹോദരൻ ശുഐബിനെ നാം (പ്രവാചകനായി) നിയോഗിച്ചു. അദ്ദേഹം തന്റെ ജനങ്ങളോടു നിങ്ങൾ അല്ലാഹുവിനെ ആരാധിക്കുക, അല്ലാഹുവല്ലാതെ നിങ്ങൾക്ക് മറ്റൊരു ആരാധ്യനും ഇല്ല എന്നു പറഞ്ഞു. (7:86). അദ്ദേഹത്തിന്റെ ജനങ്ങളിൽ അഹങ്കാരികളായ നാട്ടുപ്രമാണിമാർ പറഞ്ഞു. "ഓ ശുഐബ്, നിന്നെയും നിന്നോടൊപ്പമുള്ള വിശ്വാസികളെയും ഞങ്ങൾ ഞങ്ങളുടെ നാട്ടിൽ നിന്നും തുരത്തുന്നതാണ്. അല്ലെങ്കിൽ നീ ഞങ്ങളുടെ മതത്തിലേക്ക് തിരിച്ചുവരിക തന്നെ വേണം. (7:89). അങ്ങനെ അവരെ ഭയാനകമായ ഭൂകമ്പം പിടികൂടി. തൽഫലമായി അവർ തങ്ങളുടെ വീടുകളിൽ കമിഴ്ന്ന് വീണുകിടന്നവരായിത്തീർന്നു. (7:92). തുടർന്നു അല്ലാഹു പറയുന്നു:

"നാടുകളിൽ വസിക്കുന്നവർ വിശ്വസിക്കുകയും സൂക്ഷ്മത കൈക്കൊള്ളുകയും ചെയ്തിരുന്നുവെങ്കിൽ നാം അവർക്ക് ആകാശത്തുനിന്നും ഭൂമിയിൽ നിന്നും അനുഗ്രഹങ്ങളുടെ കവാടങ്ങൾ തുറന്നുകൊടുക്കുമായിരുന്നു. പക്ഷെ അവർ നിഷേധിക്കുകയാണുണ്ടായത്. അങ്ങനെ അവരുടെ പ്രവർത്തനഫലമായി നാം അവരെ പിടിച്ചു കഠിനമായ ശിക്ഷക്ക് ഇരയാക്കി (7:87)

പ്രവാചകന്മാരുടെയും അവരുടെ ജമാഅത്തുകളുടെയും അവരുടെ ശത്രുക്കളുടെയും ഈ ചരിത്രം ഒരു തുടർക്കഥയായി അന്നുതൊട്ടിന്നോളം തുടർന്നുവരികയാണ്.

ഹസ്റത്ത് റസൂൽ കരീം (സ) തിരുമേനിയുടെ പ്രവചനങ്ങൾക്കനുസരിച്ച് അദ്ദേഹത്തിന്റെ ശിഷ്യ പ്രവാ

ചകനും വാഗ്ദത്ത മഹ്ദിമസീഹു മായവതരിച്ച ഹദ്റത്ത് അഹ്മദുൽ ഖാദിയാനിയുടെ ഈകാലഘട്ട ത്തിലും ഇതുതന്നെ ആവർത്തിച്ചു കൊണ്ടിരിക്കുകയാണ്.

ഹസ്റത്ത് അഹ്മദ് (അ) പ്രസ്താ വിക്കുന്നു.

“സർവ്വലോകരക്ഷിതാവായ അല്ലാഹു തന്നെയാണ് എനിക്കു ദിവ്യവെ ളിപ്പാടു ഇറക്കിത്തരികയും എനിക്ക് വേണ്ടി ശക്തിമത്തായ അടയാളങ്ങൾ കാണിച്ചുതരികയും ചെയ്തിരിക്കുന്ന ത്. അവൻ തന്നെയാണ് എന്നെ ഈ കാലത്ത് വാഗ്ദത്തം ചെയ്യപ്പെട്ട മസീഹായി നിയുക്തനാക്കിയിരിക്കു ന്നത്...... ദൈവത്തിൽ നിന്ന് നമുക്ക് സൂര്യപ്രകാശം പോലെയുള്ള ദിവ്യ വെളിപാടു ലഭിച്ചിരിക്കുന്നു. ..... സർവ്വ ശക്തനായ ഒരു രക്ഷിതാവു തനിക്കു ണ്ടെന്നുള്ള ബോധം പോലും ഇല്ലാത്ത ഒരുവൻ എന്തുമാത്രം ഭാഗ്യ ഹീനനാണ്. നമ്മുടെ സ്വർഗ്ഗം നമ്മുടെ ദൈവം തന്നെയാണ്. നമ്മുടെ പര മാനന്ദം നമ്മുടെ ദൈവത്തിൽ മാത്ര മെ നിക്ഷിപ്തമായിട്ടുള്ളൂ. കാരണം നാം അവനെ കണ്ടിരിക്കുന്നു. എല്ലാ വിധത്തിലുള്ള സൗന്ദര്യവും നാം അവനിൽ ദർശിക്കുന്നു. ജീവൻ ബലികഴിച്ചെങ്കിലും ഈ വൻനിധി യെ നാം സ്വായത്തമാക്കേണ്ടതാണ്. നാം നമ്മെത്തന്നെ അർപ്പണം ചെയ്തിട്ടെങ്കിലും ഈ അമൂല്യ രത്നത്തെ പ്രാപിക്കേണ്ടതാണ്. അല്ലയോ നഷ്ടപ്പെട്ടവരെ, ഈ നീരു റവിലേക്ക് നിങ്ങൾ ഓടി വരുവിൻ. ഇത് നിങ്ങൾക്ക് ദാഹശമനം വരുത്തു ന്നതാണ്. ഇത് നിങ്ങളെ രക്ഷപ്പെടു ത്താനുള്ള ജീവദായകമായ നീരുറവാ ണ്. ഞാനെന്താണ് ചെയ്യേണ്ടത്? എങ്ങനെയാണീ സുവാർത്ത നിങ്ങ ളുടെ ഹൃദയങ്ങളിൽ പതിപ്പിക്കേ ണ്ടതു? ഇതാണ് നിങ്ങളുടെ ദൈവ മെന്ന് ജനങ്ങളെ ബോധ്യപ്പെടുത്തു വാൻ തെരുവുകളിൽ പെരുമ്പറയടിച്ച് എങ്ങനെയാണ് വിളംബരപ്പെടുത്തേ ണ്ടത്? ജനങ്ങളുടെ ശ്രവണേന്ദ്രിയങ്ങ ളിൽ ഈ ദൈവിക കാഹളത്തെ കേൾപ്പിക്കുവാൻ എന്ത് മരുന്ന് കൊണ്ടാണു ഞാൻ ചികിത്സിക്കേ ണ്ടത്? (കശ്ത്തി നൂഹ്)

എന്നാൽ ദൈവത്തിലേക്കു ക്ഷണിച്ചുകൊണ്ടുള്ള ഈ യുഗശ ബ്ദത്തെ ജനങ്ങളിൽ ഭൂരിഭാഗവും ശ്രവിക്കുകയുണ്ടായില്ല. എന്നു മാത്ര മല്ല അദ്ദേഹത്തിനും അദ്ദേഹത്തിന്റെ അനുയായികൾക്കുമെതിരായി എല്ലാ മതസ്ഥരും മതവിഭാഗങ്ങളും സുശ ക്തമായ ഒരു ശത്രു നിര തന്നെയു ണ്ടാക്കി. അദ്ദേഹത്തിന്നെതിരായി കുഫ്ർ ഫത്വ പുറപ്പെടുവിച്ചു. കള്ള ക്കേസുകൾ ഉണ്ടാക്കി. അവർ (അഹ്മദികൾ) ഇസ്ലാമിക വൃത്ത ത്തിൽ നിന്നും പുറം തള്ളപ്പെട്ടവരാ ണെന്നു കൊട്ടിഘോഷിക്കപ്പെട്ടു. അങ്ങനെ ഇന്ത്യക്കകത്തും പുറത്തും ഭീകരമായ നിലയിൽ ശത്രുക്കൾ അഹ്മദിയ്യത്തിന്നെതിരായി ആഞ്ഞ ടിച്ചു. വിശുദ്ധ ഖുർആന്റെ അദ്ധ്യാ പനമനുസരിച്ച് ഹദ്റത്ത് നബി തിരു മേനി (സ) ക്കെതിരിൽ ശത്രുക്കൾ ചെയ്തിരുന്ന എല്ലാ കുതന്ത്രങ്ങളും അദ്ദേഹത്തിനെതിരിൽ പയറ്റിനോ ക്കി. അതായത് വിശുദ്ധഖുർആൻ അരുൾ ചെയ്യുന്നു.

“നിന്നെ ബന്ധനസ്ഥനാക്കുകയോ വധിക്കുകയോ നാട്ടിൽ നിന്നു ബഹി ഷ്ക്കരിക്കുകയോ ചെയ്യുന്നതാണ്. സത്യനിഷേധികൾ നിനക്കെതിരായി പല തന്ത്രങ്ങളും പ്രയോഗിക്കുകയു ണ്ടായി. എന്നാൽ അല്ലാഹു (അവ രുടെ തന്ത്രത്തിനുള്ള) മറു തന്ത്രം പ്രയോഗിക്കുന്നു. തന്ത്രം പ്രയോഗി ക്കുന്നവരിൽ ഏറ്റവും ഉത്തമനാണ് അല്ലാഹു (8:31).

അങ്ങനെ ശത്രുക്കൾ അഹ്മദിയ ത്തിനെതിരായി പ്രയോഗിച്ച കുതന്ത്ര ങ്ങളെല്ലാം അവരുടെ തന്നെ നാശ ത്തിനുള്ള നിമിത്തമായിത്തീർന്നു. അഹ്മദിയ്യാ മുസ്ലിം ജമാഅത്തിനെ പാകിസ്താൻ അസംബ്ലിയെക്കൊണ്ട് അമുസ്ലിം ന്യൂനപക്ഷമായി പ്രഖ്യാ പനം ചെയ്യിച്ച അപ്പോഴത്തെ പാക്ക് പ്രധാനമന്ത്രി സുൽഫിഖർ അലി ഭൂട്ടോ ഒരു കാഫിറും അമുസ്ലിമുമാ ണെന്ന പട്ടം പേറിക്കൊണ്ടാണ് തൂക്കിക്കൊല്ലപ്പെട്ടത്. അതിനുശേഷം അഹ്മദികളെ ക്രൂരമായി പീഡിപ്പിച്ച സിയാവുൽഹഖ് ആകാശത്തിന്റെ അനന്തതയിൽ പൊട്ടിത്തെറിച്ച് ധൂളീ കരിക്കപ്പെടുകയുണ്ടായി.

വാഗ്ദത്ത മസീഹിൽ വിശ്വസിച്ച ഏക കാരണത്താൽ അഫ്ഗാനിസ്ഥാ നിലെ രണ്ടു പ്രമുഖ പണ്ഡിതവര്യ രായ ഹദ്റത്ത് മൗലാനാ അബ്ദുർ റഹ്മാൻ സാഹിബും ഹദറത്ത് സാഹിബ് സാദാ അബ്ദുൽ ലത്തീഫ് സാഹിബും ദാരുണമായി കൊലചെ യ്യപ്പെട്ടു. ഹദ്റത്ത് മഹ്ദീമസിഹി (അ) നു അല്ലാഹു തന്റെ ദിവ്യവെളി പാടു മുഖേന ‘ശാത്താനി തുദ്ബ ഹാനി രണ്ടു കുഞ്ഞാടുകൾ (നിരപ രാധികളും നിഷ്കളങ്കരുമായ രണ്ടു വ്യക്തികൾ) അറുക്കപ്പെടും’ എന്ന റിയിക്കപ്പെട്ടിരുന്നു. ഈ രണ്ടു മഹൽ വ്യക്തികളുടെയും രക്തസാക്ഷിത്വം മുഖേന പ്രസ്തുത ദിവ്യവെളിപ്പാടു സാക്ഷാൽക്കരിക്കപ്പെട്ടു. ഹദ്റത്ത് മൗലാനാ അബ്ദുർ റഹ്മാൻ സാഹിബ് വാഗ്ദത്ത മസീഹിൽ വി ശ്വസിക്കുകയും ജിഹാദിനെ നിഷേ ധിക്കുകയും ചെയ്തുവെന്ന കുറ്റം ചുമത്തി അദ്ദേഹത്തിന്റെ കഴുത്തിനു മുണ്ടുമുറുക്കി ശ്വാസം മുട്ടിച്ച് കൊല ചെയ്തു. ഈ ക്രൂരകൃത്യത്തിനുള്ള ശിക്ഷയെന്നോണം അപ്പോഴത്തെ അഫ്ഗാൻ രാജാവ് അമീർ അബ്ദുർ റഹ്മാൻഖാന്ന് പെട്ടെന്നു പക്ഷ പാതം പിടിപെടുകയും വളരെ കഷ്ട പ്പാടുകൾ സഹിച്ചു ഒരു മാസത്തി നകം മരണപ്പെടുകയുമുണ്ടായി. ഈ സംഭവം നടന്നത് 1910 ഒക്ടോബർ മൂന്നാം തീയതിയായിരുന്നു.

അഫ്ഗാൻ അമീർ അബ്ദുർ റഹ്മാൻഖാന്റെ മരണത്തിനു ശേഷം അഫ്ഗാനിസ്താനിലെ സുപ്രസിദ്ധ മതപണ്ഡിതനും ആത്മീയ നേതാ വും ആയിരുന്ന ഹദ്റത്ത് സയ്യിദ് അബ്ദുലത്തീഫ് സാഹിബിന്റെ ശിഷ്യനായ അമീർ ഹബീബുല്ലാ ഖാൻ അഫ്ഗാൻ അമീറായി സ്ഥാനാ രോഹണം ചെയ്യപ്പെട്ടു. അദ്ദേഹ ത്തിന് കീരിടാരോഹണം ചെയ്യുന്ന കടമ അഫ്ഗാനിസ്ഥാനിലെ ഏറ്റവും ആദരണീയ മഹൽ വ്യക്തി എന്ന

നിലയിൽ ഹദ്റത്ത് സയ്യിദു അബ്ദുൽ ലത്തീഫു സാഹിബാണ് നിർവ്വഹിച്ചത്.

ഈ മഹൽ വ്യക്തി ഹദ്റത്ത് വാഗ്ദത്ത മഹ്ദീ മസീഹിന്റെ സത്യം ഗ്രഹിച്ച് തന്റെ ആത്മീയ ഗുരുവിനെ ദർശിക്കുവാനായി ഖാദിയാനിലേക്ക് യാത്രയായി. ഈ സന്ദർശനത്തിൽ ആകൃഷ്ടനായ ഹദ്റത്ത് വാഗ്ദത്ത മസീഹ് (അ) ഇപ്രകാരം എഴുതി.

"അദ്ദേഹവുമായി എന്റെ കൂടിക്കാഴ്ച നടന്നപ്പോൾ ഏതൊരുവന്റെ കയ്യിലാണോ എന്റെ ജീവനിരിക്കുന്നത് അവന്റെ പേരിൽ ആണയിട്ടു പറയുന്നു, എനിക്കദ്ദേഹത്തെ എന്നോടുള്ള ശിഷ്യത്വത്തിലും എന്റെ വാദത്തിന്റെ സാത്വീകരണത്തിലും മറ്റൊരു വ്യക്തിയിലും കാണുവാൻ സാധിക്കാത്ത ലയനവും ആത്മസമർപ്പണവും കാണുവാൻ സാധിച്ചു. സുഗന്ധദ്രവ്യം നിറച്ച കുപ്പിയെപ്പോലെ എന്നോടുള്ള സ്നേഹം അദ്ദേഹത്തിൽ നിറഞ്ഞതായി ഞാൻ കണ്ടു. അദ്ദേഹത്തിന്റെ മുഖം പ്രകാശ സമ്പൂർണ്ണമായിരു ന്നതു പോലെ അദ്ദേഹത്തിന്റെ ഹൃദയവും കാന്തിയും ശോഭയും നിറഞ്ഞതായിട്ടെനിക്കനുഭവപ്പെട്ടു.

(തദ്കിറത്തുശ്ശഹാദതൈൻ)

ഹദ്റത്ത് സയ്യിദു സാഹിബ് കുറച്ചുകാലം തന്റെ ആത്മഗുരുവിന്റെ സവിധത്തിൽ കഴിച്ചുകൂട്ടിയതിനു ശേഷം അഫ്ഗാനിസ്ഥാനിലേക്ക് തിരിച്ചുപോകാനുള്ള അനുവാദത്തിനായി വാഗ്ദത്ത മസീഹിന്റെ സന്നിധിയിൽ ഹാജരായി. അദ്ദേഹം തന്റെ ഗുരുവര്യന്റെ കാലിൽ വീണ് തേങ്ങി തേങ്ങി കരഞ്ഞുകൊണ്ടു തനിക്കു വേണ്ടി പ്രാർത്ഥിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ടിരുന്നു. ഹദ്റത്ത് അഹ്മദ് (അ) അദ്ദേഹത്തെ എഴുന്നേൽപ്പിച്ചു തന്റെ മാറോടണച്ചു. ഇതു തന്റെ അവസാനത്തെ കൂടിക്കാഴ്ചയാണെന്നദ്ദേഹത്തിന്ന് തോന്നിക്കാണും. അദ്ദേഹം 1903 ജനുവരിയിൽ ഖാദിയാനിൽ നിന്ന് സ്വദേശത്തേക്കു യാത്രയായി. യാത്രാമദ്ധ്യെ അദ്ദേഹത്തിനു പല ദിവ്യവെളിപാടുകളും ഉണ്ടായി. അവയിൽ ഒന്നു "ഇദ്ഹബ് ഇലാ ഫിർഔൻ" (നീ ഫിർഔന്റെ അടുക്കെപ്പോവുക) എന്നായിരുന്നു. പ്രസ്തുത ഇൽഹാമുകളുടെ വെളിച്ചത്തിൽ കാബൂൾ ഭൂമി എന്റെ രക്തം ആവശ്യപ്പെടുകയാണെന്ന് അദ്ദേഹം പലവുരു പറയുകയുണ്ടായി. അദ്ദേഹം യാത്രാ മദ്ധ്യെ ലാഹോർ, കോഹാട്ടു, ബനുൽ എന്നീ സ്ഥലങ്ങളിൽ തങ്ങുകയുണ്ടായി. ഇതിന്നിടയിൽ അദ്ദേഹം ഉദ്യോഗസ്ഥന്മാരടക്കം പല സുഹൃത്തുക്കൾക്കും തബ്ലീഗീ കത്തുകൾ അയച്ചു കൊണ്ടിരുന്നു.

ഹദ്റത്ത് സയ്യിദു സാഹിബിനോടു അസൂയയും വ്യക്തിവിദ്വേഷവും ഉണ്ടായിരുന്ന അഫ്ഗാൻ അമീറിന്റെ സഹോദരൻ നസറുല്ലാഖാന് പ്രസ്തുത കത്തുകളെക്കുറിച്ചുള്ള വിവരം ലഭിക്കുകയും അയാൾ അവ സ്വരൂപിച്ചു അമീറിനെ അദ്ദേഹത്തിന്നെതിരിൽ പ്രതികാര നടപടിയെടുക്കണമെന്ന് നിർബ്ബന്ധിച്ചുകൊണ്ടിരിക്കുകയും ചെയ്തു. അങ്ങനെ അദ്ദേഹം അഫ്ഗാൻ അതിർത്തിയിലെത്തിയപ്പോൾ അമീർ ആ മഹാനെ അറസ്റ്റു ചെയ്യുവാനുള്ള കല്പന പുറപ്പെടുവിച്ചു. അദ്ദേഹം മസ്ജിദിൽ അസർ നമസ്കാരത്തിനായി ചെന്നപ്പോൾ അമീറിന്റെ പോലീസുകാർ മസ്ജിദിൽ പ്രവേശിച്ചു അദ്ദേഹത്തെ കൈയാമം വെച്ചു അറസ്റ്റു ചെയ്തു കൊണ്ടുപോയി. അറസ്റ്റിനുശേഷം അദ്ദേഹത്തിന്റെ കൈകാലുകളിൽ 124 സേർ ഭാരമുള്ള ചങ്ങലകളിട്ടു ബന്ധിതനാക്കി ജയിലിലടച്ചു. അദ്ദേഹത്തിനു നാലു മാസക്കാലം കാരാഗൃഹവാസം അനുഭവിക്കേണ്ടിവന്നുവെങ്കിലും അദ്ദേഹത്തിന്റെ വിശ്വാസത്തിനു ഒരുപോറലും അതുണ്ടാക്കിയില്ല. ഇതിന്നിടയിൽ അമീർ പല പ്രാവശ്യം അദ്ദേഹത്തെ സന്ദർശിച്ച് അദ്ദേഹം "തൗബാ" ചെയ്യുകയാണെങ്കിൽ താൻ ബഹുമാന പുരസ്സരം മോചിപ്പിക്കുന്നതാണെന്നും വിട്ടുപോയ സ്ഥാനമാനങ്ങൾ തരുന്നതാണെന്നും അപേക്ഷിച്ചുകൊണ്ടിരുന്നുവെങ്കിലും അദ്ദേഹം ഇപ്രകാരം പറഞ്ഞു കൊണ്ടിരുന്നു. 'ഞാൻ ബോധവാനാണ്. അല്ലാഹു എനിക്ക് സത്യാസത്യ വിവേചന ശക്തി നൽകിയനുഗ്രഹിച്ചിട്ടുണ്ട്. വാഗ്ദത്ത മഹ്ദി മസീഹിന്റെ സത്യസാക്ഷ്യം എനിക്ക് അമ്പേഷണത്തിൽ നിന്നും ശരിക്കും മനസ്സിലായിട്ടുണ്ട്. സത്യമായ കാര്യത്തിൽ നിന്നും തൗബാ ചെയ്യുക എന്നെ സംബന്ധിച്ചിടത്തോളം അസംഭാവ്യമാണ്. ഭൗതിക ഭരണകർത്താക്കളുടെ ശിക്ഷ മരണത്തോടു കൂടി അവസാനിക്കുന്നു. എന്നാൽ ഒരിക്കലും അവസാനിക്കാത്ത ശിക്ഷയെ ഞാൻ ഭയപ്പെടുന്നു. ഞാൻ സത്യത്തിൽ ഉറച്ചു നിൽക്കുന്നു."

ഇതിനുശേഷം ഉലമാക്കളുടെ സഭ അദ്ദേഹത്തിന്നെതിരിൽ കുഫ്ർ ഫത്വ പുറപ്പെടുവിക്കുകയും അദ്ദേഹത്തെ എറിഞ്ഞുകൊല്ലുവാൻ തീർപ്പ് കല്പിക്കുകയും ചെയ്തു. അങ്ങനെ വലിയൊരു ജനക്കൂട്ടത്തിന്റെ മുന്നിൽ അദ്ദേഹത്തെ അരയോളം കുഴിച്ചിട്ടു. അപ്പോൾ ജനങ്ങൾ കാഫിർ കാഫിർ എന്നു പറഞ്ഞു ഒച്ചയിട്ടുകൊണ്ടിരുന്നു. ആ അവസരത്തിൽ അമീർ അദ്ദേഹത്തിന്നടുക്കെ ച്ചെന്നു ഇപ്പോഴെങ്കിലും താങ്കൾ തൗബ ചെയ്യുക എന്നപേക്ഷിച്ചു. അതിനു 'താൻ തന്റെ ഈമാന്ന് ജീവനേക്കാൾ പ്രാധാന്യം കല്പിക്കുന്നുവെന്നദ്ദേഹം പ്രതിവചിച്ചു.' തദവസരത്തിൽ അമീർ തന്റെ ഖാസിയോടു താങ്കൾ ആദ്യം കല്ലെറിയുക. താങ്കളാണു ഇദ്ദേഹത്തിനെതിരായി കുഫ്ർ ഫത്വ പുറപ്പെടുവിച്ചിരിക്കുന്നതെന്ന് പറഞ്ഞു. അപ്പോൾ ഖാസി ഭരണാധികാരിയായ താങ്കളാണ് ആദ്യമായി കല്ലെറിയേണ്ടതെന്നു പറഞ്ഞു. ജനങ്ങൾ ഹദ്റത്ത് സയ്യിദു അബ്ദു ലത്തീഫ് സാഹിബിന്റെ ചുറ്റും വളഞ്ഞു നിൽക്കുകയായിരുന്നു. അപ്പോൾ അദ്ദേഹം ഉച്ചത്തിൽ കലിമ ശഹാദത്ത് ഓതിക്കൊണ്ടിരുന്നു. അതോടൊപ്പം അദ്ദേഹം 'അൻതവലിയ്യീ ഫിദുൻയാ വൽ ആഖിറ: തവഫ്ഫനീ മുസ്ലിമൻ വഅൽ

ഫിഖ്നീ ബിസ്സാലിഹീൻ' (അല്ലാഹുവെ, ഇഹത്തിലും പരത്തിലും നീയാണെന്റെ യജമാനൻ. നീ എന്നെ മുസ്ലിമായി മരിപ്പിക്കുകയും സ്വാത്വീകരായ നിന്റെ ദാസന്മാരോടൊപ്പം ചേർക്കുകയും ചെയ്യേണമേ) എന്നു ഉരുവിട്ടുകൊണ്ടിരുന്നു. അതോടെ ആദ്യത്തെ കല്ലു അമീറിൽ നിന്നും അദ്ദേഹത്തിന്റെ നെറ്റിത്തടത്തിൽ പതിച്ചു. അമീർ ഹബീബുല്ലാഖാൻ തന്റെ ശിരസ്സിൽ കിരീടം അണിയിച്ച ആ ബഹുമാന്യ വ്യക്തിയുടെ ശിരസ്സിലാണ് കല്ലെറിഞ്ഞത്. അതോടുകൂടി നാനാ ഭാഗത്തുനിന്നും ശിലാവർഷം ഉണ്ടായി. അങ്ങനെ ആ പരിശുദ്ധാത്മാവിന്റെ പുണ്യശരീരം ആയിരക്കണക്കിലുള്ള കല്ലുകൾക്കിടയിൽ മറഞ്ഞുപോയി.

ഈ സംഭവത്തെക്കുറിച്ച് ഹദ്റത്ത് വാഗ്ദത്ത മസീഹ് തന്റെ തദ്ക്കിറത്തുശ്ശാഹദത്തൈൻ എന്ന ഗ്രന്ഥത്തിൽ പറയുന്നു.

'അല്ലയോ അബ്ദുൽ ലത്തീഫ്! അങ്ങയുടെ മേൽ ആയിരമായിരം അനുഗ്രഹങ്ങൾ വർഷിക്കുമാറാകട്ടെ. അങ്ങുന്നു എന്റെ ജീവിത കാലത്ത് തന്നെ സത്യവിശ്വാസത്തിന്റെ ഉത്തമ മാതൃക കാണിച്ചു തന്നിരിക്കുന്നു..... ഈ കൊലപാതകം വളരെ നിഷ്ഠൂരമായ നിലയിലാണ് നടത്തിയിരിക്കുന്നത്. ആകാശത്തിനു കീഴിൽ അതിനു തുല്യമായ മറ്റൊരു സംഭവം കാണപ്പെടുകയില്ല. ഹാ കഷ്ടം!! അവിവേകിയായ ഈ അമീർ എന്താണീ ചെയ്തു കൂട്ടിയത്. അത്തരമൊരു നിരപരാധിയായ മനുഷ്യനെ യാതൊരു ദയാദാക്ഷിണ്യവും കൂടാതെ വധിച്ചുകൊണ്ടു സ്വന്തം നില അപകടത്തിലാക്കിയിരിക്കുകയാണ്. അല്ലയോ കാബൂൾ ദേശമേ! നീ സാക്ഷി നിൽക്കുക. നിന്റെ മണ്ണിൽ വെച്ചാണ് ഈ കൊടുംപാതകം നടത്തിയിട്ടുള്ളത്. അല്ലയോ ഭാഗ്യം കെട്ട ഭൂപ്രദേശമേ! അല്ലാഹുവിന്റെ ദൃഷ്ടിയിൽ നിനക്കു പതനം സംഭവിച്ചുപോയിരിക്കുന്നു. കാരണം നീ കൊടുംപാതകത്തിന്റെ സ്ഥലമായിക്കഴിഞ്ഞിരിക്കുന്നു. (തദ്ക്കിറത്തുശ്ശഹാദത്തൈൻ)

'ഈ ക്രൂര സംഭവം നടന്നു അന്നു തന്നെ വൈകുന്നേരം അവിടെ ഭയങ്കരമായ പേമാരിയും കൊടുങ്കാറ്റും ഉണ്ടായി. അതോടെ അത്ഭുതകരമായ ഒരു ദൃശ്യം കാണപ്പെട്ടു. ഒരു പ്രകാശ സ്തൂപം ആകാശത്തു നിന്നും മറ്റൊന്ന് ശഹീദു മർഹൂമിന്റെ തലക്കുമുകളിൽ കല്ലിന്റെ കൂമ്പാരത്തിൽ നിന്നു പുറപ്പെട്ടു. പിന്നീട് ആകാശത്തിന്റെയും ഭൂമിയുടെയും മദ്ധ്യെ രണ്ടു പ്രകാശ സ്തൂപങ്ങളും ഒന്നായിച്ചേർന്നു. അങ്ങനെ ഭൂമിയിൽ നിന്നു ആകാശം വരെ വലിയൊരു പ്രകാശ സ്തൂപം തയ്യാറായി. അപ്പോൾ നാനാഭാഗങ്ങളിലും വലിയൊരു പ്രകാശം വ്യാപിക്കുകയുണ്ടായി. കുറേനേരം ഈ കാഴ്ച ദൃശ്യമായി. ഈ ദൃശ്യം കണ്ടവരൊക്കെ വളരെയധികം ചകിതരായി. ഈ കല്ലെറിഞ്ഞു കൊല്ലപ്പെട്ടയാൾ വലിയൊരു മഹാത്മാവും വലിയുല്ലായുമാണെന്നു പറയുവാൻ തുടങ്ങി' (അൽഫസൽ 19, സപ്തംബർ 1968)

ഹദ്റത്ത് സയ്യിദു സാഹിബിന്റെ ശഹാദത്ത് 1903 ജൂലായി 14-ാം തീയതിയായിരുന്നു നടന്നത്. അന്നു തന്നെ രാത്രി 9 മണിക്ക് അഫ്ഗാൻ നാട്ടിൽ മുഴുവനും ഭയാനകമായ കൊടുങ്കാറ്റടിക്കുകയും പേമാരി വർഷിക്കുകയും ഉണ്ടായി. ജനങ്ങൾ വളരെയധികം ഭയപ്പെട്ടു. പിറ്റേന്ന് തന്നെ കാബൂൾ പട്ടണത്തിലും അതിന്റെ ചുറ്റുപാടും ഭയങ്കരമായ കോളറ പൊട്ടിപ്പുറപ്പെട്ടു. അങ്ങനെ ആ പുണ്യപുരുഷന്റെ വധത്തിനു കാരണക്കാരായ ഓരോ ആളും ഈ മാരക രോഗത്തിന്നിരയായി മരിച്ചൊടുങ്ങി.

മി. എങ്കസ്സ് ഹെമിൽട്ടൻ എന്ന ചരിത്രകാരൻ എഴുതുന്നു: "1903 ൽ അഫ്ഗാനിസ്താനിലെ കാബൂൾ പട്ടണത്തിലും വടക്ക്, കിഴക്ക് സംസ്ഥാനങ്ങളിലും ശക്തിമത്തായ കോളറപൊട്ടിപുറപ്പെട്ടു. സർദാർ നസ്റുല്ലാഖാൻ (ഇയാളാണ് ശഹീദുമർഹുമിന്റെ മരണത്തിനുള്ള ചരടുവലിച്ച് കൊണ്ടിരുന്നത്) അയാളുടെ ഭാര്യ, മകൻ, രാജകുടുംബത്തിലെ ഒട്ടേറെ പേർ കൂടാതെ ആയിരക്കണക്കിലുള്ള ജനങ്ങൾ ഈ മാരക രോഗത്തിന്നിരയായി". ഈ വധത്തിൽ പങ്കെടുത്ത എല്ലാ മുഫ്ത്തിമാരും മൗലവിമാരും ഈ രോഗത്തിന്റെ മാരക പിടിയിൽ നശിച്ചൊടുങ്ങി. അമീർ ഹബീബുല്ലാഖാൻ ഒരജ്ഞാതന്റെ വെടിയുണ്ടക്കിരയായി മരണപ്പെട്ടു. " അല്ലയോ ഭാഗ്യം കെട്ട ഭൂപ്രദേശമേ, അല്ലാഹുവിന്റെ ദൃഷ്ടിയിൽ നിനക്കു പതനം സംഭവിച്ചു പോയിരിക്കുന്നു. കാരണം, നീ കൊടുംപാതകത്തിന്റെ സ്ഥലമായിമാറിയിരിക്കുന്നു." എന്ന വാഗ്ദത്ത മസീഹിന്റെ വാക്കുകൾ ഈ ഭൂപ്രദേശത്തെ പിടികൂടിയിരിക്കുകയാണ്. 1903 മുതൽ ഇന്നുവരെയുള്ള അഫ്ഗാനിസ്ഥാന്റെ രക്തപങ്കിലമായ ചരിത്രം ഇതിനു സാക്ഷിയാണ്. ഈ ഒരു ശതാബ്ദി കാലത്തിനിടയിൽ വന്ന പല അമീർമാരും ഭരണകർത്താക്കളും വധിക്കപ്പെട്ടു കൊണ്ടിരുന്നു. പല യുദ്ധങ്ങളും രക്തച്ചൊരിച്ചിലുകളും ഭീകര പ്രവർത്തനങ്ങ ളും ഉണ്ടായി. അവസാനം അമേരിക്കയുടെ മാരകാക്രമണത്തിൽ ഇന്ന് അഫ്ഗാൻ ജനത അടിമത്വം പേറിനിൽക്കുന്നു. അങ്ങനെ ഈ ശാപം ഒരു തുടർക്കഥയെന്നോണം ആ നാട്ടി നെ ഗ്രസിച്ചുകൊണ്ടിരിക്കുകയാണ്.

ഇപ്പോഴിതാ മറ്റൊരു ഘോര സംഭവം കൂടി പാകിസ്താനിൽ അരങ്ങേറിക്കൊണ്ടിരിക്കുകയാണ്. അതായത് പാകിസ്താനിലെ മണ്ടി ബഹാവുദ്ദീൻ എന്ന സ്ഥലത്ത് നിന്ന് പത്ത് കിലോ മീറ്റർ ദൂരത്തുള്ള മോങ് എന്ന ഗ്രാമത്തിലെ അഹ്മദിയ്യ മസ്ജിദിൽ ഒക്ടോബർ മാസം 7-ാം തീയതി വെള്ളിയാഴ്ച അഹ്മദികൾ അത്താഴം കഴിച്ചു വ്രതമനുഷ്ഠിച്ച് അഹ്മദിയാ മസ്ജിദിൽ ഫജ്ർ നിസ്കരിച്ചുകൊണ്ടിരിക്കുമ്പോൾ രണ്ടു മൂന്നു പേർ മോട്ടോർസൈക്കിളിൽ വന്നു തുടരെ വെടിവെച്ചു.സംഭവസ്ഥലത്തു വെച്ചു തന്നെ രണ്ടുപേർ രക്തസാക്ഷികളായി. ആറു പേർ ആസ്പത്രിയിൽ ശഹീദാവുകയുണ്ടായി. ഇരുപതു

നിങ്ങളുടെ സ്വയം കൃതമായ തന്ത്രങ്ങളാൽ രക്ഷപ്പെടും എന്നു കരുതുന്നുണ്ടോ? ഒരിക്കലുമില്ല. മനുഷ്യന്റെ ഉപായങ്ങളും തന്ത്രങ്ങളും അവസാനിക്കുന്നതായിരിക്കും. അമേരിക്ക മുതലായ നാടുകളിൽ കഠിനമായ ഭൂകമ്പങ്ങൾ വന്നു. നിങ്ങളുടെ രാജ്യം രക്ഷപ്പെടുമെന്ന് നിങ്ങൾ കരുതരുത്. അതിനേക്കാൾ ഭീകരമായ ആപത്തിന്റെ മുഖം നിങ്ങൾക്ക് കാണുവാൻ പോകുന്നു. അല്ലയോ യൂറോപ്പേ! നീയും സമാധാനത്തിലല്ല. അല്ലയോ ഏഷ്യാ! നീയും സുരക്ഷിതമല്ല. അല്ലയോ ദ്വീപുകളിൽ വസിക്കുന്ന വരേ ഒരു കൃത്രിമ ദൈവവും നിങ്ങളുടെ സഹായത്തിനെത്തുന്നതല്ല. ഞാൻ പട്ടണങ്ങൾ മറിഞ്ഞുവീഴുന്നത് കാണുകയാണ്. ജനബാഹുല്യമുള്ള സ്ഥലങ്ങൾ ജനശൂന്യങ്ങളായിത്തീരുന്നത് ഞാൻ കാണുന്നു. ഏകനായ അല്ലാഹു ഒരു സുദീർഘകാലം മൗനമവലംബിച്ചു. അവന്റെ കൺമുമ്പാകെ വെറുക്കത്തക്ക കൃത്യങ്ങൾ ചെയ്യപ്പെട്ടു. അവൻ മൗനമവലംബിച്ചു. എന്നാൽ ഇപ്പോൾ അവൻ ക്രോധത്തോടുകൂടി തന്റെ മുഖം കാണിക്കുന്നതാണ്. ആ കാലം വിദൂരമല്ല എന്ന് കാതുള്ളവർ കേട്ടു കൊള്ളട്ടെ. അല്ലാഹുവിന്റെ അഭയത്തിൻ കീഴിൽ എല്ലാവരെയും ഒന്നു ചേർക്കാൻ ഞാനങ്ങേയറ്റം ശ്രമിച്ചു. എന്നാൽ അല്ലാഹുവിന്റെ പ്രവചനം പൂർത്തിയാകേണ്ടിയിരിക്കുന്നു. ഈ നാട്ടിന്റെ ഊഴവും അടുത്തിരിക്കുന്നുവെന്ന് ഞാൻ സത്യമായും പറയുന്നു. നൂഹിന്റെ കാലം നിങ്ങളുടെ കൺമുമ്പാകെ വരുന്നതാണ്. ലൂത്തിന്റെ നാട്ടിൽ സംഭവിച്ചത് നിങ്ങൾക്ക് സ്വന്തം കണ്ണു കൊണ്ട് കാണുവാൻ സാധിക്കുന്നതാണ്. എന്നാൽ അല്ലാഹു കോപം വെളിപ്പെടുത്തുന്നതിൽ ധൃതി കാണിക്കുന്നില്ല. നിങ്ങൾ പശ്ചാത്തപിക്കുക. നിങ്ങളുടെ മേൽ കാരുണ്യം ചെയ്യപ്പെടും. അല്ലാഹുവിനെ ഉപേക്ഷിക്കുന്നവൻ ഒരു കീടമാണു, മനുഷ്യനല്ല. അവനെ ഭയപ്പെടാത്തവൻ മൃതനാണ്. ജീവനുള്ളവനല്ല.

(ഹഖീഖത്തുൽ വഹ്യ്) ■

വഹ്‌യ് എന്ന ഗ്രന്ഥത്തിൽ എഴുതുന്നു.

" അല്ലാഹു എനിക്ക് പൊതുവിലുണ്ടാകുന്ന ഭൂകമ്പങ്ങളെക്കുറിച്ചുള്ള അറിയിപ്പുകൾ നൽകിയിരിക്കുന്നു. അതനുസരിച്ച് അമേരിക്കയിലും യൂറോപ്പിലും ഉള്ള വിവിധ പ്രദേശങ്ങളിൽ ഭൂകമ്പങ്ങളുണ്ടായി. ഏഷ്യയിലും വിവിധ പ്രദേശങ്ങളിൽ ഭൂകമ്പങ്ങൾ ഉണ്ടാകുന്നതാണ്. ചിലത് ഖിയാമത്തിന്റെ ദൃശ്യങ്ങൾ തരുന്നവയായിരിക്കും. ചോരപ്പുഴകൾ ഒഴുകുന്ന രീതിയിലുള്ള മരണങ്ങൾ സംഭവിക്കും. മനുഷ്യനുണ്ടായത് മുതൽ സംഭവിക്കാത്ത രീതിയിലുള്ള കഠിനമായ നാശങ്ങൾ ഉണ്ടാകുന്നതായിരിക്കും. പല സ്ഥലങ്ങളും അവിടെ ജനവാസമുണ്ടായിരുന്നില്ലെന്നു തോന്നുമാറു അടിമേൽ മറിഞ്ഞു പോകുന്നതാണ്. അതോടൊപ്പം ആകാശഭൂമികളിൽ ഭയാനകമായ അവസ്ഥ നേരിടുന്നതാണ്. ആ നാളുകൾ വളരെ സമീപസ്ഥമാണ്. അല്ല അവ പടിവാതിൽ ക്കൽ എത്തിയിരിക്കുന്നു. ലോകം ഖിയാമത്തിന്റെ കാഴ്ച കാണുന്നതാണ്. ഭൂകമ്പം മാത്രമല്ല ഭയപ്പെടുത്തു ന്ന പല ആപത്തുകളും വരുന്നതാണ്. ചിലത് ആകാശത്ത് നിന്നായിരിക്കും, ചിലത് ഭൂമിയിൽ നിന്നും. ഇതിനുള്ള കാരണം, മനുഷ്യൻ തന്റെ സ്രഷ്ടാ വും രക്ഷകനുമായ അല്ലാഹുവിനെ ആരാധിക്കുന്നത് ഉപേക്ഷിച്ചു കളഞ്ഞതാണ്. ഞാൻ വന്നില്ലായിരുന്നുവെങ്കിൽ ഈ ആപത്തുകൾ വരുന്നതിനു കാലതാമസം നേരിട്ടിരുന്നേനേ. എന്നാൽ എന്റെ ആഗമനത്തോടുകൂടി ദൈവക്രോധത്തിന്റെ സുദീർ ഘമായി മറഞ്ഞുകിടന്നിരുന്ന ഉദ്ദേശ്യങ്ങൾ പ്രകടമാകാൻ തുടങ്ങി. അല്ലാഹു അരുൾ ചെയ്യുന്നു. "നാം ഒരു പ്രവാചകനെ അയക്കാതെ കണ്ട് ശിക്ഷ ഇറക്കുന്നതല്ല" (ബനീ ഇസ്രായീൽ) പശ്ചാത്തപിക്കുന്നവർക്ക് ശാന്തി ലഭിക്കുന്നതാണ്. ആപത്തുകൾ വരുന്നതിനു മുമ്പെ അതിനെ ഭയപ്പെടുന്നവരോടു കരുണ കാണിക്കപ്പെടും. നിങ്ങൾ

പേർക്ക് ഗുരുതരമായ പരുക്ക് പറ്റി. മരണപ്പെട്ടവരിൽ ഏഴുപതും എഴുപത്തി മൂന്നും വയസ്സുള്ള രണ്ടു വന്ദ്യവയോധികരും. 16 വയസ്സുള്ള ചെറുപ്പക്കാരനും ഉൾപ്പെട്ടിരുന്നു. അല്ലാഹു ഈ ശുഹാദാക്കൾക്കു ജന്നത്തുൽഫിർദൗസിൽ ഉയർന്ന സ്ഥാനം നൽകുമാറാകട്ടെ. പരുക്കുപറ്റിയവർക്ക് വേഗത്തിൽ സുഖം നൽകിയനുഗ്രഹിക്കുമാറാകട്ടെ. ആമീൻ. ഈ ഘോര സംഭവത്തിൽ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് - V തന്റെ അനുയായികളോടു അങ്ങേയറ്റം ക്ഷമകൈക്കൊള്ളുവാൻ ആഹ്വാനം ചെയ്തിരിക്കുന്നു. ഇത്തരം ക്രൂരസംഭവങ്ങൾ മുഖേന സത്യനിഷേധികൾ ദൈവക്രോധം ക്ഷണിച്ചു വരുത്തുകയാണെന്നുകൂടി അദ്ദേഹം ഉണർത്തുകയുണ്ടായി.

ഈ ഘോര സംഭവത്തിന്റെ പിറ്റെ ദിവസം തന്നെ പാകിസ്താനിൽ ഭയാനകമായ ഭൂകമ്പം ഉണ്ടായി. ഔദ്യോഗിക കണക്കനുസരിച്ച് 43,000 പേർ മരണമടയുകയും 63,000 ലധികം പേർക്ക് പരുക്കു പറ്റുകയുമുണ്ടായി. ഈ സംഭവത്തിൽ അഹ്മദികൾ വളരെയധികം വ്യാകുലചിത്തരാണ്. എല്ലാവിധത്തിലുള്ള ദുരിതാശ്വാസ പ്രവർത്തനങ്ങളിലും അവർ മുഴുകിയിരിക്കുകയാണ്. ഇതുസംബന്ധിച്ച് ഹദ്റത്ത് ഖലീഫത്തുൽ മസീഹിന്റെ ഖുത്ബ പ്രഭാഷണത്തിന്റെ സംക്ഷിപ്തം അന്യത്ര ചേർത്തിട്ടുണ്ട്. ഈ ഭൂകമ്പത്തിൽ ഒരഹ്മദിക്കും ജീവനാശമുണ്ടായിട്ടില്ലെന്നത് ഇവിടെ പ്രത്യേകം പ്രസ്താവ്യമാണ്. നിന്റെ ഭവനത്തിന്റെ നാലുചുവരുകൾക്കുള്ളിൽ അതായത് ജമാഅത്തിനകത്തുള്ള വരെ താൻ സംരക്ഷിക്കുന്നതാണെന്ന ദൈവീക വാഗ്ദാനം ഇവിടെയും സാക്ഷാൽക്കരിക്കപ്പെട്ടു. ഭൂകമ്പങ്ങളെക്കുറിച്ചും അവയുണ്ടാക്കുന്ന കാരണങ്ങളെക്കുറിച്ചും ഉള്ള ഹദ്റത്ത് മഹ്ദി മസീഹ് (അ)ന്റെ ഒരു ദീർഘ ദർശനം ഇവിടെ രേഖപ്പെടുത്തുന്നത് ഉചിതമാണെന്നു കരുതുന്നു. അദ്ദേഹം 1907ൽ രചിച്ച ഹഖീഖത്തുൽ

ലേഖനം

# വിശുദ്ധ ഖുർആനും സമുദ്രശാസ്ത്രവും

എ. എം. മുഹമ്മദ് സലിം

**ജീവൻ അങ്കുരിച്ച സമുദ്രങ്ങൾ ഭൂമിയുടെ വരദാനമാണ്. ബൃഹത്തായ ജലരാശികൾ ഉൾക്കൊള്ളുന്ന ഭൂമി പ്രപഞ്ച വിസ്മയങ്ങളിലൊന്നത്രെ**

മനുഷ്യൻ അധിവസിക്കുന്ന ഭൂമിയെ അതീവ സുന്ദരവും അത്ഭുതകരവുമായിട്ടാണ് അല്ലാഹു സൃഷ്ടിച്ചിരിക്കുന്നത്. ബഹിരാകാശത്ത് നിന്നു നോക്കുമ്പോൾ ഭൂമി ചേതോഹരമായ ഒരു കാഴ്ചയാണെന്ന് ഗഗനചാരികൾ പറയുന്നു. ഭൂമിക്ക് നയനമനോഹരമായ ഈ ദൃശ്യം സമ്മാനിച്ചത് സമുദ്രങ്ങളാണ്. ജലാഭരണ വിഭൂഷിതയായ വസുന്ധരയെ അതുകൊണ്ടാണ് ശാസ്ത്രജ്ഞന്മാർ നീല ഗ്രഹം (Blue Planet) എന്ന് വിളിക്കുന്നത്.

സമുദ്രങ്ങളെ പറ്റിയുള്ള പഠനമാണ് സമുദ്ര ശാസ്ത്രം (Oceanography). സമുദ്രജലത്തിന്റെ ഉദ്ഭവം, സമുദ്രജലത്തിൽ നിന്നും ജീവന്റെ ഉദ്ഭവം, ജീവികളുമായി അതിനുള്ള ബന്ധം, സമുദ്രജലത്തിന്റെ ഭൗതിക രാസ-ജൈവിക ഗുണങ്ങൾ, കാലാവസ്ഥയിൽ സമുദ്രങ്ങൾ ചെലുത്തുന്ന സ്വാധീനങ്ങൾ, മനുഷ്യസംസ്കാരത്തിൽ ചെലുത്തുന്ന സ്വാധീനങ്ങൾ തുടങ്ങി അതിബൃഹത്തായ ഒരു വിജ്ഞാനശാഖയാണ് സമുദ്രശാസ്ത്രം.

അത്ഭുതങ്ങളുടെയും നിഗൂഢതകളുടെയും അനന്തവൈചിത്ര്യങ്ങൾ ഉള്ളിലൊതുക്കി നിതാന്തശാന്തതയോടെ വർത്തിക്കുന്ന സമുദ്രം ചിലപ്പോൾ സംഹാരമൂർത്തിയാകാറുണ്ട്. വാസ്തവത്തിൽ മനുഷ്യനെ ചിന്താധീനനാക്കുന്ന അല്ലാഹുവിന്റെ അത്ഭുത സൃഷ്ടിയാണ് സമുദ്രങ്ങൾ.

## എക്സോബയോളജിയും ഏഴ് ഭൂമികളും

പ്രപഞ്ചത്തിലെവിടെയെങ്കിലും ജീവന്റെ സ്ഫുരണങ്ങൾ ഉണ്ടോ എന്ന് അന്വേഷിക്കുന്ന ശാസ്ത്രമാണ് പ്രപഞ്ച ജീവശാസ്ത്രം (Exobiology). ജീവന്റെ ഉദ്ഭവം, വികാസം വിതരണം എന്നിവ പ്രപഞ്ചത്തിന്റെ മഹാപരിപ്രേക്ഷ്യത്തിൽ പ്രപഞ്ച ജീവശാസ്ത്രം പരിശോധിക്കുന്നു. ഗ്രഹങ്ങളുടെ ഉദ്ഭവവികാസങ്ങൾ ജീവനുമായി ബന്ധപ്പെടുത്തി പഠിക്കുക എന്നത് ഈ ശാസ്ത്രശാഖയുടെ പ്രധാന വിഷയമാണ്.

മനുഷ്യൻ അറിഞ്ഞേടത്തോളം പ്രപഞ്ചത്തിൽ ദ്രവ രൂപത്തിലുള്ള ജലമുള്ള ഒരേയൊരു ഗ്രഹം വമ്പിച്ച ജലമണ്ഡലങ്ങളുള്ള നമ്മുടെ ഭൂമിയാണ്. വാനലോകത്തിനു കീഴിൽ ബൃഹത്തായ സമുദ്രങ്ങളെയും വഹിച്ച് അതിശീഘ്രം കറങ്ങിക്കൊണ്ടിരിക്കുന്ന ഭൂമി ദൈവത്തിന്റെ അതുല്യ സൃഷ്ടിയാണ്. ബുദ്ധിമാന്മാർ അല്ലാഹുവിന്റെ അപാരമായ ഈ അനുഗ്രഹ വായ്പുകളെ അനുസ്മരിക്കുമെന്ന് ഖുർആൻ പറയുന്നു.

*ആകാശ ഭൂമികളുടെ സൃഷ്ടിപ്പിലും രാവും പകലും മാറി മാറി വരുന്നതിലും തീർച്ചയായും ബുദ്ധിമാന്മാർക്ക് പല ദൃഷ്ടാന്തങ്ങളുമുണ്ട്. (3:191)*

ജലവും ജീവനും തമ്മിലുള്ള ബന്ധം അഭേദ്യമാണ്. ജീവന്റെ ഉത്ഭവമുണ്ടായതും അതിനെ വളർത്തുന്നതും നിലനിർത്തുന്നതും ജലമണ്ഡലമാണ്. ഖുർആൻ പറയുന്നു: *'ചരിക്കുന്ന എല്ലാ ജീവികളേയും അല്ലാഹു വെള്ളത്തിൽ നിന്ന് സൃഷ്ടിച്ചിരിക്കുന്നു'.* (24:46). ഈ ജലസാന്നിദ്ധ്യമാണ് ഭൂമിയെ ജീവജാലങ്ങളുടെ ആവാസ കേന്ദ്രമാക്കിയത്. പ്രപഞ്ച സ്രഷ്ടാവായ അല്ലാഹു ഇക്കാര്യം ഖുർആനിൽ ഇങ്ങിനെ പ്രതിപാദിക്കുന്നു. *ഭൂമിയെ അവൻ അവന്റെ ജീവ ജാലങ്ങൾക്ക് വേണ്ടി സൃഷ്ടിച്ചു (55:11).*

എക്സോബയോളജി ഗ്രഹങ്ങളിൽ ജീവൻ നിലനിൽക്കാനാവശ്യമായ ജലം ഉണ്ടോ എന്നാണ് പ്രാഥമികമായി അന്വേഷിക്കുന്നത്. വിശുദ്ധ ഖുർആൻ പറഞ്ഞ ജലവും ജീവനും തമ്മിലുള്ള അഭേദ്യമായ ബന്ധത്തെ ആധാരമാക്കി തന്നെ

യാണ് ശാസ്ത്രവും ജീവന്റെ സ്ഫുരണങ്ങൾ ആരായുന്നത്. ജീവൻ അങ്കുരിച്ചതും ജീവനെ നിലനിർത്തുന്നതും ജലമാണ്. അതുകൊണ്ടാണ് ഒഴുകുന്ന ദ്രവജലമുള്ള ഭൂമി പ്രപഞ്ച ജീവശാസ്ത്രത്തിൽ പ്രാധാനപ്പെട്ട ഒരിടമായി മാറുന്നത്. വിശുദ്ധഖുർആൻ പറയുന്നു:

*'ആകാശങ്ങളും ഭൂമിയും പരസ്പരം ഒട്ടിപ്പിടിച്ചതായിരുന്നു. പിന്നെ നാം അവയെ വേർപ്പെടുത്തുകയും ജീവനുള്ള എല്ലാ വസ്തുക്കളേയും നാം വെള്ളത്തിൽ നിന്ന് ഉണ്ടാക്കുകയും ചെയ്തു. എന്നിട്ട് അവർ വിശ്വസിക്കുന്നില്ലേ. (21:30)*

പ്രപഞ്ചം ആദിയിൽ ഒന്നായിരുന്നുവെന്നും പിന്നീട് മഹാവിസ്ഫോടനത്തിലൂടെ ഗോള വ്യവസ്ഥകൾ ഉടലെടുത്തുവെന്നും അങ്ങിനെയാണ് ജീവന് ആതിഥ്യമരുളിയ ജലസമൃദ്ധമായ ഭൂമി നിലവിൽ വന്നതെന്നും ഈ വചനം ചൂണ്ടിക്കാട്ടുന്നു. മാത്രമല്ല ജലം ഉല്പാദിപ്പിക്കാനാവശ്യമായ ഭൗതിക ഘടകങ്ങൾ ആദിയിൽ ഒന്നായി നിന്നിരുന്ന ബ്രഹ്മാണ്ഡ പിണ്ഡത്തിൽ തന്നെ ഉണ്ടായിരുന്നു എന്നും ഖുർആൻ സൂചിപ്പിക്കുന്നു. ഭൗതികമായ അനുകൂല ഘടകങ്ങളുടെ സാന്നിദ്ധ്യത്തിൽ ദ്രവജലം മറ്റു ഗോളങ്ങളിലും ഉണ്ടാവാനുള്ള സാദ്ധ്യതയിലേക്കും ഈ വചനം വിരൽചൂണ്ടുന്നു.

നമ്മുടെ സൗരയൂഥത്തിൽ ആകെ ഒമ്പത് ഗ്രഹങ്ങളുള്ളതിൽ നാലെണ്ണം ഭൗമഗ്രഹങ്ങൾ (Terrestrial Planets) എന്നാണ് അറിയപ്പെടുന്നത്. ബുധൻ, ശുക്രൻ, ഭൂമി, ചൊവ്വ എന്നിവയാണ് ആ ഗ്രഹങ്ങൾ. അതായത് ഭൂമിയുടെ ഘടനയുമായി ഏകദേശ സാമ്യതയുള്ള ഗ്രഹങ്ങളെയാണ് ഭൗമ ഗ്രഹങ്ങൾ എന്ന് പറയുന്നത് വിശുദ്ധഖുർആനിലെ ശ്രദ്ധേയമായൊരു വചനം ഇങ്ങിനെയാണ്.

*'അല്ലാഹു ഏഴ് ആകാശങ്ങളേയും അതിനു തുല്യം ഭൂമിയും സൃഷ്ടിച്ചവനത്രെ. അല്ലാഹു അവർക്കിടയിൽ കല്പനകളിറക്കുന്നു. അല്ലാഹു എല്ലാ കാര്യത്തിനും പൂർണകഴിവുള്ളവനാണെന്നും അല്ലാഹു സകല വസ്തുക്കളേയും അറിവിനാൽ വലയം ചെയ്തിരിക്കുന്നുവെന്നും നിങ്ങളറിയുന്നതിനു വേണ്ടി (65:13)*

ഈ വചനത്തിൽ ഭൂമിയേപോലെയുള്ള മറ്റു ഗ്രഹങ്ങൾ പ്രപഞ്ചത്തിൽ ഉണ്ടെന്ന് ഖുർആൻ അസന്നിഗ്ധമായി പറയുന്നു. ഇപ്പോഴത്തെ പല ഗ്രഹങ്ങളും ഒരു കാലത്ത് ഭൂമിയേ പോലെ ആയിരിക്കാനും മതി. നമ്മുടെ സൗരയൂഥത്തിലെ നാലു ഗ്രഹങ്ങളെ തന്നെ ഭൂമിയോടുള്ള സാദൃശ്യം കാരണം 'ഭൗമഗ്രഹങ്ങൾ' എന്നാണ് ശാസ്ത്രം വിളിക്കുന്നത് എന്ന് മുകളിൽ പ്രതിപാദിച്ച കാര്യം ഓർക്കുമല്ലോ. പ്രപഞ്ചത്തിലെവിടെങ്കിലും ജീവന് ആതിഥ്യമരുളിയ ഭൂമിയെപ്പോലെയുള്ള ഗ്രഹങ്ങൾ ഉണ്ടാവാനുള്ള സാധ്യതയിലേക്കാണ് ഇതെല്ലാം വിരൽചൂണ്ടുന്നത്.

*'സകല ഉത്കൃഷ്ട നാമങ്ങളും അവനുള്ളതത്രെ. ആകാശ മണ്ഡലങ്ങളിലും ഭൂമിയിലുമുള്ളവർ അവന്റെ മഹത്വം പ്രകീർത്തിക്കുകയും അവന്റെ പരിശുദ്ധിയെ വാഴ്ത്തുകയും ചെയ്യുന്നു. അവൻ സർവ്വ വല്ലഭനും സർവ്വജ്ഞനുമത്രെ. (59:25)'* എന്ന ഖുർആൻ വചനം വ്യാഖ്യാനിച്ചുകൊണ്ട് വാഗ്ദത്ത മസീഹ് ഹദ്റത്ത് അഹ്മദ് (അ) പറയുന്നു: 'ആകാശഗോളങ്ങളിലും പാർപ്പുകാരുണ്ടെന്നും അവർ ദൈവത്തിന്റെ മാർഗ്ഗദർശനത്തിൽ വർത്തിക്കുന്നവരാണെന്നും ഈ വചനം സൂചിപ്പിക്കുന്നുണ്ട്.' (ഇസ്ലാംമത തത്ത്വജ്ഞാനം).

*'ആകാശങ്ങളിലും ഭൂമിയിലും അവ രണ്ടിലും അവൻ വ്യാപിപ്പിച്ച ജീവികളുടെ സൃഷ്ടിപ്പ് അവന്റെ അടയാളങ്ങളിൽ പെട്ടതാണ്. അവനുദ്ദേശിക്കുമ്പോൾ അവയെ ഒരുമിച്ചുകൂട്ടാൻ അവൻ കഴിവുള്ളവനത്രെ.'* (42:30). ഈ ഖുർആൻ വചനത്തിന് വിശദീകരണം നൽകികൊണ്ട് ഖലീഫത്തുൽ മസീഹ് നാലാമൻ പറഞ്ഞ കാര്യം കൂടി സന്ദർഭവശാൽ ഇവിടെ പ്രതിപാദിക്കട്ടെ. ' ഈ വചനത്തിന്റെ രണ്ടാം ഭാഗത്തിൽ ഭൗമേതര ജീവികളുടെ സാദ്ധ്യത പറയുക മാത്രമല്ല അവ നിലനിൽക്കുന്നു എന്ന് അസന്നിഗ്ദ്ധമായി പ്രഖ്യാപിക്കുകയും ചെയ്യുന്നു............. ഈ വചനത്തിന്റെ അവസാന ഭാഗത്ത് അല്ലാഹു ഉദ്ദേശിക്കുമ്പോൾ ആകാശത്തും ഭൂമിയിലുമുള്ള ജീവികളെ ഒരുമിച്ചു കൂട്ടുമെന്ന് നാം വായിക്കുന്നു. 'ജംഇഹിം' എന്ന അറബി പദം ഭൂമിയിലോ മറ്റെവിടെയെങ്കിലുമോ ഉള്ള ജീവികളെ ഒന്നിച്ചു ചേർക്കുന്നതിനെപ്പറ്റിയുള്ള വ്യക്തമായ പരാമർശമാണ്. (Revelation Rationality Knowledge and Truth - By Hazrath Mirza Tahir Ahmad P. 331).

## ചൊവ്വയിലെ ജലം എങ്ങോട്ടു പോയി?

ഭൗമ ഗ്രഹങ്ങളിൽപെട്ട ചൊവ്വ ഗ്രഹത്തെയാണ് ഗോളശാസ്ത്രം ഏറ്റവും കൂടുതൽ നിരീക്ഷണത്തിന് വിധേയമാക്കിയത്. 1960 –70 കളിൽ ശീതയുദ്ധകാലത്ത് റഷ്യയും അമേരിക്കയും നിരവധി ബഹിരാകാശ ദൗത്യങ്ങൾ മത്സര ബുദ്ധിയോടെ ചൊവ്വയെ ലക്ഷ്യമാക്കി നടത്തുകയുണ്ടായി. പിന്നീട് കുറേ വർഷങ്ങളുടെ ഇടവേളക്ക് ശേഷം 1996 ൽ അമേരിക്കയുടെ ബഹിരാകാശ ഗവേഷണ സ്ഥാപനമായ 'നാസ' ചൊവ്വാ പഠനത്തിന് M.G.M. (Mars Global Mission) എന്ന പദ്ധതി ആരംഭിക്കുകയായിരുന്നു. 1996 ൽ അമേരിക്ക വിക്ഷേപിച്ച 'പാത്ത് ഫൈന്റർ' എന്ന ചൊവ്വാ ദൗത്യബഹിരാകാശയാനം 1997 ൽ ചൊവ്വയെ പ്രാപിക്കുകയും സമഗ്രവും സൂക്ഷ്മവുമായ പഠനങ്ങൾ നടത്തുകയുമുണ്ടായി. അതിൽ നിന്നും ചൊവ്വ ഗ്രഹത്തിൽ ഒരു കാലത്ത് ഒഴുകിക്കൊണ്ടിരുന്ന ദ്രവജലമുണ്ടായിരുന്നു എന്ന് അനിഷേധ്യമാം വിധം തെളിയുകയുണ്ടായി. ഭൂമിയിൽ നിന്നും ചൊവ്വയെ ആദ്യമായി ദൂരദർശിനിയിലൂടെ നോക്കിക്കണ്ടത് മഹാനായ ശാസ്ത്ര പ്രതിഭ ഗലീലിയോ തന്നെയായിരുന്നു. പിന്നീട് നടന്ന പല നിരീക്ഷണങ്ങ

ളിൽ ചൊവ്വയിൽ കാണപ്പെട്ട നീർചാലുകൾ പോലെയുള്ള അടയാളങ്ങൾ അവിടെ വെള്ളവും തോടുകളും കൃഷിയും ജീവികളുമെല്ലാമുണ്ടെന്ന അഭ്യൂഹങ്ങളും കഥകളും ലോകം മുഴുവൻ പ്രചരിക്കാനിടയായി. അത്തരം ഊഹാപോഹങ്ങൾക്കെല്ലാം വിരാമമിട്ടു കൊണ്ട് ചൊവ്വയിൽ ജീവികളില്ലെങ്കിലും ഒരുകാലത്ത് ഒഴുകുന്ന വെള്ളം ഉണ്ടായിരുന്നുവെന്നും ജലസമൃദ്ധിയുണ്ടായിരുന്ന ആ കാലത്ത് ഒഴുകിയ വെള്ളത്തിന്റെ അടയാളങ്ങളായിരുന്നു ചാലുകളെന്നും 1997-ൽ പാത്ത് ഫൈന്റർ നിരവധി നിരീക്ഷണ പരീക്ഷണങ്ങളിലൂടെ തെളിയിക്കുകയുണ്ടായി. ചൊവ്വയുടെ ഉപരിതലത്തിലെ പാറക്കല്ലുകളുടെ വിന്യാസം ജലപ്രളയത്തിൽപ്പെട്ടു വിസ്തരണം സംഭവിച്ച നിലയിലായിരുന്നു എന്നും പാത്ത് ഫൈന്റർ കണ്ടെത്തി. മാത്രമല്ല ചൊവ്വയുടെ ധ്രുവങ്ങളിൽ തണുപ്പുകാലത്ത് (സൂര്യനിൽ നിന്ന് അകലുന്ന സമയം) കനക്കുകയും വേനൽകാലത്ത് (സൂര്യനോട് അടുക്കുന്ന സമയം) മെലിയുകയും ചെയ്യുന്ന വെളുത്ത തൊപ്പി ഖരരൂപത്തിലുള്ള അവശിഷ്ട ജലവും കാർബൺഡയോക്സൈഡുമാണെന്നും തെളിയിക്കപ്പെടുകയുണ്ടായി. ഒരു കാലത്ത് സമൃദ്ധമായ ജലമുണ്ടായിരുന്ന ചൊവ്വയിലെ വെള്ളം എങ്ങോട്ട് പോയി? ശാസ്ത്രലോകത്തെ കുഴക്കുന്ന ഒരു സമസ്യയാണിത്. ഒരു പക്ഷേ ചൊവ്വയിൽ അതിപുരാതന കാലത്ത് ജീവനും ജീവിതവും നാഗരികതകളും സംസ്കാരങ്ങളും ഉണ്ടായിരുന്നുകൂടെന്നില്ല. പക്ഷേ ഇപ്പോൾ ചൊവ്വ ശ്മശാനംപോലെ മൂക നിശബ്ദമാണ്. വിശദീകരിക്കാൻ കഴിയാത്ത എന്തോ കാരണങ്ങളാൽ ചൊവ്വയിലെ വെള്ളം അപ്രത്യക്ഷമാകുകയാണുണ്ടായത്. ഒരു പക്ഷേ സൂര്യനെ ചുറ്റുന്ന ഭ്രമണവൃത്തം മാറിയതുകൊണ്ടോ, ചൊവ്വയുടെ ഭൂമിശാസ്ത്രത്തിലുണ്ടായ മാറ്റം കൊണ്ടോ അന്തരീക്ഷ മർദ്ദം കുറഞ്ഞതുകൊണ്ടോ ഉൽക്കകൾ ഇടിച്ചതുകൊണ്ടോ ആകാം ജലനിഷ്ക്രമണം എന്ന അത്യാഹിതം ചൊവ്വയിൽ സംഭവിച്ചത്.

## ദ്രവജലം ഭൂമിയുടെ വരദാനം

സമുദ്രങ്ങളാണ് ഭൂമിയെ അനുഗ്രഹകേദാരമാക്കി മാറ്റുന്നത്. മൊത്തം ജലത്തിന്റെ 97 ശതമാനം സമുദ്രജലമാണ്. 3 ശതമാനം മാത്രമാണ് ശുദ്ധജലം. അതിൽ തന്നെ 80 ശതമാനം ഐസ് ആയി ധ്രുവപ്രദേശങ്ങളിൽ നിൽക്കുന്നു. ബാക്കിയത്രയും സമുദ്രത്തിലെ ലവണജലമാണ്. ബാഷ്പീകരണത്തിന് വിധേയമായിക്കൊണ്ട് ശുദ്ധജലത്തിന്റെ അക്ഷയ സ്രോതസ്സായി വർത്തിക്കുന്നതും ലവണജലം നിറഞ്ഞ സമുദ്രങ്ങൾ തന്നെയാണ്. നവീകരിക്കപ്പെട്ടുകൊണ്ടിരിക്കുന്ന ഭൂമിയിലെ ഈ അനുഗ്രഹീത ചാക്രിക സംവിധാനത്തെ സംബന്ധിച്ച് ഖുർആൻ ചോദിക്കുന്നു.

*"നിങ്ങൾ കുടിക്കുന്ന വെള്ളത്തെക്കുറിച്ച് നിങ്ങൾ നിരീക്ഷിച്ചിട്ടുണ്ടോ നിങ്ങളാണോ അത് മേഘത്തിൽ നിന്ന് ഇറക്കിയത്. അതല്ല അതിറക്കുന്നത് നാമാണോ. നാം ഉദ്ദേശിക്കുന്ന പക്ഷം നാം അതിനെ കടുത്ത ഉപ്പുരസമുള്ളതാക്കുമായിരുന്നു. അപ്പോൾ എന്തുകൊണ്ട് നിങ്ങൾ നന്ദികാണിക്കുന്നില്ല. (56:69)*

ജലം ദ്രവരൂപത്തിൽ ഭൂമിയിൽ നിൽക്കണമെങ്കിൽ പ്രപഞ്ച സംവിധാനത്തിന്റെ തന്നെ നിരവധി അനുകൂലഘടകങ്ങൾ വേണം. അതായത് മനുഷ്യകരങ്ങൾക്കതീതമായ അതിസങ്കീർണ്ണമായ പ്രാപഞ്ചിക സന്തുലിതാവസ്ഥയിൽ മാത്രമെ നമ്മുടെ ജീവന് ആധാരമായ ജലം ദ്രവരൂപത്തിൽ നിൽക്കുകയുള്ളൂ. പരമകാരുണികനായ അല്ലാഹു സൃഷ്ടിച്ച ആ ബ്രഹ്മാണ്ഡ സംവിധാനത്തെസംബന്ധിച്ചാണ് ഖുർആൻ പറയുന്നത്.

*"ആകാശത്തെ അവൻ ഉയർത്തുകയും സന്തുലനം (Balance) സ്ഥാപിക്കുകയും ചെയ്തിരിക്കുന്നു. (55:8). അല്ലാഹുവത്രെ സത്യപൂർണ്ണമായ നിലയിൽ ഗ്രന്ഥത്തേയും തുലമാനത്തേയും ഇറക്കിയവൻ. ആ നിശ്ചിത സമയം ആസന്നമായേക്കാമെന്ന കാര്യം നിനക്ക് അറിവ് തരുന്നതെന്താണ് അതിൽ വിശ്വസിക്കാത്തവൻ അതിന്നായി ധൃതികൂട്ടുന്നു. വിശ്വസിച്ചവരാകട്ടെ അതിനെപ്പറ്റി ഭയവിഹ്വലരാണ്. (42:18,19)"*

പ്രപഞ്ച സംവിധാനത്തിൽ ഭൂമിക്ക് ഒരു സന്തുലന വ്യവസ്ഥ നിർണ്ണയിച്ചു നൽകിയത് നാം ശ്രദ്ധിക്കേണ്ടതുണ്ട്. ഭൂമിയുടെ അച്ചുതണ്ടിന് 23.5 ഡിഗ്രി ചരിവ് ഉള്ളതുകൊണ്ടാണ് ഭൂമിയിൽ ഋതുഭേദങ്ങളുണ്ടാവുന്നതും ഭൂമിയിലെ ജലം, ഖരം ദ്രാവകം, വാതകം എന്നീ മൂന്നവസ്ഥകളിൽ വിന്യസിക്കപ്പെട്ട് ഭൂമിയെ ജീവയോഗ്യമാക്കി മാറ്റുന്നതും. ഭൂമദ്ധ്യരേഖയിൽ നിന്നും 23.5 ഡിഗ്രി വരെ ഉഷ്ണമേഖല (Torrid Zone) ആണ്. ഇവിടെ സമുദ്രം സൂര്യന് ഏറ്റവും കൂടുതൽ അഭിമുഖമായി നിൽക്കുന്നത് കൊണ്ട് ഇവിടുത്തെ ദ്രവജലം കൂടുതലായി ബാഷ്പീകരിക്കപ്പെട്ട് വാതകാവസ്ഥ പ്രാപിക്കുന്നു. 23. 5 ഡിഗ്രി മുതൽ 66.5 ഡിഗ്രിവരെ മിതശീതോഷ്ണ മേഖലയാണ്. (Temperate Zone) ഈ ഭാഗത്ത് സമുദ്രജലം ബാഷ്പീകരണം കുറവാണ്. 66. 5 മുതൽ ധ്രുവബിന്ദു വരെ ശീത മേഖല (Frigid Zone) ആണ്. ഇവിടെ ജലം കൂടുതലായി ഖരാവസ്ഥയിൽ ഹിമരൂപത്തിൽ കാണപ്പെടുന്നു. ഇനി നമുക്ക് ഭൂമിയിൽ അല്ലാഹു സ്ഥാപിച്ച സന്തുലനസംവിധാനത്തിന്റെ ഏതാനും ഉദാഹരണങ്ങൾ നോക്കാം. ഭൂഗോളം ഇപ്പോഴുള്ള ഭ്രമണപഥത്തിൽ നിന്നും സൂര്യനോട് അല്പം അടുക്കുകയാണെങ്കിൽ ഭൂമിയിലെ വായുവും ജലവും മുഴുവൻ ബാഷ്പമായി സ്പേയ്സിലേക്ക് പാലായനം ചെയ്യും. ഇന്നുള്ള ഭ്രമണ വൃത്തത്തിൽ നിന്നും അല്പം അകലെയാണെങ്കിൽ ഭൂമിയിലെ ജലം മുഴുവൻ ഖരജലമായി അഥവാ ഐസായി പോകും. അതുപോലെ ഭൂമിയുടെ ഗുരുത്വാകർഷണശക്തി കുറഞ്ഞുപോയാൽ വായുമണ്ഡലവും കൂടെ ജലവും ഇല്ലാതാവും. കൂടിയാൽ വായുമണ്ഡലം ഖനീഭവിക്കുകയും ജലത്തിന്റെ ഘടന മാറുകയും ചെയ്യും.

ഭൂമിയിലെ അന്തരീക്ഷത്തിൽ 78% നൈട്രജനും 21% ഓക്സിജനും .03% കാർബൺഡയോക്സൈ ഡും മറ്റു വാതകങ്ങളുമടങ്ങിയതാണ്. ഇതിന്റെ അനുപാതത്തിൽ ചെറിയ വ്യതിയാനം സംഭവിച്ചാൽ ജലം ദ്രവരൂപത്തിൽ ഭൂമിയിൽ നില്ക്കില്ല. അന്തരീക്ഷത്തിലെ കാർബൺ ഡയോക്സൈഡിന്റെ അളവ് 0.03 ആണ്. ഭൂമിയിൽ ജലം ദ്രാവകാവസ്ഥയിൽ നിൽക്കാനും ജീവൻ നിലനിർത്താനുമാവശ്യമായ ഏറ്റവും അനുകൂലമായ തോതാണിത്. ഇതിനേക്കാൾ കുറഞ്ഞ തോതിലാണ് കാർബൺഡയോക്സൈഡിന്റെ അളവെങ്കിൽ അന്തരീക്ഷത്തിൽ സൂര്യതാപത്താൽ ഏൽക്കുന്ന ചൂടിന്റെ പ്രസരണത്തോത് കുറയുകയും കാലാവസ്ഥതകിടം മറിയുകയും പല സമുദ്രങ്ങളും ഹിമമായി രൂപപ്പെടുകയും ചെയ്യും. മാത്രമല്ല, കരയിലും കടലിലുമുള്ള സസ്യജാലങ്ങളുടെ നിലനില്പിന് തടസ്സം നേരിടുകയും അവഭക്ഷിച്ചുജീവിക്കുന്ന ജന്തുലോകം നശിച്ചൊടുങ്ങുകയും ചെയ്യും. ഇനി കാർബൺഡയോക്സൈഡിന്റെ അളവ് അല്പം കൂടിയാലോ ഭൗമോപരിതലത്തിലെ സൂര്യരശ്മികൾ കാർബൺ ഡയോക്സൈഡിൽ തട്ടി ഭൂമിയിലേക്ക് ഇൻഫ്രാറെഡ് രശ്മികളായി പതിച്ച് ഭൂമിയിലെ താപനില ഗണ്യമായി ഉയരുകയും ധ്രുവങ്ങളിലെ മഞ്ഞുപാളികൾ ഉരുകി ജലപ്രളയവും കരനഷ്ടവും ഉണ്ടാവും. ജലബാഷ്പം വർദ്ധിച്ച് കാലാവസ്ഥ ആകെ അസ്ഥിരമാവുകയും ചെയ്യും. ഇങ്ങിനെ എണ്ണിയാലൊടുങ്ങാത്ത അതിസങ്കീർണമായ അനുകൂലാവസ്ഥകളുടെ സാകല്യത്തിലാണ് ഭൂമിയിൽ ജലം ദ്രാവകാവസ്ഥയിൽ നിലനിൽക്കുന്നതും നമ്മുടെ ഭൂമി വാസയോഗ്യമായതും.

അല്ലാഹു ഖുർആനിൽ പറയുന്നു: *'അപ്പോൾ അവരുടെ മുമ്പിലും പിമ്പിലുമുള്ള ആകാശത്തേയും ഭൂമിയേയും അവർ നോക്കിക്കാണുന്നില്ലേ? നാം ഉദ്ദേശിക്കുന്ന പക്ഷം ഭൂമി അവരെ ഗ്രസിക്കാനിടയാകുമോ അല്ലെങ്കിൽ ആകാശത്ത് നിന്നൊരു വിപത്ത് അവരുടെ മേൽ വീഴ്ത്തുകയോ ചെയ്യുന്നതാണ്. പശ്ചാത്തപിച്ചു മടങ്ങുന്ന ഓരോ ദാസനും തീർച്ചയായും ഇതിൽ അടയാളമുണ്ട്. (34:10).*

ചുരുക്കത്തിൽ ജലം ദ്രവരൂപത്തിൽ നിൽക്കുക എന്നത് തീരെ അസാധ്യവും ഭൂമിയിൽ മാത്രം ഉള്ളതുമായ അത്യപൂർവ്വമായൊരു പ്രതിഭാസമാണ്. ജലനഷ്ടം വന്ന് വന്ധ്യയായി മാറിയ ചൊവ്വയെക്കുറിച്ച് നമുക്കിന്നറിയാം. നിതാന്തവിജനതയുടെ മൂകഭീകരമായ ചുകപ്പ് നിറവും പേറി ആകാശപരപ്പിൽ അത് നിലകൊള്ളുന്നു. ജലസമൃദ്ധിയിൽ ജീവിതോത്സവങ്ങൾ ആഘോഷിക്കുന്ന ഭൂവാസികളായ നമ്മെ നോക്കി വിശുദ്ധഖുർആൻ ചോദിക്കുന്ന അർത്ഥഗർഭമായ ഒരു ചോദ്യം നമ്മെ ചിന്താധീനരാക്കുന്നില്ലേ? ചോദ്യമിതാണ്.

*'പറയുക നിങ്ങൾ ചിന്തിച്ചിട്ടുണ്ടോ? നിങ്ങളുടെ വെള്ളം വറ്റിപ്പോയാൽ ഒഴുകുന്ന ശുദ്ധജലം നിങ്ങൾക്ക് ആരാണ് കൊണ്ടുവന്നുതരിക' (67-31).*

ഈ ഭൂമിയുടെ അവസ്ഥ കാലാകാലവും ഇങ്ങിനെതന്നെ തുടരണമെന്നില്ല എന്ന് ഖുർആൻ പറഞ്ഞ കാര്യവും നാം സ്മരിക്കുക. സർവ്വശക്തനായ അല്ലാഹു ഉദ്ദേശിക്കുകയാണെങ്കിൽ ഭൂമി മറ്റൊരു ഭൂമിയായി മാറ്റപ്പെടുമെന്ന് ഖുർആൻ പറയുന്നു.

*'ഈ ഭൂമി മറ്റൊരു ഭൂമിയായി മാറ്റപ്പെടുന്ന നാളിൽ. (അപ്രകാരം) ആകാശവും മാറ്റപ്പെടുന്ന നാളിൽ' (14:49)*

ഭൂമി സൃഷ്ടിക്കപ്പെട്ട നാൾ മുതൽ പല ഹിമയുഗങ്ങൾക്കും (Ice Age) വിധേയമായിട്ടുണ്ടെന്ന് ഭൂവിജ്ഞാനികൾ (Geologist) പറയുന്നു. ഭൂമിയുടെ തെക്കും വടക്കുമായി 15 മുതൽ 30 ശതമാനം വരെ സമുദ്രജലം ഐസ് ആയി പോവുന്നതിനേയാണ് ഹിമയുഗം എന്ന് പറയുന്നത്. ഇത് ചാക്രികസ്വഭാവമുള്ള ഒരു പ്രതിഭാസമാണെന്നും ലക്ഷക്കണക്കിന് വർഷത്തെ ഇടവേളകളിൽ ഇത് ആവർത്തിക്കപ്പെടാമെന്നും ശാസ്ത്രലോകം പറയുന്നു. ലോകപ്രശസ്തനായ യുഗോസ്ലാവിയൻ ശാസ്ത്രജ്ഞൻ മിലൂട്ടിൻ മിലങ്കോവിച്ച് (Milutin Milankovitch) ആണ് ഇത് സംബന്ധിച്ച് കൂടുതൽ പഠനങ്ങൾ നടത്തിയത്. ഭൂമിയുടെ സ്വയം ഭ്രമണത്തെയും ഭ്രമണപഥത്തേയും ആധാരമാക്കിയാണ് ഹിമയുഗ സിദ്ധാന്തം ആവിഷ്കരിച്ചിട്ടുള്ളത്. ഹിമയുഗ സിദ്ധാന്തത്തിന്റെ ചുരുക്കം ഇങ്ങിനെ സംഗ്രഹിക്കാം. ഭൂമിയുടെ മദ്ധ്യഭാഗം പുറത്തേക്ക് അല്പം ഉന്തിനിൽക്കുകയും ധ്രുവങ്ങൾ അകത്തക്ക് അല്പം പതുങ്ങിയുമാണല്ലോ. അതിനാൽ സൂര്യന്റേയും ചന്ദ്രന്റേയും ആകർഷണബലം ഭൂമിയിലെല്ലായിടത്തും ഒരുപോലെയല്ല. അതിന്റെ ഫലമായി ഒരു യുഗ്മബലം (Couple force) ഉണ്ടാകുന്നു. ഈ യുഗ്മ ബലം ഭൂമിയുടെ ചരിഞ്ഞ അച്ചുതണ്ടിനെ ഒരു തിരിയുന്ന പമ്പരത്തിനെയെന്നപോലെ ഇളക്കിക്കൊണ്ടാണ് ചലിപ്പിക്കുന്നത് (wobbling). ഇതിന്റെ ഫലമായി ചരിഞ്ഞ അച്ചുതണ്ട് ഒരു മദ്ധ്യത്തെ ആധാരമാക്കി 26,000 വർഷത്തെ ഇടവേളകളിൽ ഒരു അയനചലനം (Precession) പൂർത്തിയാക്കുന്നു. ഇതിനെയാണ് ന്യൂട്ടേഷൻ (Nutation) എന്ന് പറയുന്നത്. ഇതിന്റെ ഫലമായി ഭൂമിയിലെ ധ്രുവബിന്ദുക്കൾക്ക് കാലാകാലങ്ങളിൽ വ്യത്യാസം സംഭവിക്കുന്നുണ്ട്. ഭൂമിയുടെ ചരിവ് 21.5 മുതൽ 24.5 ഡിഗ്രി വരെ ചരിയും. ഇപ്പോഴത്തെ ഭൂമിയുടെ ചരിവ് 23.5 ഡിഗ്രിയാണ്. അതുപോലെ ഭൂമിയുടെ സൂര്യനെ വലം വെക്കുന്ന ഭ്രമണവൃത്തം നേരിയ തോതിൽ മാറിക്കൊണ്ടിരിക്കുന്നു. ഏകദേശ വൃത്താകൃതിയിൽ (Circular) നിന്നും ദീർഘവൃത്താകൃതിയിലേക്കുള്ള (Elliptical) നേരിയ വ്യതിയാനങ്ങൾക്കനുസരിച്ച് ഭൂമിയിൽ ലഭ്യമാകുന്ന സൂര്യപ്രകാശത്തിന് സമയബന്ധിതമായി തോതു വ്യത്യാസങ്ങളുണ്ടാവുന്നു. ഇങ്ങിനെയുള്ള ഗോളാന്തരീയമായ മാറ്റവും ഭൂമിയിലെതന്നെ

*(ശേഷം 40-ാം പേജിൽ)*

ലേഖനം

# 'ജിന്ന്' എന്നതിന്റെ അർത്ഥം

സർ മുഹമ്മദ് സഫറുല്ലാഹ് ഖാൻ

**മനുഷ്യനുമായി ബന്ധിച്ച് ദ്വന്ദാത്മകമായി പറയുമ്പോൾ 'ജിന്നി'ന്ന് 'ഉപരിവർഗ്ഗം' എന്ന അർത്ഥമാണ് ലഭിക്കുക. 'ജിന്ന്' അരൂപിയാണ് എന്നു കരുതുന്നത് ശരിയല്ല.**

ഖുർആനിൽ 'ജിന്ന്' എന്ന പദം പലവിധ അർത്ഥങ്ങളിലാണ് പ്രയോഗിച്ചിട്ടുള്ളത്. മനുഷ്യനുമായി ബന്ധപ്പെടുത്തി പറയുമ്പോൾ അതിന്ന് സാധാരക്കാരിൽ നിന്ന് വ്യത്യസ്തരെന്നോ അല്ലെങ്കിൽ ഉപരിയായവരെന്നോ സ്വയം കരുതുന്ന ഒരു വർഗ്ഗം അഥവാ സമൂഹം എന്ന അർത്ഥമാണ് ഉണ്ടാവുക. ജിന്ന് എന്ന പദത്തിന്റെ ധാത്വാർത്ഥം 'ഒളിഞ്ഞിരിക്കുന്നത്' എന്നാണ്. അതായത് ജന്മം, സമ്പത്ത്, പദവി, യോഗ്യത, ഔദ്യോഗിക നില, വൈദഗ്ധ്യം, ശക്തി, അധികാരം, കഴിവ് മുതലായ കാരണങ്ങൾ കൊണ്ട് സ്വയം ഉന്നതരാണെന്ന് കരുതുന്ന ഒരു പ്രവണതയുണ്ടാവും. അക്കാരണത്താൽ തന്നെ അവർ സമൂഹത്തിൽ നിന്ന് ഉൾവലിയുകയും സാധാരണ ജനങ്ങളിൽ നിന്ന് വിട്ടുമാറുകയും ചെയ്യുന്നു. ഈ പ്രവണതയെയാണ് 'ജിന്ന്' എന്ന പദം ദ്യോതിപ്പിക്കുന്നത്. ഉദാഹരണത്തിന് കുലീനത്വവും (Aristocracy) സാധാരണത്വവും (Commonalty) ആഭിജാതരും (Patricians) സാമാന്യജനതയും (Plebeians), സമ്പന്നനും (Rich) ദരിദ്രനും (Poor), ധനവാന്മാരായ ഉന്നതരും (Afluant), പാവങ്ങളും (Indigent), വിദഗ്ധരും (Skilled), അവിദഗ്ധരും (Unskilled). ഈ ദ്വന്ദാവസ്ഥ നിലനിൽക്കുന്ന കാലഘട്ടത്തിലെല്ലാം തന്നെ ഈ വ്യവസ്ഥയുടെ താല്പര്യക്കാരായ വർഗ്ഗമോ സമൂഹമോ അവരുടെ സ്ഥാനമാനങ്ങളുടെ സംരക്ഷണത്തിന് ഒരു വൈകാരികത വളർത്തി കൊണ്ടുവരുന്നു. ഈ വ്യവസ്ഥയുടെ മാറ്റത്തെ ബാധിക്കുന്നതിനെയെല്ലാം അവർ ഭീഷണിയായി കരുതി അതിനെ വെറുക്കു ന്നു. ഈ വെറുപ്പ് ചിലപ്പോൾ ആളിക്കത്തുകയും വികാരക്ഷോഭങ്ങളുടെ അഗ്നിജ്വാലകളായി പ്രകടമാവുകയും ചെയ്യുന്നു.

അത്തരം വർഗ്ഗങ്ങളും സമൂഹങ്ങളും ആത്മീയ മാർഗ്ഗദർശനത്തെ ഒരുവെല്ലുവിളിയായി കാണുന്നു. അവർ സ്വയം തന്നെ അത്തരം മാർഗ്ഗദർശനങ്ങൾക്കെല്ലാം അതീതരാണെന്ന് കരുതുന്നു. ഇതായിരുന്നു അല്ലാഹുവിന്റെ പ്രതിനിധിക്കെതിരെ ശൈത്വാന്റെ അനുസരണക്കേടിന് കാരണം. (2:31) ദൈവിക പ്രഭാവം സ്വീകരിക്കപ്പെടുന്ന കളിമണ്ണിനെ പോലെ രൂപപ്പെടുത്താവുന്ന പ്രകൃതിയുള്ള ആദമിനേക്കാൾ തനിക്കാണ് ഔന്നത്യമെന്ന് വാദിച്ച് തന്റെ അനുസരണക്കേടിന് ശൈത്വാൻ ന്യായീകരണം കണ്ടെത്തുകയായിരുന്നു. ശൈത്വാനും അവനെപോലെസ്വഭാവഗുണമുള്ളവരും അഗ്നിയിൽ നിന്നും രൂപപ്പെടുത്തിയവരുമായിരുന്നു. അഹങ്കാരികളായ അവർ കീഴ്‌വണക്കം അപമാനകരമായിക്കരുതി. അവർ ആദമിനെ പോലെ വിനയാന്വിതരായിരുന്നില്ല. തീക്കാറ്റിന്റെയും (15:27, 28) അഗ്നിജ്വാലയുടേയും (55:15, 16) സൃഷ്ടികളായിരുന്നു അവർ.

പ്രവാചകന്മാരുടെ ശത്രുക്കൾ മനുഷ്യരിൽ നിന്നും ജിന്നുകളിൽ നിന്നുമുള്ള ശൈത്വാന്മാരാണെന്ന് വിവരിക്കപ്പെട്ടിരിക്കുന്നു. അതിനർത്ഥം ഉന്നതരിലും സാധാരണക്കാരിലും പെട്ട ധിക്കാരികളായ നിഷേധികൾ എന്നാണ് (6:113). പ്രവാചകന്മാരുടെ ദൗത്യം ജിന്നുകളേയും മനുഷ്യരേയും അഭിമുഖീകരിച്ചു കൊണ്ടുള്ളതാണ്. അതിനർത്ഥം 'വലിയവരും ചെറിയവരുമായ മനുഷ്യർ എന്നാണ് (6:131). ഈ ഖുർആന് തുല്യമായ മറ്റൊന്ന് കൊണ്ടുവരുന്നതിന് വേണ്ടി ഇൻസും ജിന്നും (ഉന്നതരും സാധാരണക്കാരുമായ മനുഷ്യർ) എല്ലാം സംഘടിച്ചു പ്രവർത്തിച്ചിരുന്നുവെങ്കിലും അവർ പരസ്പരം സഹായിച്ചിരുന്നാൽ പോലും അവർക്ക് അതിനു തുല്യമായത് കൊണ്ടുവരുവാൻ സാധ്യമല്ല (17:85,87).

സത്യമായും നമ്മുടെ കാരുണ്യത്തിന് പാത്രീഭൂതരാവേണ്ട ഉന്നതരിലും സാധാരണക്കാരിലും പെട്ട (ജിന്നിലും ഇൻസിലുംപെട്ട) നിരവധി ആളുകളെ അവരുടെ പര്യവസാനം നരകമാകുമാറ് നാം സൃഷ്ടിച്ചിട്ടുണ്ട്. അവർക്ക് ഹൃദയ

# ഒരു കൊലപാതകാസൂത്രണവും ഭൂകമ്പത്തിൽ തകർന്ന ജനതയും

## അല്ലാഹുവിന്റെ വചനങ്ങളിൽ വിവരിക്കപ്പെട്ട ഒരു സംഭവം

***അദ്ദേഹം (സാലിഹ്) പറഞ്ഞു: 'എന്റെ ജനമേ നന്മക്ക് മുമ്പ് തിന്മ ലഭിക്കാൻ നിങ്ങൾ എന്തിനാണ് ധൃതിപ്പെടുന്നത്? നിങ്ങൾക്ക് കരുണ ചെയ്യപ്പെടുന്നതിന്നായി നിങ്ങൾ എന്തുകൊണ്ട് അല്ലാഹുവിനോട് പാപമോചനത്തിന് അർഥിക്കുന്നില്ല?' അവർ പറഞ്ഞു: 'നിന്നിലും നിന്റെ കൂടെയുള്ളവരിലും ഞങ്ങൾ ദുർന്നിമിത്തം കാണുന്നു' അദ്ദേഹം പറഞ്ഞു: 'നിങ്ങളുടെ ദുർന്നിമിത്തം അല്ലാഹുവിങ്കലാണിരിക്കുന്നത്. വാസ്തവത്തിൽ നിങ്ങൾ പരീക്ഷണവിധേയരായ ഒരു ജനമാകുന്നു. നാട്ടിൽ കുഴപ്പമുണ്ടാക്കുന്ന ഒമ്പത് ആളുകൾ ആ പട്ടണത്തിൽ ഉണ്ടായിരുന്നു. അവർ നന്മ ചെയ്യുന്നില്ല. അവർ പരസ്പരം പറഞ്ഞു: 'നിങ്ങൾ അല്ലാഹുവിന്റെ പേരിൽ സത്യം ചെയ്യുക: 'തീർച്ചയായും അവനേയും (സാലിഹിനേയും) അവന്റെ വീട്ടുകാരേയും അർധരാത്രി നാം കൊല ചെയ്യും. എന്നിട്ട് അവന്റെ അവകാശിയോട് പറയും, അവന്റെ കുടുംബത്തിന്റെ നാശത്തിന് ഞങ്ങൾ സാക്ഷികളല്ല എന്ന്. തീർച്ചയായും ഞങ്ങൾ സത്യം പറയുന്നവരാണ്.' അവർ ഒരു തന്ത്രം ആസൂത്രണം ചെയ്തു. അവർ അറിയാത്ത വിധത്തിൽ (അവർക്കെതിരായി) നാമും ഒരു തന്ത്രം പ്രയോഗിച്ചു. എന്നിട്ട് അവരുടെ തന്ത്രത്തിന്റെ പരിണതി എങ്ങനെയായിരുന്നുവെന്ന് നോക്കുക. തീർച്ചയായും നാം അവരേയും അവരുടെ ജനതയേയും എല്ലാവരേയും നിശ്ശേഷം തകർത്തുകളഞ്ഞു. അപ്പോൾ അതാ അവർ അക്രമം പ്രവർത്തിച്ചതു നിമിത്തം അവരുടെ വീടുകളിൽ തകർന്നുകിടക്കുന്നു. നിശ്ചയമായും കാര്യങ്ങൾ ഗ്രഹിക്കുന്ന ജനങ്ങൾക്ക് ഇതിൽ ഒരു വലിയ ദൃഷ്ടാന്തമുണ്ട്. വിശ്വസിക്കുകയും സൂക്ഷ്മത പാലിക്കുകയും ചെയ്തുകൊണ്ടിരിക്കുന്നവരെ നാം രക്ഷപ്പെടുത്തുകയും ചെയ്തു.***

***(വിശുദ്ധ ഖുർആൻ : അന്നംല് 47:54)***

ങ്ങളുണ്ട്. (പക്ഷേ) അവ കൊണ്ട് അവർ ഗ്രഹിക്കുന്നില്ല. അവർക്ക് കണ്ണുകളുണ്ട് (പക്ഷേ) അവ കൊണ്ട് അവർ കാണുന്നില്ല. അവർക്ക് കാതുകളുണ്ട് (പക്ഷേ) അവ കൊണ്ട് അവർ കേൾക്കുന്നില്ല. അവർ കന്നുകാലികൾക്ക് തുല്യരാണ്. അല്ല അവർ അവയെക്കാളും വഴിപിഴച്ചവരാകുന്നു. അവർ തന്നെയാണ് അശ്രദ്ധരായിട്ടുള്ളവർ (7:180). 'അല്ലാഹു അവരോട് പറയും. 'നിങ്ങൾക്ക് മുമ്പ് കഴിഞ്ഞുകടന്ന ഉന്നതരിൽ നിന്നും സാധാരണക്കാരിൽ നിന്നുമുള്ള (ജിന്നി'ൽ നിന്നും ഇൻസിൽ'നിന്നും) സമൂഹങ്ങളിൽ ഉൾപ്പെട്ടുകൊണ്ട് നിങ്ങളും നരകത്തിൽ പ്രവേശിക്കുക.' (7:39) 'അവിശ്വാസികൾ പറയും': ഞങ്ങളുടെ നാഥാ, ഞങ്ങളെ വഴിപിഴച്ച ജിന്നും ഇൻസുമായ (നേതാക്കന്മാരും സാധാരണക്കാരുമായ) രണ്ടു കൂട്ടരേയും നീ ഞങ്ങൾക്ക് കാണിച്ചുതരിക; അവർ അധർമ്മകാരികളിൽപ്പെട്ടവരാകാൻ വേണ്ടി. ഞങ്ങളവരെ ഞങ്ങളുടെ പാദങ്ങൾക്കടിയിലാക്കിമെതിക്കാം (41:30).

സുലൈമാന്റെ മുമ്പാകെ വിജാതീയർ അഥവാ വിദേശികളിൽ (ജിന്ന്) നിന്നും തദ്ദേശീയരിൽ (ഇൻസ്) നിന്നും സാത്വികരായവരി (പക്ഷികൾ)ൽ നിന്നും അദ്ദേഹത്തിന്റെ സൈന്യങ്ങൾ ഒരുമിച്ചു കൂട്ടപ്പെട്ടു (27:18) അദ്ദേഹത്തിന്റെ (സുലൈമാൻ) കീഴിൽ ജോലി ചെയ്യുന്ന വിദഗ്ധർ (ജിന്ന്) അദ്ദേഹത്തിന് വേണ്ടി ജോലി ചെയ്തു അദ്ദേഹത്തിന്റെ ആഗ്രഹത്തിനിണങ്ങും വിധം കൊട്ടാരങ്ങൾ, പ്രതിമകൾ, കൊത്തളങ്ങൾ പോലെയുള്ള ജലസംഭരണികൾ ഉറപ്പിച്ചുനിർത്തിയ വലിയ പാചകപാത്രങ്ങൾ എന്നിവ നിർമ്മിച്ചുകൊടുത്തു (24:13, 14). ശക്തനായ ഒരു ഗോത്രവർഗ്ഗനേതാവിനെ ജിന്ന് എന്നായിരുന്നു അദ്ദേഹം വിളിച്ചിരുന്നത് (27:40).

ഒരിക്കൽ റസൂൽ തിരുമേനി (സ) തായിഫിൽ നിന്നും മക്കയിലേക്ക് പോകുമ്പോൾ വഴിമദ്ധ്യേ രാത്രിയിൽ റസൂൽ തിരുമേനി(സ) ഖുർആൻ ഓതിയത് ഒരു സംഘം ആളുകൾ ശ്രദ്ധിച്ചുകേട്ടിരുന്നു. അപ്രകാരം മറ്റൊരു സംഘം ആളുകൾ റസൂൽ തിരുമേനി(സ)യുടെ അരികെ വരികയും തിരുമേനിയോട് സംസാരിക്കുകയും തിരികെ അവരുടെ ജനതയുടെ അടുക്കൽ ചെന്ന് അവർക്ക് റസൂൽ തിരുമേനി(സ)യോടുണ്ടായ മതിപ്പ് വിവരിക്കുകയും ചെയ്തിട്ടുണ്ടായിരുന്നു. വി.ഖുർആനിൽ സൂറ 46:30ലും 72:3ലും പ്രതിപാദിച്ച ജിന്നുകളായവർ ഈ രണ്ട് സംഘങ്ങളായിരുന്നു. ■

ലേഖനം

# ജൽസ സാലാന - ഒരു ദിവ്യ ദൃഷ്ടാന്തം

മഹ്മൂദ്, കൽക്കുളം

**നൂറുവർഷങ്ങൾക്ക് മുമ്പ് 75 ഭക്തശിഷ്യന്മാരുടെ കൂട്ടായ്മയിൽ വാഗ്ദത്ത മസീഹ് ആരംഭിച്ച വാർഷിക സമ്മേളനമാണ് ജൽസാസാലാന. ഈ വർഷം അഹ്മദിയ്യാ ഖലീഫ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് ജൽസാസാലാനയിൽ വന്നുചേരുമ്പോൾ ഖാദിയാൻ ജനസഹസ്രങ്ങളുടെ ആത്മീയ സംഗമമായി മാറും (ഇൻശാ അല്ലാഹ്)**

അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ ജൽസാസാലാന (വാർഷിക സമ്മേളനം) സമാഗതമാകുകയാണ്. ഡിസംബർ 26,27,28 തീയ്യതികളിൽ ജമാഅത്തിന്റെ കേന്ദ്രമായ ഖാദിയാനിൽ വെച്ചാണ് ഈ അനുഗൃഹീത ആത്മീയ സംഗമം നടക്കുന്നത്. ആത്മീയാധിഷ്ഠിതവും ചരിത്രപ്രധാനവുമായ ഈ സമ്മേളനം പ്രതിവർഷം ഡിസംബർ അവസാന വാരത്തിലാണ് നടന്നുവരുന്നത്. നൂറു കൊല്ലങ്ങൾക്ക് മുമ്പ് 1891-ൽ വാഗ്ദത്തമഹ്ദീ മസീഹ് (അ) ആണ് ജൽസാസാലാനക്ക് അടിസ്ഥാനമിട്ടത്. ഈ വാർഷിക സമ്മേളനത്തിന് അസ്ഥിവാരമിട്ടുകൊണ്ട് അതിന്റെ മഹത്തായ ലക്ഷ്യത്തെ സംബന്ധിച്ച് വാഗ്ദത്തമസീഹ്(അ) ഇപ്രകാരം വിവരിച്ചു: “ഈ വിനീതന്റെ കൈയ്യിൽ ബൈഅത്ത് ചെയ്ത് ജമാഅത്തിൽ പ്രവേശിച്ചിട്ടുള്ള എല്ലാ നല്ല ആളുകളും അറിഞ്ഞിരിക്കേണ്ടതാണ്; ബൈഅത്ത് ചെയ്യുന്നതുകൊണ്ടുള്ള ഉദ്ദേശ്യം ഭൗതിക ലോകത്തോടുള്ള ആസക്തി കുറയുകയും അല്ലാഹുവിനോടുള്ള സ്നേഹം ഹൃദയത്തിൽ വിജയം പ്രാപിക്കുകയും പരലോകയാത്ര വെറുപ്പുള്ളതല്ലാതാകുന്ന ഒരവസ്ഥ സംജാതമാകുകയും ചെയ്യുക എന്നതാണ്”. അതായത് ലൗകീകരായ ആളുകൾ മരണത്തെ ഭയപ്പെടുന്നതുപോലെ ഭയപ്പെടാതിരിക്കുകയും പാരത്രികലോകത്തെ സംബന്ധിച്ച് പ്രത്യാശയും നിർഭയത്വവും ഉടലെടുക്കുമാറാകുംവിധം ജീവിതത്തെ ഉൽകൃഷ്ടമാക്കിത്തീർക്കുകയും ചെയ്യുക എന്നതാണ് ഹ.മസീഹ് മൗഊദ് (അ) മുഖേന അഹ്മദിയ്യാ ജമാഅത്ത് സ്ഥാപിക്കപ്പെട്ടതിന്റെ ആത്യന്തിക ലക്ഷ്യം. തുടർന്ന് പറയുന്നു : “പക്ഷെ ഈ ഉദ്ദേശ്യസാഫല്യത്തിന് കൂടെ താമസിക്കേണ്ടതും ധനത്തിന്റെ ഒരു ഭാഗം ഈ വഴിയിൽ ചെലവഴിക്കേണ്ടതും നിർബന്ധമാണ്... എന്നാൽ അനാരോഗ്യം നിമിത്തവും കഴിവില്ലായ്മ കൊണ്ടും ഓരോരുത്തർക്കും ഇവിടെ വന്ന് താമസിക്കാനോ അല്ലെങ്കിൽ വർഷത്തിൽ ഏതാനും നാൾ ബുദ്ധിമുട്ട് സഹിച്ച് കൂടിക്കാഴ്ച നടത്താനോ സാധിച്ചെന്ന് വരില്ല. കാരണം മിക്കവർക്കും വലിയ വലിയ പ്രയാസങ്ങൾ താണ്ടിയും ബുദ്ധിമുട്ടുകൾ സഹിച്ചും കൂടിക്കാഴ്ച നടത്താൻ കഴിയണമെന്നില്ല. അതുകൊണ്ട് വർഷത്തിൽ മൂന്ന് ദിവസം ജൽസക്ക് വേണ്ടി നിശ്ചയിക്കുന്നത് ഉചിതമായി തോന്നുന്നു. ശാരീരികാരോഗ്യമുള്ളവരും അവധി ലഭിക്കുന്നവരും മറ്റു ബുദ്ധിമുട്ടുകളൊന്നും തടസ്സമില്ലാത്തവരുമായ എല്ലാ നല്ല ആളുകളും നിശ്ചിത തീയ്യതികളിൽ ഹാജരാവേണ്ടതാണ്.... അല്ലാഹുവിന് വേണ്ടി, അവന്റെ കാര്യങ്ങൾ കേൾക്കാനും പ്രാർത്ഥനയിൽ പങ്കെടുക്കാനും നിശ്ചിത തീയ്യതികളിൽ വന്നുചേരേണ്ടതാണ്”. ഹസ്റത്ത് മസീഹ് മൗഊദ്(അ) തുടരുന്നു : “ഈ ജൽസയിൽ സത്യവിശ്വാസവും ദൈവജ്ഞാനവും വർദ്ധിക്കുന്നതിന് ആവശ്യമായ കാര്യങ്ങൾ കേൾപ്പിക്കുന്നതായിരിക്കും. അപ്രകാരം തന്നെ ഇതിൽ പങ്കെടുക്കുന്നവർക്ക് വേണ്ടി പ്രത്യേകം ദുആ ചെയ്യുന്നതും അവരെ പ്രത്യേകം ശ്രദ്ധിക്കുന്നതുമായിരിക്കും. അല്ലാഹു തന്നിലേക്ക് അവരെ വലിച്ചടുപ്പിക്കുന്നതിനും അവൻ അവരെ സ്വീകരിക്കുന്നതിനും പരിശുദ്ധമായ മാറ്റം അവരിലുണ്ടാക്കുന്നതിനും പരമകാരുണികനായ റബ്ബിനെ മുൻനിറുത്തി പരിശ്രമിക്കുന്നതായിരിക്കും. ഓരോ വർഷവും ബൈഅത്ത് ചെയ്ത് വരുന്ന നിശ്ചിത തീയ്യതികളിൽ വന്ന്, തങ്ങൾക്ക് മുമ്പേ ജമാഅത്തിൽ പ്രവേശിച്ചിട്ടുള്ളവരുടെ മുഖം ദർശിക്കുക എന്ന പ്രയോജനവും ഈ ജൽസ മുഖേന ലഭിക്കും. അവരിൽ നിന്ന് വെളിച്ചം പേറി പരസ്പരമുള്ള സ്നേഹബന്ധത്തിലും ദൈവജ്ഞാനത്തിലും അഭിവൃദ്ധി നേടാവുന്നതാണ്. ഈ കാലയളവിനുള്ളിൽ ഇഹലോകവാസം വെടിയുന്നവരുടെ പാപപ്പൊറുതിക്കായി പ്രാർത്ഥിക്കുന്നതായിരിക്കും. ആത്മീയമായ നിലയിൽ എല്ലാ സഹോദരങ്ങളെയും ഒന്നിപ്പി

ക്കുന്നതിനും ശുഷ്കതയും അപരിചിതത്വവും ഭിന്നിപ്പും അവരുടെ ഇടയിൽ നിന്ന് ഇല്ലാതാക്കുന്നതിനും പ്രതാപവാനായ അല്ലാഹുവിനെ സാക്ഷി നിറുത്തി പരിശ്രമിക്കുന്നതായിരിക്കും. ഈ ആത്മീയ ജൽസയിൽ ആദ്ധ്യാത്മികമായ മറ്റു പല പ്രയോജനങ്ങളും ഫലങ്ങളും ഉണ്ടായിരിക്കും. അത് ഇൻശാഅല്ലഹ് സന്ദർഭോചിതം വെളിപ്പെടുന്നതാണ്''. (ആസ്മാനി ഫയ്സല, റൂഹാനിഖസാഇൻ വാള്യം 4) തികച്ചും ആത്മീയപരമായ ലക്ഷ്യം മുൻനിറുത്തിയാണ് ജൽസ സാലാനക്ക് അടിസ്ഥാനമിട്ടതെന്ന് മേൽവിവരണങ്ങളിൽ നിന്നും സുവിദിതമാകുന്നുണ്ട്.

## ജൽസ സാലാന- ഒരു ദിവ്യ ദൃഷ്ടാന്തം

വളരെ ചുരുങ്ങിയ നിലയിലായിരുന്നു ജൽസാ സാലാനക്ക് തുടക്കം കുറിച്ചത്. ഹസ്റത്ത് മസീഹ് മൗഊദ് (അ) വിളംബരപ്പെടുത്തിയതനുസരിച്ച് ഭക്തരായ 75 സത്യാത്മാക്കൾ മസ് ജിദ് അഖ്സയിൽ ഒത്തുകൂടുകയുണ്ടായി. മൗലാനാ അബ്ദുൽകരീം സാഹിബ് സിയാൽക്കോട്ടി (റ) മസീഹ് മൗഊദ് (അ) രചിച്ച 'ആസ്മാനീഫയ്സല' എന്ന ഗ്രന്ഥം ആ യോഗത്തിൽ വായിച്ചു കേൾപ്പിച്ചു. പിന്നീട് നിശ്ചിത അഞ്ചുമന്റെ അംഗങ്ങൾ ആരെല്ലാമായിരിക്കണമെന്നും അതിന്റെ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുമുള്ള ചർച്ച നടന്നു. അനന്തരം, മസീഹ് മൗഊദ്(അ) വന്നവർക്കെല്ലാം ഹസ്തദാനം ചെയ്തു. പ്രഥമ ജൽസയുടെ രൂപമായിരുന്നു ഇത്. അക്കാലത്ത് വരിസംഖ്യ പിരിക്കുന്നതിനുള്ള സംവിധാനം നടപ്പിലായിരുന്നില്ല. അതിനാൽ ഹദ്റത്ത് മസീഹ് മൗഊദ് (അ) സ്വയം തന്നെയാണ് ജൽസയുടെ ചെലവുകളധികവും നിർവ്വഹിച്ചിരുന്നത്. ഒരിക്കൽ, അതിഥികളെ സൽക്കരിക്കുന്നതിനും അവരുടെ ഭക്ഷണച്ചെലവിനും പണം തികയാതെ വന്നപ്പോൾ തന്റെ ഭാര്യയുടെ ആഭരണങ്ങൾ വിറ്റിട്ട് അതിനുള്ള ഏർപ്പാടുണ്ടാക്കുകയാണ് അദ്ദേഹം ചെയ്തത്. പിന്നീട് പ്രതീക്ഷിക്കാത്ത മാർഗ്ഗങ്ങളിലൂടെ മണിയോർഡറുകളും അനുചരരിൽ നിന്നും സംഭാവനകളും ഇതിന്നായി ലഭിക്കുകയുണ്ടായി. അക്കാലത്തെ നിസ്സഹായാവസ്ഥയെക്കുറിച്ച് തന്റെ ഒരു കവിതയിൽ അദ്ദേഹം ഇപ്രകാരം പറയുന്നു: "ഒരു കാലത്ത് ഞാൻ മറ്റുള്ളവരുടെ ഭക്ഷണത്തളികയിലെ റൊട്ടികഷ്ണങ്ങളെ ആശ്രയിച്ചു കഴിയേണ്ടിവന്നു. എന്നാൽ ഇന്നാകട്ടെ എന്റെ ഭക്ഷണത്തളികയിൽ നിന്നും നാനാ ദേശങ്ങളിൽ നിന്നുമെത്തിയ ആയിരക്കണക്കിനാളുകൾ ആഹാരം സ്വീകരിക്കുന്നു. ഇന്ന് എന്റെ ലങ്കർ (ഭോജനശാല) ലോകത്ത് പെരുകിയിരിക്കയാണ്". അതിഥികളുടെ ചെലവുകൾക്ക് വേണ്ടി ഹദ്റത്ത് മസീഹ് മൗഊദ് (അ)ന് തന്റെ ഭാര്യയുടെ ആഭരണം വിൽക്കേണ്ടി വന്നിരുന്ന കാലമുണ്ടായിരുന്നു. എന്നാലിന്ന്, ഇംഗ്ലണ്ടിലും ജർമ്മനിയിലും അമേരിക്കയിലും ആസ്ത്രേലിയയിലും മറ്റു ആഫ്രിക്കൻ നാടുകളിലും അഭൂതപൂർവ്വമായ സമ്മേളനങ്ങൾ നടത്താനും, വന്നെത്തുന്ന അതിഥികൾക്ക് ഞെരുക്കം കൂടാതെ ആഹാര വിതരണം ഏർപ്പെടുത്താനും ദൈവാനുഗ്രഹത്താൽ അഹ്മദിയ്യാ ജമാഅത്തിന് സാധിച്ചുകൊണ്ടിരിക്കുന്നു. പ്രസ്തുത സമ്മേളനങ്ങൾക്ക് കോടിക്കണക്കിന് രൂപ ചെലവഴിക്കുന്നതിനുള്ള ഭാഗ്യവും ജമാഅത്തിന് കൈവന്നിരിക്കുന്നു. വാഗ്ദത്ത മഹ്ദീ മസീഹ്(അ) ന് 'ഗുലാം അഹ്മദ് കീ ജയ്' എന്ന ഒരു ദൈവീക വെളിപാട് ലഭിച്ചിട്ടുണ്ട്. നിന്നെ ബഹുമാനിച്ചാദരിക്കുന്ന ഒരു വലിയ ജനവിഭാഗം വാർത്തെടുക്കപ്പെടുന്നതാണെന്ന സുവാർത്തയാണ് അതിലടങ്ങിയിരിക്കുന്നത്. ആ പുണ്യാത്മാവ് തുടങ്ങിവെച്ച വാർഷിക ജൽസയെ പിന്തുടർന്നുകൊണ്ട് ലോകത്തിന്റെ നാനാ ഭാഗങ്ങളിൽ നടക്കുന്ന മഹാസമ്മേളനങ്ങളിലും 'ഗുലാം അഹ്മദ് കീ ജയ്' എന്ന ധ്വനി മുഴങ്ങി കേൾക്കുക വഴി പ്രസ്തുത ദൈവീക വെളിപാടിന്റെ നിറഞ്ഞ സാക്ഷാൽക്കാരവും സംഭവിച്ചുകഴിഞ്ഞിരിക്കുന്നു! ജൽസയുടെ നൂറാം വാർഷികത്തോടനുബന്ധിച്ച് 1991-ൽ അഹ്മദിയ്യാ ജമാഅത്തിന്റെ നാലാം ഖലീഫ ഹസ്റത്ത് മീർസാ താഹിർ അഹ്മദ്(റഹ്) ഖാദിയാനിൽ ആഗതനാവുകയും ഗതകാലസ്മരണങ്ങളും ആത്മീയാനുഭൂതികളുമുണർത്തിക്കൊണ്ട് ശതവാർഷിക ജൽസ അവിസ്മരണീയമാക്കുകയുണ്ടായി. ഇക്കാലഘട്ടത്തിൽ, കാലത്തിന്റെ ഇമാമിന് ഖാദിയാനിലെ ആഗോള സമ്മേളനത്തെ സാറ്റ്ലൈറ്റ് മുഖേന സമുദ്ഘാടനം ചെയ്യാനും അഭിസംബോധന ചെയ്യാനുമുള്ള മാർഗ്ഗവും സർവ്വശക്തനായ ദൈവം ഒരുക്കിത്തന്നിരിക്കയാണ്. വരാനിരിക്കുന്ന 2005 ഡിസംബറിലെ ജൽസയിൽ അഹ്മദിയ്യാ ജമാഅത്തിന്റെ ഇപ്പോഴത്തെ ഖലീഫ ഹസ്റത്ത് മീർസാ മസ്റൂർ അഹ്മദ് സാഹിബും, ഇന്ത്യയിൽ നിന്നും ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുമുള്ള ഭക്ത ജനസഹസ്രങ്ങളും ഖാദിയാനിലെ ത്തിച്ചേരുമ്പോൾ അത് വാഗ്ദത്ത മസീഹിന്റെ സത്യസാക്ഷ്യത്തിനുള്ള പ്രകടമായ ഒരു ദൃഷ്ടാന്തമായി മാറുന്നതായിരിക്കും (ഇൻശാ-അല്ലാഹ്) നൂറ് വർഷങ്ങൾക്ക് മുമ്പ് വാഗ്ദത്ത മസീഹ്(അ)നെ കാണാനെത്തുന്ന വരെ തടയുന്നതിനും തിരിച്ചയക്കുന്നതിനും വേണ്ടി ബട്ടാല റെയിൽവേ സ്റ്റേഷനിൽ, മൗലവി മുഹമ്മദ് ഹുസൈൻ ബട്ടാലവി എന്ന മുസ്ലീം പുരോഹിതൻ ഓരോ ദിവസവും നടന്നു ചെല്ലാറുണ്ടായിരുന്നു. പക്ഷെ അദ്ദേഹത്തിന് ജനങ്ങളുടെ വരവ് തടയാൻ സാധിച്ചിരുന്നില്ല. ഇന്നാകട്ടെ, ഹസ്റത്ത് മസീഹ് (അ) അസ്ഥിവാരമിട്ട ജൽസാസാലാനയിൽ പങ്കെടുക്കുന്നതിന് ലോകത്തിന്റെ നാനാഭാഗങ്ങളിൽ നിന്നും കൂട്ടം കൂട്ടമായിട്ടാണ് ജനങ്ങൾ ഖാദിയാനിലേക്ക് പ്രവഹിച്ചുകൊണ്ടിരിക്കുന്നത്. ദിവ്യഹസ്തമാണ് ഈ ആത്മീയ സംരംഭത്തിന് പിന്നിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതെന്ന് നിഷ്പക്ഷമായി ചിന്തിക്കുന്നവർക്ക് കാണാനും പ്രയാസമുണ്ടാവില്ല. ■

# ഇസ്റാഉം, മിഅ്റാജും (തുടർച്ച)

ഏ. പി. കുഞ്ഞാമു

**മിഅ്റാജിൽ, അത്യുന്നത ദിങ്മണ്ഡലത്തിൽ വെച്ച് റസൂൽ തിരുമേനി (സ) അല്ലാഹുവുമായി കണ്ടുമുട്ടിയപ്പോഴുണ്ടായ ഏകീമത്ഭാവം ആദ്ധ്യാത്മികതയുടെ പരമ സീമയെ കുറിക്കുന്നു. എന്നാൽ, ഭൂമിയിലെ ജറുസലേം വരെയുള്ള റസൂൽ തിരുമേനിയുടെ ആത്മീയ യാത്ര അഥവാ മിഅ്റാജ് തികച്ചും വ്യത്യസ്തവും വേറിട്ടതുമാണ്. അത് മറ്റൊരവസരത്തിൽ സംഭവിച്ചതാണ്!**

അദ്ധ്യാത്മികതയുടെ പരമോന്നത പദം പുൽകി റസൂൽ തിരുമേനി(സ)യുടെ അതുല്യമായ ആത്മീയനുഭവമായിരുന്നു മിഅ്റാജ്. സൂറ: നജ്മിൽ വിവരിക്കപ്പെട്ട ഈ സംഭവം അല്ലാഹുമായുള്ള റസൂൽ തിരുമേനി (സ)യുടെ സാത്മീകരണത്തിന്റെ പരമഭാവത്തെ കുറിക്കുന്നു. ആദ്ധ്യാത്മികതയുടെ അത്യുന്നത ദിങ് മണ്ഡലത്തിൽ വെച്ച് പ്രപഞ്ച നാഥനുമായി നടന്ന, കുടിചേർന്ന ഈ അത്യുജ്ജ്വല സംഭവം ജറുസലേം വരെയുള്ള തിരുമേനിയുടെ ആത്മീയ യാത്രയിൽ നിന്നും വേറിട്ടു നിൽക്കുന്നു. സാഹചര്യങ്ങൾ പരിശോധിച്ചാൽ മിഅ്റാജ് രണ്ടുതവണ സംഭവിച്ചിരിക്കണം. ഹദീസുകൾ പരിശോധിച്ചാൽ ആദ്യത്തെ മിഅ്റാജ് റസൂൽ തിരുമേനി (സ:) യുടെ ദൗത്യ പ്രഖ്യാപനത്തിന്റെ തൊട്ടടുത്തായി സംഭവിച്ചതായി കാണാം. അപ്പോഴാണ് ശരീഅത്തിന്റെ അടിത്തറ പാകിയതും നിർബ്ബന്ധ നമസ്കാരം നടപ്പിൽ വന്നതും. ഇതൊക്കെ ദൗത്യ പ്രഖ്യാപനത്തിന്റെ ആദ്യത്തെ വർഷത്തിൽ സംഭവിച്ചതായി കാണുന്നു. (ബുഖാരി, 'തൗഹീദ്' എന്ന അദ്ധ്യായം ജരീർ വാള്യം. 15. പേജ് 4). രണ്ടാമത്തെ മിഅ്റാജ് അതായത് എല്ലാവരാലും അറിയപ്പെടുന്ന മിഅ്റാജ് റസൂൽതിരുമേനിയുടെ ദൗത്യ പ്രഖ്യാപനത്തിന്റെ അഞ്ചാം വർഷത്തിലാണ് നടക്കുന്നത്. ആ സമയത്താണ് നമസ്കാരം ദിവസത്തിൽ അഞ്ചു നേരമായി നിശ്ചയിച്ചത്. മിഅ്റാജ് രണ്ടു തവണ നടന്നതായി 53-ാം അദ്ധ്യായത്തിൽ വിശുദ്ധ ഖുർആനും സൂചന നൽകുന്നുണ്ട്.

എന്നാൽ, ഇസ്റാഅ് ഇതിൽ നിന്നെല്ലാം വ്യത്യസ്തമായ സന്ദർഭത്തിലാണ് സംഭവിക്കുന്നത്. അത് സംശയലേശമന്യെ ദൗത്യ പ്രഖ്യാപനത്തിനുശേഷം പതിനൊന്നാമത്തെ വർഷമോ, പന്ത്രണ്ടാമത്തെ വർഷമോ ആണ് സംഭവിച്ചത്. ആ സന്ദർഭത്തിൽ തിരുമേനി (സ) താമസിച്ചിരുന്നത് അവിടുത്തെ ആത്മബന്ധുവായ ഉമ്മി ഹാനിയുടെ വീട്ടിലായിരുന്നു. ഇത് തിരുമേനി(സ)യുടെ ഭാര്യ ഹ: ഖദീജ (റ) യുടെ മരണശേഷമാണ്. ഖദീജ (റ) യുടെ മരണം സംഭവിക്കുന്നത് ദൗത്യ പ്രഖ്യാപനത്തിന്റെ പത്താം വർഷമാണ്. ഈ സന്ദർഭത്തിലാണ് തിരുമേനി (സ) അബൂത്വാലിബ് താഴ്‌വരയിൽ നിന്നു പുറത്തുവന്നത്. ഇതുകൂടാതെ മറ്റു പല ചരിത്രപരമായ പരിതസ്ഥിതികളും ഈ രണ്ട് സംഭവങ്ങളും ഇസ്റാഉം, മിഅ്റാജും രണ്ടു വ്യത്യസ്ത സന്ദർഭങ്ങളിൽ സംഭവിച്ചതാണെന്നു മനസ്സിലാക്കിത്തരുന്നുണ്ട്.

ഇതിന്റെ ആദ്യത്തെ തെളിവ് വിശുദ്ധ ഖുർആനിൽ തന്നെയാണ്. അതായത്, വിശുദ്ധ ഖുർആൻ 53-ാം അദ്ധ്യായത്തിൽ ഇസ്റാഇനെ പറ്റി യാതൊരു പരാമർശവും നൽകുന്നില്ല. എന്നാൽ മിഅ്റാജിനെക്കുറിച്ചു ആവശ്യമായ വിവരണങ്ങൾ നൽകുന്നു. അതേ പോലെ ബനീ ഇസ്രായിൽ അദ്ധ്യായത്തിലാണെങ്കിൽ രാത്രി പ്രയാണം (ഇസ്റാഅ്) ത്തെക്കുറിച്ചു മാത്രമെ പറയുന്നുള്ളൂ. ഇത് തന്നെ മതിയായ തെളിവാണ് ഈ രണ്ടു സംഭവങ്ങളും വിഭിന്ന സന്ദർഭങ്ങളിൽ സംഭവിച്ചതാണ് എന്നുള്ളതി

ലേക്ക്. മറ്റൊരു പ്രകാരത്തിൽ പറഞ്ഞാൽ ഒരു സംഭവത്തിന്റെ ആദ്യഭാഗം ഒരേ സൂറയിൽ അഞ്ചാം കൊല്ലത്തിലും മറ്റു അവസാന ഭാഗങ്ങൾ അഞ്ചാറു കൊല്ലങ്ങൾക്ക് ശേഷവും അവതരിച്ച മറ്റൊരു അദ്ധ്യായത്തിലും അവതരിപ്പിക്കുക എന്നതു അസംഭാവ്യമായി തോന്നുന്നു.

രണ്ടാമത്തെ കാര്യം ഹദീസിന്റെ വെളിച്ചത്തിൽ റസൂൽ തിരുമേനി(സ)യുടെ അടുത്ത ബന്ധുവായ ഉമ്മുഹാനിയുടെ വീട്ടിൽ വെച്ചാണ് ഇസ്റാഅ് സംഭവിക്കുന്നത്. ഇതു സംബന്ധിച്ച് ഉമ്മുഹാനിയോട് തിരുമേനി (സ) ജറൂസലേമിലുള്ള യാത്രയെപ്പറ്റി മാത്രമെ പറഞ്ഞിട്ടുള്ളൂ. ആകാശാരോഹണത്തെപ്പറ്റിയുള്ള (മിഅറാജിന്റെ വിവരണം നൽകിയിട്ടില്ല). അതിന് ശേഷം അതേ രാത്രിയിൽ തിരിച്ചു തിരുമേനി മക്കയിലേക്ക് വന്നതായിട്ടാണ് പറഞ്ഞത്. ഈ സംഭവം കുറഞ്ഞത് ഏഴ് ഹദീസ് റിപ്പോർട്ടർമാരെങ്കിലും നിവേദനം ചെയ്തിട്ടുണ്ട്. ഇവരിൽ നിന്ന് നാല് പ്രമുഖ ഹദീസ് സമാഹർത്താക്കളും ഇതു എടുത്ത് ചേർത്തിട്ടുണ്ട്. അവരെല്ലാവരും ഒരേ സ്വരത്തിൽ ഈ സംഭവാനന്തരം അതേ രാത്രി തിരുമേനി (സ) മക്കയിൽ തിരിച്ചുവന്നതായിട്ടാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ജറൂസലേമിൽ നിന്ന് തിരുമേനി (സ) ആകാശാരോഹണം നടത്തിയെങ്കിൽ ഏതെങ്കിലും ഒരവസരത്തിലെങ്കിലും ഉമ്മുഹാനീ പ്രസ്തുത സംഗതി ആരോടെങ്കിലും പറയുമായിരുന്നു. അതു സംഭവിച്ചില്ല. അതുകൊണ്ടു തന്നെ ഈ രണ്ടു സംഭവങ്ങളും കൂട്ടികലർത്താനുള്ള യാതൊരുപഴുതും ഇല്ല.

ഹദീസ് ഗ്രന്ഥങ്ങൾ പരിശോധിച്ചാൽ റിപ്പോർട്ടർമാർ മൂന്ന് ഗ്രൂപ്പിലായി കാണാം. (1) തിരുമേനി (സ) മക്കായിൽ നിന്ന് നേരെ ആകാശ പ്രയാണം നടത്തി പക്ഷെ ജറുസലേം യാത്രയെപ്പറ്റി ഒന്നും പറഞ്ഞില്ല. (2) തിരുമേനി (സ) ആദ്യം ജറൂസലേമിലും പിന്നീട് ആകാശാരോഹണവും നടത്തി. (3) റസൂൽ തിരുമേനി (സ) ജറുസലേം യാത്രയെക്കുറിച്ചു മാത്രം പറയുകയും മിഅ്റാജിനെക്കുറിച്ച് യാതൊന്നും പറയാതിരിക്കുകയും ചെയ്തു. ഈ അവസാനം പറഞ്ഞവർ നല്ലൊരു വിഭാഗം റസൂൽ തിരുമേനി (സ) അതേ രാത്രിയിൽ തിരിച്ചു മക്കയിൽ വന്നതായി റിപ്പോർട്ട് ചെയ്യുന്നവരാണ്.

മിഅ്റാജിനെപറ്റി പറഞ്ഞവരിൽ ആദ്യത്തെ ഗ്രൂപ്പുകാരുടെ പക്കൽ റസൂൽ തിരുമേനിയെ വീട്ടിൽ നിന്ന് നേരെ ആകാശാരോഹണം ചെയ്തതായിട്ടാണ് പറയുന്നത്. ജറുസലേം അദ്ദേഹത്തിന്റെ വഴിയിൽ വരുന്നതേ ഇല്ല. ഇതിൽ നിന്ന് ഈ രണ്ടു സംഭവങ്ങളും വ്യത്യസ്തമായ സന്ദർഭങ്ങളിൽ നടന്നതായി അനുമാനിക്കാം. ഈ ഗ്രൂപ്പിൽപെട്ട നിവേദകർ അനസ് (റ), മാലിക്ക് ഇബ്നു സാസ, അബദർ എന്നിവരാണ്.

അതേപോലെ റസൂൽ തിരുമേനിയുടെ ജറൂസലേമിലുള്ള യാത്രയെപ്പറ്റി മാത്രം പറയുകയും അതിലും പ്രാധാന്യമുള്ള ആകാശരോഹണത്തെക്കുറിച്ചു ഒന്നും പറയാതിരിക്കുകയും ചെയ്ത നിവേദകർ അനസ്, അബ്ദുല്ലാ ഇബ്നു മസൂദ് എന്നിവരാണ്. രണ്ടാമത് പറഞ്ഞ ആൾ ആദ്യകാലത്ത് ഇസ്ലാം ആശ്ലേഷിച്ചയാളും തിരുമേനി (സ) യുടെ സ്നേഹാദരങ്ങൾക്ക് പാത്രമായ ആളുമാണ്. ഇവരൊക്കെ ഏറ്റവും പ്രധാനപ്പെട്ട ആകാശാരോഹണവും അതിൽ ഉണ്ടായ ദൈവ ദർശനവും ദൈവം നേരിട്ട് സംസാരിക്കുന്നതുമായ ഏറ്റവും പ്രധാനപ്പെട്ട ഭാഗങ്ങൾ വിട്ടുകൊണ്ടു അത്ര തന്നെ പ്രാധാന്യമല്ലാത്ത ജറുസലേം യാത്ര മാത്രം എഴുതിയതെന്ന് സങ്കല്പിക്കാൻ പോലും നിവൃത്തിയില്ല. രണ്ടു ഹദീസ് നിവേദകരിലും അനസ് ഉണ്ട്. അതുകൊണ്ടു ഇതു രണ്ടും രണ്ടു ഘട്ടങ്ങളിലായി നടന്നതായി കരുതാനേ നിവൃത്തിയുള്ളൂ. മൂന്നാമത്തെ ഗ്രൂപ്പു തിരുമേനി (സ) യുടെ ജറുസേലം യാത്രയെപ്പറ്റി മാത്രം പറഞ്ഞവരാണ്. അവരൊക്കെ തിരുമേനി (സ) അതേ രാത്രിയിൽ തന്നെ മക്കയിൽ തിരിച്ചെത്തിയതായാണ് നിവേദനം ചെയ്തിരിക്കുന്നത്. ആകാശാരോഹണത്തെപ്പറ്റി ഒന്നും പറയുന്നില്ല. നിവേദകന്മാർ . അബ്ദുല്ലാഹിബ്നു മസൂദ് അബ്ദുല്ലാബിൻ അബ്ബാസ്, ആയിശ, ഉമ്മു സൽമ, ഉമ്മുഹാനി എന്നിവരാണ്. ഇതിൽ അബ്ദുല്ലഹിബ്നു മസൂദ് ഒഴിച്ചു ബാക്കിയുള്ളവരെല്ലാം ആദ്യകാല വിശ്വാസികളും തിരുമേനി(സ) യുമായി അടുത്ത ബന്ധമുള്ളവരുമാണ്. ഇവരുടെ പക്കലും ഈ രണ്ടു സംഭവങ്ങൾ അതായത് മിഅ്റാജും ഇസ്റാഉം രണ്ട് അവസരങ്ങളിൽ നടന്ന സംഭവങ്ങളാണ്.

മറ്റൊരു തെളിവ് എന്താണെന്നു വെച്ചാൽ റസൂൽ തിരുമേനി (സ) മക്കയിൽ നിന്നും ജറൂസലേമിൽ പോവുകയും അവിടെനിന്ന് ആകാശാരോഹണം ചെയ്യുകയും അതിനു ശേഷം തിരിച്ചു ജറൂസലേമിൽ വന്ന് അവിടെ നിന്ന് മക്കായിലേക്ക് വരുന്നതായി ചില ഹദീസ് ഗ്രന്ഥങ്ങളിൽ കാണപ്പെടുന്നു. (അൽഖസായിസുൽഖുബ്റ വാള്യം 1, പേജ് 154). ഇതിൽ ജറുസലേമിലേക്കാണ് ആദ്യം പോയത് അവിടെ ഒരുപാട് കാര്യങ്ങൾ നിർവ്വഹിക്കാനുണ്ട്. അവിടെ വെച്ച് മരിച്ച പ്രവാചകന്മാരുടെ സമൂഹത്തെ കാണാനും അവരുടെ ദൗത്യങ്ങളെക്കുറിച്ചു മനസ്സിലാക്കാനും അവർക്ക് ഇമാമായി നിന്നുകൊണ്ടു നമസ്കാരത്തിനു നേതൃത്വം വഹിക്കാനുമൊക്കെ സാധിച്ചിട്ടുള്ളൂ. പിന്നീട് ആകാശാരോഹണം ചെയ്തതും മനസ്സിലാക്കാം. പക്ഷെ തിരികെ വരുമ്പോൾ പിന്നേയും ജറൂസലേമിൽ വരാനുള്ള ഒരു കാരണവും നാം കാണുന്നില്ല. അദ്ദേഹം തിരിച്ച് അവിടെ എത്തിയശേഷം ഒരു പ്രവർത്തനത്തിലും ഏർപ്പെട്ടതായി കാണുന്നുമില്ല. അപ്പോൾ ഇതിൽ നിന്ന് മനസ്സിലാകുന്നത് ഈ രണ്ടു സംഭവങ്ങളും റിപ്പോർട്ട് ചെയ്ത റിപ്പോർട്ടർമാർ സംഭവങ്ങൾ തമ്മിൽ കൂട്ടികുഴച്ചതാണ് കാരണം. ഈ രണ്ടു യാത്രകൾക്കും അതായത് ഇസ്റാ

*(ശേഷം 31-ാം പേജിൽ)*

ലേഖനം

# ശരീഅത്ത് നിയമാധിഷ്ഠിത ഭരണം സാധ്യമാണോ?

**എസ്. മുഹമ്മദ് സലീം**

**ശരീഅത്ത് നിയമത്തിന്റെ അടിസ്ഥാനത്തിലല്ല നീതിയുടെ അടിസ്ഥാനത്തിലാണ് ഭരണം നടത്തേണ്ടതെന്നാണ് ഖുർആൻ പറയുന്നത്.**

അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ നാലാം ഖലീഫയായിരുന്ന ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ് സാഹിബ് പാകിസ്ഥാനിലെ രാഷ്ട്രീയനേതാക്കന്മാരേയും മതപണ്ഢിതന്മാരെയും അഭിസംബോധന ചെയ്തുകൊണ്ട് ഇപ്രകാരം പറഞ്ഞു: 'നിങ്ങൾ പാകിസ്ഥാനിലെ ഒരു പട്ടണം ആദ്യമായി പരിവർത്തനവിധേയമാക്കുവാൻ ഉപദേശിക്കുക. അതിനുശേഷം അവിടെ ശരീഅത്ത് നടപ്പിലാക്കുക. ഉദാഹരണമായി പാകിസ്ഥാനിലെ കച്ചവടക്കാരുടെ പട്ടണമായ ഫൈസാബാദ് പട്ടണത്തെ തെരഞ്ഞെടുക്കുക. അഴിമതിയുടെ കാര്യത്തിൽ കുപ്രസിദ്ധമായ ഈ പട്ടണത്തെ നന്നാക്കിതീർക്കുകയും പാകിസ്ഥാനിലെ ഏതെങ്കിലും ഒരു പട്ടണത്തെ ധാർമ്മികമായും സദാചാരപരമായും പരിഷ്കരണ വിധേയമാക്കി ശരീഅത്തിന്റെ ഭാരം വഹിക്കുവാനുള്ള കഴിവ് അവരിൽ സംജാതമാക്കുകയും ശരീഅത്ത് നിയമം അവരുടെ ദിനേനയുള്ള കാര്യങ്ങളിൽ നടപ്പിലാക്കുകയും ചെയ്യട്ടെ.' എന്നായിരുന്നു ഖലീഫ തിരുമനസ്സിന്റെ ആഹ്വാനം. എന്നാൽ ഒരിക്കലും ഇത് സംഭവിക്കുവാൻ പോകുന്നില്ല. അവർക്ക് ഇതിൽ യാതൊരു താൽപര്യവുമില്ല. ഇസ്‌ലാമിനോടുള്ള സ്നേഹം കൊണ്ടല്ല അവർ ശരീഅത്ത് നിയമം നടപ്പിലാക്കുവാൻ ആവശ്യപ്പെടുന്നത്. മറിച്ച് അധികാരത്തിലേക്കുള്ള കുറുക്ക് വഴിയാണ് അവരുടേത്. ശരീഅത്തിന്റെയും ദൈവത്തിന്റേയും പേര് പറഞ്ഞ് അധികാരം കൈക്കലാക്കുകയും അവരെ ഭരിക്കുകയും ചെയ്യുക. ഇതാണ് അവരുടെ പരിപാടി. ജനങ്ങളെ ഭരിക്കുന്നത് അഴിമതിക്കാരായ രാഷ്ട്രീയക്കാരാണ്. നിർഭാഗ്യമെന്ന് പറയട്ടെ ഇതെല്ലാം ദൈവത്തിന്റെ പേരിലാണ് കാട്ടിക്കൂട്ടുന്നത്. നാം ഇവിടെ ചർച്ച ചെയ്യുന്നത് ഒരു മതത്തിന്റെ നിയമങ്ങൾ ഒരു രാജ്യത്തെ നിയമമാക്കുവാൻ സാധ്യമാണോ എന്നുള്ളതിനെക്കുറിച്ചാണ്. അത് തികച്ചും അസാദ്ധ്യമാണെന്നേ പറയുവാനുള്ളൂ. നാം ഇപ്പോൾതന്നെ മതത്തിൽ എത്രയോ അകലത്താണ് നിലയുറപ്പിച്ചിരിക്കുന്നത്. രാഷ്ട്രീയത്തിലും സാമൂഹ്യജീവിതത്തിലും കാപട്യമാണ് മുന്നിട്ടുനിൽക്കുന്നത്. അപ്പോൾ എങ്ങിനെയാണ് സത്യസന്ധത തഴച്ചു വളരുക. അത്തരം സമൂഹത്തിൽ ദൈവവചനങ്ങൾ ജനഹൃദയങ്ങളിൽ ആഴ്ന്നിറങ്ങുമെന്ന് നമുക്ക് പ്രതീക്ഷിക്കാമോ.

ചിലർ ചോദിക്കാറുണ്ട്. പൗരാണിക നിയമങ്ങൾ ആധുനികകാലത്ത് നടപ്പിലാക്കുക അസാധ്യമല്ലേ. ഇതിനുള്ള ഉത്തരം മതം ആദ്യമായി സ്ഥിരതയുള്ളതും സാർവ്വദേശീയവും സർവ്വകാലികവുമായിരിക്കണം. പ്രസ്തുത മതത്തിന്റെ തത്വങ്ങൾ മനുഷ്യമനസ്സുകളിൽ ആഴത്തിൽ വേരോടിയിരിക്കേണ്ടതും അത്യാവശ്യമാണ്. മനുഷ്യമനസ്സ് മാറ്റത്തിന് വിധേയമല്ല. അതുതന്നെയാണ് വിശുദ്ധ ഖുർആനും അവകാശപ്പെടുന്നത്. ''ദീനുൽ ഫിത്ർ' ഇതിന്റെ അർത്ഥം ഒരു വിശ്വാസമോ നിയമമോ മനുഷ്യപ്രകൃതി അടിസ്ഥാനമാക്കിയുള്ളതായിരിക്കണം എന്നാണ്. അല്ലാഹുവിന്റെ ആജ്ഞയും അതിന്റെ നിർവ്വഹണവും അടിസ്ഥാനപരമായി മനുഷ്യപ്രകൃതിയിൽ ലീനമായിക്കിടക്കുന്നുവെന്നതിനാൽ നിയമം അതിനനുസൃതമായിരിക്കണം. ഈ സത്യം ഇസ്‌ലാമിന്റെ മാത്രം കുത്തകയായി വിശുദ്ധ ഖുർആൻ അവകാശപ്പെടുന്നില്ല. ഇത് എല്ലാ മതങ്ങൾക്കും അവകാശപ്പെട്ടതാണ്. എല്ലാ മതങ്ങളുടെയും ആരംഭത്തിലും അതിന്റെ വളർച്ചയിലും ഈ അടിസ്ഥാനപരമായ തത്വം തന്നെയായിരുന്നു ലോകത്ത് പ്രത്യക്ഷപ്പെട്ടത്. ഈ

അടിസ്ഥാന തത്വം തികച്ചും മനുഷ്യപ്രകൃതിയ്ക്ക് യോജിച്ചതുമായിരുന്നു. വി ശുദ്ധ ഖുർആൻ ഇതിനെക്കുറിച്ച് പറയുന്നത് ''ദീനുൽ ഖയ്യിമ'' എന്നാ ണ്. ഓരോ മതത്തിലും അടിസ്ഥാനപരായി 3 തത്വങ്ങൾ നിലനിൽക്കുന്നുണ്ട്. ഒന്നാമതായി ദൈവവുമായുള്ള തങ്ങളുടെ ബന്ധം നന്നാക്കിത്തീർക്കുകയും വിശ്വസ്തയോടും വിനയത്തോടും അവന് കീഴ്പ്പെടുക. രണ്ടാമതായി അവനെ ആരാധിക്കുക. വി.ഖുർആന്റെ ഭാഷയിൽ പറഞ്ഞാൽ കേവലം ചുണ്ടുകളിൽ ഉരുവിടുന്ന ആരാധനയല്ല ഉദ്ദേശിക്കുന്നത്. മറിച്ച് ദൈവത്തിന്റെ വിശുദ്ധ ഗുണങ്ങൾ സ്വന്തം ജീവിതത്തിൽ സന്നിവേശിപ്പിക്കേണ്ടതാണ്. മൂന്നാമതായി മനുഷ്യസമൂഹത്തെ സേവിക്കുകയും അവശരായ ജനങ്ങൾക്ക് തങ്ങൾക്ക് നൽകിയതിൽ നിന്നും നിർലോഭമായി ചെലവാക്കേണ്ടതുമാണ്. ഈ മൂന്ന് അടിസ്ഥാനതത്വങ്ങൾ എല്ലാ മതങ്ങൾക്കും അവകാശപ്പെട്ടതാണ്. നിർഭാഗ്യവശാൽ കാലത്തിന്റെ കുത്തൊഴുക്കിലും മതാദ്ധ്യാപനങ്ങളിൽ കൂട്ടിച്ചേർക്കലുകളും സംഭവിച്ചതിനാൽ അത് ശുദ്ധീകരിക്കേണ്ടത് അത്യാവശ്യമാണ്. ഒരു പു തിയ വിശ്വസത്തിന്റെ ആവശ്യമില്ല. ഇത് തന്നെയാണ് ഓരോ പ്രവാചകന്റേയും ആഗമന കാലത്ത് സംഭവിച്ച് കൊണ്ടിരുന്നത്. അതുകൊണ്ട് ഇസ്ലാമിക നിയമമോ മറ്റ് നിയമമോ ഒരു രാജ്യത്തിന്റെ മേലോ ഒരു സമൂഹത്തിന്റെ മേലോ അടിച്ചേൽപ്പിക്കുകയെന്നത് ശരിയായിരിക്കുകയയില്ല. കാരണം അത് മതത്തിന്റെ ആത്മാവിന് തന്നെ എതിരായിട്ടുള്ളതാണ്. വിശുദ്ധ ഖുർആൻ പറയുന്നത് ശ്രദ്ധിക്കുക. "ലാ ഇക്റാഹ ഫിദ്ദീൻ" ഇത് വി.ഖുർആന്റെ വ്യക്തമായ പ്രഖ്യാപനമാണ്. മതകാര്യത്തിൽ ഒരു നിർബന്ധവുമില്ല. ഇത് സാർവ്വദേശീയമായ ഒരു പ്രസ്താവനയാണ്. ഇത് മാറ്റത്തിന് വിധേയമല്ല. മതത്തിലോ മതകാര്യങ്ങളിലോ ഒരു തരത്തിലുള്ള നിർബന്ധവും പാടില്ലെന്നതാണ് വിശുദ്ധ ഖുർആന്റെ അദ്ധ്യാപനം.

അതുകൊണ്ട് അടിസ്ഥാനപരമായ ചോദ്യമിതാണ്. മതനിയമങ്ങളിൽ ഒരുതരത്തിലുമുള്ള കാർക്കശ്യവും നിർബന്ധവും അരുതെന്നാണ്. ഇസ്ലാമിന്റെ ആധികാരികമായ എല്ലാ സിദ്ധാന്തങ്ങളും നബി തിരുമേനി (സ) ജീവിതത്തിൽ പ്രയോഗവത്ക്കരിച്ചതാണ്. തിരുമേനി ഇസ്ലാമിന്റെ ജീവിക്കുന്ന മാതൃകയാണ്. ഒരിക്കൽ നബി തിരുമേനിയുടെ ജീവിതത്തെക്കുറിച്ച് തിരുമേനിയുടെ ആദരണീയരായ പത്നി ആയിശ(റ)യോട് ചോദിച്ചപ്പോൾ തിരുമേനിയുടെ ജീവിതം വി.ഖുർആൻ ആയിരുന്നു എന്നു മറുപടിയാണ് ലഭിച്ചത്. ആയതിനാൽ ഇസ്ലാമിന്റെ ആധികാരികത നിലകൊള്ളുന്നത് നബിതിരുമേനി (സ)യുടെ ജീവിതത്തിലാണ്. ആ മാതൃകയെ നമുക്ക് സ്വീകാര്യമായിരിക്കയുള്ളു. അങ്ങനെയുള്ള ഒരു മഹാപ്രവാചകനോട് അല്ലാഹു അഭിമുഖീകരിച്ച് പറയുകയാണ്. താങ്കൾ വെറും ഒരു ഉപദേശകൻ മാത്രമാണ്. അതിൽ കൂടുതൽ ഒന്നുമല്ല. അവരുടെ മേൽ താങ്കൾക്ക് ഒരു അധികാരവുമില്ല. താങ്കൾ ഒരു പോലീസ് സുപ്രണ്ടുമല്ല. 'മുദക്കിർ' എന്നതിന്റെ ശരിയായ അർത്ഥം പോലീസ് സൂപ്രണ്ട് എന്നാണ്. ആയതിനാൽ എന്തുകൊണ്ട് ദൈവം ബലാൽക്കാരം അരുതെന്ന് കൽപിച്ചു. ഇത്രമാത്രം വ്യക്തമായ അദ്ധ്യാപനങ്ങൾ ഇസ്ലാമിൽ നൽകിയിട്ടും മുസ്ലിംകൾ എന്തുകൊണ്ടാണ് അവരുടെ മതനിയമം അധികാരത്തിന്റെ പിൻബലം കൊണ്ട് മാത്രം പ്രസക്തമാവുന്ന ഭരണനിയമങ്ങളാക്കി മാറ്റാൻ ശ്രമിക്കുന്നത്. പാകിസ്താനിലെ മുസ്ലിംകൾ എന്തുകൊണ്ടാണ് അവരുടെ രാജ്യത്തിലെ ഭരണഘടന ഇസ്ലാമികമായി തീരുന്നത് വരെ കാത്തിരിക്കുന്നത്. ഭരണനിയമമാക്കാതെ തന്നെ അവർക്ക് സ്വന്തം ജീവിതത്തിൽ അത് പ്രയോഗവത്ക്കരിച്ച് കാണിക്കാമല്ലോ. ആധുനിക രാഷ്ട്രീയ ചിന്തകന്മാർ സ്വീകരിച്ച ഒരു സിദ്ധാന്തം മതത്തെ രാഷ്ട്രീയത്തിൽ ഇടപെടാൻ അനുവദിക്കരുതെന്നാണ്. അതേപ്രകാരം രാഷ്ട്രീയവും രാഷ്ട്രീയക്കാരും മതത്തിലും കൈകടത്തരുത്. രാഷ്ട്രീയത്തിൽ മതവും മതത്തിൽ രാഷ് ട്രീയവും ഇപെടരുതെന്ന് പറയുന്നതിന്റെ അർത്ഥം മതവിശ്വാസികളുടെ സന്യാസ ജീവിതമല്ല. അതുപോലെ രാഷ്ട്രീയക്കാരുടെ കേവല മതനിരപേക്ഷതയുമല്ല. മറിച്ച് സഹകരണാത്മകമായ ബന്ധമാണ് ഇവിടെ ഉദ്ദേശിക്കുന്നത്. ഓരോ മത സമൂഹങ്ങൾക്കും അവരവരുടെ മത നിയമങ്ങൾ അനുസരിച്ച് ജീവിക്കുവാൻ സ്വാതന്ത്ര്യമുണ്ടായിരിക്കെ ഭരണഘടനയിൽ ഉൾപ്പെടുത്തേണ്ട ഒരാവശ്യവും അവിടെ നിലനിൽക്കുന്നില്ല.

പാകിസ്താനിൽ ശരീഅത്ത് നിയമം നടപ്പിലാക്കാൻ ശ്രമിച്ചു പരാജയപ്പെട്ടതിന്റെ പശ്ചാത്തലം വിവരിക്കട്ടെ. ജനറൽ സിയാവുൽ ഹഖിന്റെ പട്ടാള ഭരണകാലത്ത് മുസ്ലിം ശരീഅത്ത് കോടതികൾ സ്ഥാപിച്ചിരുന്നു. കുറ്റകൃത്യങ്ങൾ നടക്കുമ്പോൾ കുറ്റവാളികളെ ശരീഅത്ത് കോടതികളിൽ കൂടിയോ അതല്ലെങ്കിൽ രാജ്യത്ത് സ്ഥാപിതമായ മറ്റ് കോടതി മുഖാന്തിരമോ വിചാരണയ്ക്ക് വിധേയമാക്കാനുള്ള സ്വാതന്ത്ര്യം പോലീസിനാണ് നൽകിയിട്ടുണ്ടായിരുന്നത്. ഇതിന്റെ അനന്തരഫലം എന്തായിരുന്നുവെന്ന് നോക്കുന്നത് കൗതുകകരമായിരിക്കും. കുറ്റകൃത്യങ്ങൾ നടക്കുമ്പോഴും കുറ്റവാളികളെ ഭീഷണിപ്പെടുത്തി സാധാരണ നൽകിയിരുന്ന കൈക്കൂലിയുടെ ഇരട്ടി നൽകിയില്ലെങ്കിൽ അവരുടെ കേസുകൾ ശരീഅത്ത് കോടതിയിൽ റഫർ ചെയ്യുമെന്ന് ഭീഷണിപ്പെടുത്തിയിരുന്നുവത്രെ. ചുരുക്കത്തിൽ ശരീഅത്ത് കോടതികളിൽ ഒരു കേസിന്റേയും വിചാരണ നടക്കുകയുണ്ടായില്ല.

ഇതായിരുന്നു ശരീഅത്ത് കോടതി പാകിസ്ഥാനിൽ സ്ഥാപിച്ചതിന്റെ മൊത്തം ലാഭം. പതിനായിരക്കണക്കിന് ക്രിമിനൽ കേസുകളിൽ കേവലം രണ്ടോ മൂന്നോ മാത്രമായിരുന്നു ശരീഅത്ത് കോടതികളിൽ റഫർ ചെയ്യപ്പെട്ടിരുന്നത്. അതും അങ്ങേയറ്റത്തെ രാഷ്ട്രീയസമ്മർദ്ദം മൂലം. ചില രാഷ്ട്രീയ പാർട്ടിക്കാർക്ക് അവരുടെ രാഷ്ട്രീയ പ്രതിയോഗികളെ ഒതുക്കാനുള്ള ആയുധമായിരുന്ന ശരീഅത്ത് കോടതി.

ലോകത്ത് പ്രത്യക്ഷപ്പെട്ട പ്രവാചകന്മാരിൽ മഹാഭൂരിഭാഗവും ഒരു നിയമസംഹിതയുമായി വന്നവരായിരുന്നില്ല. മുമ്പ് വന്ന പ്രവാചകന്മാരുടെ മതനിയമതത്വങ്ങൾ നടപ്പാക്കാനും വ്യാഖ്യാനിക്കുവാനും പ്രയോഗവത്ക്കരിക്കുവാനുമാണ് അവർ ശ്രമിച്ചിരുന്നത്. ഉദാഹരണമായി ജൂതന്മാരുടെ ചരിത്രം മനസ്സിലാക്കിത്തരുന്നത് ജനങ്ങളാൽ കൂട്ടിച്ചേർക്കപ്പെടുകയും ഒഴിവാക്കുകയും ചെയ്തിരുന്ന ന്യായപ്രമാണം വീണ്ടും അവിടെ യഥാർത്ഥ രൂപത്തിൽ ആത്മീയചൈതന്യത്തോടെ പുനഃസൃഷ്ടിക്കുകയും പ്രയോഗവത്ക്കരിക്കുകയും ചെയ്യുന്ന പ്രവൃത്തിയായിരുന്നു, പിന്നീട് വന്ന പ്രവാചചകന്മാരുടേത്. ലോകത്തിലെ നിലവിലുള്ള സുപ്രധാനമായ മതങ്ങളുടെ ചരിത്രം നമുക്ക് മനസ്സിലാക്കിത്തരുന്ന വസ്തുത ഇതാണ്. ചൈനയിലേയ്ക്ക് തിരിയുക. താവോ അദ്ദേഹത്തിന്റെ അദ്ധ്യാപനങ്ങളുമായി വന്നു. താവോയുടെ അദ്ധ്യാപനങ്ങളിൽ ഒരു വള്ളിപുള്ളിയില്ലാതെ കൺഫ്യൂഷെസ് പിൻതുടർന്നു. താവോ ഉപദേശിച്ചതും ജീവിച്ച് കാണിച്ചതുമായ അതേ തത്വങ്ങൾ തന്നെയാണ് കൺഫ്യൂഷസ് ഉപദേശിച്ചതും ജീവിതത്തിൽ നടപ്പിൽ വരുത്തിയതും. എന്നാൽ വി. ഖുർആന്റെ വീക്ഷണത്തിൽ നാം കാര്യങ്ങൾ അപഗ്രഥന വിധേയമാക്കുകയാണെങ്കിൽ ചില നിയമങ്ങൾ പുനഃസൃഷ്ടിക്കുകയും കാലഘട്ടത്തിന്റെ ആവശ്യമനുസരിച്ച് ചിലതിനെ ഒഴിവാക്കുകയും ചെയ്തിട്ടുണ്ട്.

ചരിത്രത്തിൽ നിന്നും 3 ഉദാഹരണങ്ങൾ ഇവിടെ ചൂണ്ടിക്കാണിക്കട്ടെ. ജൂതന്മാരുടെ മേൽ ശതാബ്ദങ്ങളായി നീണ്ടുനിന്ന അടിമത്വവും, ഫറോവമാരുടെ ക്രൂരമായ പെരുമാറ്റവും കാരണം ഇസ്രായീലുകളുടെ മാനുഷികമായ ധൈര്യം തന്നെ അലിഞ്ഞലിഞ്ഞ് ഇല്ലാതായിരുന്നു. അവരുടെ ജന്മസിദ്ധമായ അവകാശങ്ങൾ പോലും നേടിയെടുക്കുവാനുള്ള ധൈര്യം അവർക്കുണ്ടായില്ല. അതേപോലെ തന്നെ തത്തുല്യമായ പ്രതികാരം ചെയ്യുവാനുള്ള അവകാശം അവർക്കുണ്ടായിരുന്നിട്ടും അവർക്കതിന് കഴിഞ്ഞിരുന്നില്ല. മോശയുടെ നിയമത്തിൽ പറയപ്പെട്ട പ്രതികാരത്തിന്റെ സ്ഥിതിയും പല്ലിന് പല്ല്, കണ്ണിന് കണ്ണ് ആയിരുന്നുവല്ലോ. മോശയുടെ തൗറാത്തിലെ തത്തുല്യമായ പ്രതികാരശിക്ഷാ നിയമത്തിൽ ഇത് കണിശമായി പാലിക്കണമെന്നും. മാപ്പ് കൊടുക്കുന്നതിനുള്ള ഒരവസരവും അവിടെ അവശേഷിച്ചിരുന്നില്ല. ഈ നിയമം നീണ്ടകാലം നിലനിന്നിരുന്നു. അങ്ങനെ യേശുക്രിസ്തു പ്രവാചകനായി അവർക്ക് പ്രത്യക്ഷപ്പെട്ട അവസരത്തിൽ ജൂതന്മാർക്ക് മാപ്പിനെക്കുറിച്ചുള്ള സങ്കൽപം തന്നെ മനസ്സിലില്ലായിരുന്നു. ഷേയ്ക്സ്പിയറിന്റെ ഷയ്ലോക്ക് വായിച്ചാൽ കാര്യം എളുപ്പത്തിൽ മനസ്സിലാക്കാവുന്നതാണ്. ക്രിസ്തുവും ജൂതന്മാർക്ക് പ്രതികാരം ചെയ്യുവാനുള്ള അനുമതി നൽകിയിരുന്നുവെങ്കിൽ എന്തായിരിക്കും സ്ഥിതി. ക്രിസ്തു ചെയ്തത് അവരെ പ്രതികാരത്തിന്റെ പാതയിൽ നിന്നും മറ്റൊരു പാതയിലേക്ക് തിരിക്കുകയാണ് ചെയ്തത്. പല്ലിന് പല്ല്, കണ്ണിന് കണ്ണ് എന്ന പ്രതികാര നടപടി അവരുടെ അന്നത്തെ അവസ്ഥയ്ക്ക് അനുയോജ്യമായതും താത്ക്കാലികമായിരുന്നു. ഇങ്ങനെയുള്ള അവസ്ഥകളിലാണ് ഒരു പുതിയ അദ്ധ്യാപനമെന്ന് തോന്നുന്ന വെളിപാടുകൾ ഇറങ്ങുന്നത്. അത് തികച്ചും പ്രത്യേക കാലഘട്ടത്തിലെ ജനങ്ങളെ ഉദ്ദേശിച്ചു കൊണ്ടുള്ളതാണ്. പിന്നീട് വി. ഖുർആൻ ഇറങ്ങിയപ്പോൾ അതിൽ പറയുന്നത് നിങ്ങൾക്ക് പ്രതികാരം ചെയ്യുവാനുള്ള അവകാശമുണ്ട്. നിങ്ങളുടെ മേൽ അക്രമം ചെയ്യപ്പെടുമ്പോൾ മാത്രം. അപ്പോഴും നിങ്ങളോട് കാണിച്ചതിൽ കവിഞ്ഞ് പ്രതികാരം ചെയ്യരുത്.' ഇതായിരുന്നു തത്വം. നിങ്ങൾ മാപ്പ് ചെയ്തു കൊടുക്കുവാനും അനുവദിക്കപ്പെട്ടിരിക്കുന്നു. പക്ഷെ ഒരു നിബന്ധനയുണ്ട്. ആ നിബന്ധന അക്രമികളിൽ പരിഷ്കരണമുളവാക്കുന്നുവെങ്കിൽ മാത്രമേ മാപ്പ് ചെയ്ത് കൊടുക്കുവാൻ അവകാശമുള്ളൂ. അല്ലാത്ത പക്ഷം കുറ്റവാളികളെ പ്രോത്സാഹിപ്പിക്കലായിരിക്കും അനന്തരഫലം. നോക്കുക. തൗറാത്തിൽ പറയപ്പെട്ട ആ പ്രതികാരനടപടി എല്ലാ കാലത്തേയ്ക്കും എല്ലാ അവസരത്തിലും അനുയോജ്യമായി നടപ്പിൽ വരുത്തുവാൻ സാധ്യമാണോ. എന്നാൽ തത്വങ്ങൾ സനാതന മൂല്യങ്ങളില ധിഷ്ഠിതമാണ്.

ശരീഅത്തും ദീനും തമ്മിലുള്ള വ്യത്യാസം ദീൻ എന്ന വാക്ക് എല്ലാ തത്വശാസ്ത്രങ്ങളേയും സംബന്ധിച്ചുള്ളതാണ് അത് മതപരമോ ഭൗതീകമോ ആയിക്കൊള്ളട്ടെ. ഏതെങ്കിലും ജീവിതശൈലിക്കും ദീൻ എന്ന് പറയാവുന്നതാണ്. ചില മുസ്ലിം പണ്ഡിതന്മാരുടെ വീക്ഷണത്തിൽ വിഗ്രഹാരാധകർക്ക് ദീ നില്ല എന്നു പറയുന്നു. എന്നാൽ യഥാർത്ഥത്തിൽ അവർക്കും അവരുടേതായ ദീനുണ്ട്. വി. ഖുർആൻ അവരെ അഭിസംബോധന ചെയ്ത് പറയുന്നത് നോക്കുക. ''ലക്കും ദീനുക്കും വലിയ ദീൻ" നിങ്ങൾക്ക് നിങ്ങളുടെ മതം എനിക്ക് എന്റെ മതം ''ലാ ഇക്റാഹ് ഫിദ്ദീൻ'' എന്നതിന്റ അർത്ഥം ഓരോ സമൂഹങ്ങൾ ക്കും അതിന്റേതായ ജീവിതാചാരങ്ങളും മതനിയമങ്ങളും ഉണ്ട് എ ന്നാണ്.

ത്തിന്റെ പ്രതിനിധിയായിക്കൊണ്ടുള്ള ഒരു ഗവൺമെന്റാണ് ഒരു രാജ്യത്ത് സ്ഥാപിതമാകേണ്ടതെങ്കിൽ ഈ സമസ്യയെ വ്യത്യസ്ത വീക്ഷണകോണിൽ കൂടി നോക്കിക്കാണേണ്ടി വരും. എല്ലാ മതവിഭാഗങ്ങൾക്കും അനുയോജ്യമായതും പ്രവർത്തന സ്വാതന്ത്ര്യവും പൗര സ്വാതന്ത്ര്യവും നൽകുന്ന ഒരു ഗവൺമെന്റാണെങ്കിൽ അതിനെ നാം തികച്ചും പുതിയ മാനത്തിൽ കൂടി നോക്കിക്കാണേണ്ടതാണ്. അഹ്മദിയ്യ മുസ്‌ലിം ജമാഅത്തിന്റെ നാലാം ഖലീഫയായിരുന്ന ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ് സാഹിബ് ലാറ്റിൻ അമേരിക്കൻ രാജ്യമായ സുറിനാമിൽ ചെയ്ത പ്രഭാഷണത്തിൽ വ്യക്തമായി പറയുന്നത് ഒരിക്കലും തന്നെ ശരീഅത്തിന്റെ അടിസ്ഥാനത്തിൽ ഒരു ഭരണഘടനയും പ്രായോഗികമല്ലെന്നാണ്. കാരണം ഇസ്‌ലാം മറ്റ് ഏത് മതത്തേക്കാളും അത് പോലെ ഏതൊരു രാഷ്ട്രീയസംവിധാനത്തേക്കാളുമുപരി ആവശ്യപ്പെടുന്നത് ഒരു മതേതര ഗവൺമെന്റ് ഉണ്ടായിത്തീരുവാനാണ്. ഈ വിഷയം ചില ആളുകൾക്ക് ആശ്ചര്യമുളവാക്കുന്നതായിരിക്കാം. എന്നാൽ വി.ഖുർആനിൽ വ്യക്തമായി ഇതിനെക്കുറിച്ച് പരാമർശിക്കുന്നുണ്ട്. വി. ഖുർആൻ പ്രഖ്യാപിക്കുന്നത് തികച്ചും നീതിയിലധിഷ്ഠിതമായ ഒരു സംവിധാനത്തെക്കുറിച്ചാണ്. അവിടെ വിശ്വാസത്തിനും മതത്തിനും നിറത്തിനും വർഗ്ഗത്തിനും കക്ഷികൾക്കൊന്നും ഒരു പ്രസക്തിയുമില്ല. എല്ലാവർക്കും തുല്യനീതി. ഇതാണ് ഇസ്‌ലാമിക ഗവൺമെന്റിന്റെ രത്നച്ചുരുക്കം. മതേതരത്വത്തിന്റെ യഥാർത്ഥത്തിലുള്ള നിർവ്വചനവും ഇത് തന്നെയാണ്. സ്റ്റേറ്റിന്റെ കാര്യത്തിൽ നമ്മോട് ചെയ്യുവാൻ കൽപിക്കുന്നതും സ്റ്റേയിറ്റിന്റെ ഭരണം എങ്ങനെ നടത്തേണ്ടതെന്നും ഏതെല്ലാം മൂല്യങ്ങളും തത്വങ്ങളുമാണ് സ്വീകരിക്കേണ്ടതെന്നും വി.ഖുർആൻ വ്യക്തമായി പറയുന്നു. "ഇന്നല്ലാഹ യഅ്മുറുത്രങ്ങളെ രാജ്യത്തെ പരമോന്നത കോടതികൾ അംഗീകരിക്കുകയും ചെയ്യുന്നു. അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിൽ ഒരു 'ഖളാ ബോർഡ്' സ്ഥാപിതമായിട്ടുണ്ട്. എല്ലാ അഹ്മദികളും അവരുടെ പരസ്പരമുള്ള തർക്കങ്ങൾ പരിഹരിക്കുവാനായി ഖളാബോർഡിനെ സമീപിക്കുകയും വി. ഖുർആന്റെ അടിസ്ഥാനത്തിൽ തങ്ങളുടെ പ്രശ്നങ്ങൾക്ക് പരിഹാരം ഉണ്ടാക്കിത്തരണമെന്ന് രേഖാമൂലം അറിയിക്കുകയും ചെയ്യുന്നു. അത്തരം കേസുകളിൽ ഗവൺമെന്റ് ഇടപെടുകയോ ഗവൺമെന്റിന് എന്തെങ്കിലും ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുകയോ ചെയ്യുന്നില്ല. നേരെമറിച്ച് ഗവൺമെന്റുകൾക്ക് ഇത് വലിയ ആശ്വാസവും അനുഗ്രഹവുമാണ്. മൊത്തത്തിൽ പറയുകയാണെങ്കിൽ ജീവിതത്തിന്റെ എല്ലാ മേഖലകളിലും ശരീഅത്ത് ഒരു രാജ്യത്തിന്റെ നിയമമാകാതെ തന്നെ ജീവിതത്തിൽ സുഗമമായി ആചരിക്കാവുന്നതാണ്.

വീണ്ടും ഇതുമായി ബന്ധപ്പെട്ട പല ചോദ്യങ്ങളും ഉയർന്നുവന്നേക്കാം. ശരീഅത്ത് ഒരു രാജ്യത്തിന്റെ നിയമമാക്കുന്നത് പ്രായോഗികമല്ലെന്ന് നാം പറയുമ്പോൾ ഏത് തരത്തിലുള്ള നിയമനിർമ്മാണമാണ് രാജ്യങ്ങൾ സ്വീകരിക്കേണ്ടത് എന്ന പ്രശ്നം ഉയർന്നുവരും. ശരീഅത്തിനെ നിയമമാക്കുന്നത് തിരസ്കരിക്കപ്പെടണമോ അതോ ശരീരത്തിനെ പരിഷ്കരണ വിധേയമാക്കേണമോ അതുമല്ലെങ്കിൽ മതേതര സ്വഭാവമുള്ള നിയമനിർമ്മാണമാണോ വേണ്ടത്. ഇതിനുള്ള മറുപടി: ഇസ്‌ലാമിക സങ്കൽപത്തിലുള്ള ഒരു ഗവൺമെന്റിന് വളരെയധികം പ്രാധാന്യവും പ്രസക്തിയും ഉണ്ട്. ഈ വിഷയവുമായി ബന്ധപ്പെട്ട് ധാരാളം ഗ്രന്ഥങ്ങൾ രചിക്കപ്പെട്ടിട്ടുണ്ട്. അതിൽ പലതും കഴിഞ്ഞ നൂറ്റാണ്ടിൽ മുസ്‌ലിം പണ്ഡിതന്മാർ രചിച്ചവയാണ്. അവർക്കൊന്നും തന്നെ ഈ സമസ്യയ്ക്ക് പരിഹാരം നിർദ്ദേശിക്കുവാൻ കഴിഞ്ഞിട്ടില്ല. ദൈവഅത് അല്ലാഹുവിന്റെ വിശ്വാസത്തിൽ മാത്രം ബന്ധപ്പെട്ടതായിരിക്കണമെന്നില്ല. ദൈവത്തെ നിഷേധിക്കുന്നവർക്കും അവരുടേതായ ദീനുണ്ട്. എന്നാൽ ശരീഅത്ത് എന്ന് പറയുന്നത് ദൈവസങ്കൽപത്തിൽ നിന്നും നിർഗളിച്ചതാണ്. അതിലൊരു ദൈവമുണ്ട്. മനുഷ്യൻ അവന്റെ ജീവിതം ചിട്ടപ്പെടുത്തണമെന്ന് നിർദ്ദേശിക്കുന്ന ചില തത്വങ്ങൾ പ്രവാചകന്മാർ മുഖേന അവതരിപ്പിക്കുന്നതാണ് ശരീഅത്ത്. ഇത് ഇസ്‌ലാമിന് മാത്രം അവകാശപ്പെട്ടതല്ല. ഓരോ വിശ്വാസത്തിനും അതിന്റേതായ ശരീഅത്തുണ്ട്. ഇവിടെ ഉയരുന്ന മറ്റൊരു ചോദ്യം ശരീഅത്ത് നിയമം ഒരു രാജ്യത്തിന്റെ നിയമമല്ലെങ്കിൽ അവ സ്വീകരിക്കുവാനും ജീവിതത്തിൽ പകർത്തുവാനും പ്രയാസപ്പെടേണ്ടതുണ്ടോ? ഇതിനുള്ള സുന്ദരമായ മറുപടി അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിൽ ദർശിക്കാവുന്നതാണ്. ലോകത്ത് 181 രാജ്യങ്ങളിൽ നിവസിക്കുന്ന അഹ്മദിയ്യാ മുസ്‌ലിംകൾ അവർ ഏഷ്യയിലോ യൂറോപ്പിലോ അമേരിക്കയിലോ ആഫ്രിക്കയിലോ എവിടെയുമായിക്കൊള്ളട്ടെ അവരവരുടെ രാജ്യത്ത് ശരീഅത്ത് നിയമം നടപ്പിലാക്കാതെ തന്നെ അവർ ശരീഅത്ത് അനുസരിച്ച് ജീവിക്കുന്നു. അവർക്കതിൽ ഒരു പ്രയാസവും ബുദ്ധിമുട്ടും നേരിടേണ്ടിവരുന്നില്ല. എന്നാൽ മറ്റ് മുസ്‌ലിംങ്ങൾക്ക് ഇത് സാധ്യമല്ലെന്നാണ് അവർ പറയുന്നത്.

ലോകത്തുള്ള എല്ലാ രാജ്യങ്ങളിലും അവരുടെ പൗരന്മാർ തമ്മിലുള്ള അഭിപ്രായ വ്യത്യാസങ്ങൾക്കും പരാതികൾക്കും തർക്കങ്ങൾക്കും പരസ്പരം ചർച്ച ചെയ്ത് ഒരു പരിഹാരത്തിലെത്തുവാനുള്ള അവസരം നൽകുന്നു. മിക്കവാറും എല്ലാ രാജ്യങ്ങളിലും മദ്ധ്യസ്ഥ ശ്രമത്തെ ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്നു. മാത്രവുമല്ല പരസ്പരം ധാരണാപത്രങ്ങളിൽ ഒപ്പ് വയ്ക്കുകയും ഇത്തരം ധാരണാപ

ബിൽ അദ്‌ലി" (അൽനഹ്ൽ 91). 'അല്ലാഹു നിങ്ങളോട് എല്ലായ്പ്പോഴും നീതി പ്രവർത്തിക്കുവാൻ കൽപിക്കുന്നു.' അവിടേയും വി.ഖുർആൻ നിർത്തുന്നില്ല. വി.ഖുർആൻ വീണ്ടും പറയുന്നു. ഒരു തരത്തിലുള്ള ശത്രുതയും നിങ്ങളും മറ്റ് സമൂഹങ്ങളുമായി ഉണ്ടായിരിക്കരുത്. അതുപോലെ നീതിനിഷ്ഠമായ കാര്യത്തിൽ നിന്നും ഒരിക്കലും നിങ്ങൾ അകന്ന് പോകരുത്. എപ്പോഴും നീതി പുലർത്തുക. അത് തന്നെയാണ് സൂക്ഷ്മതയുമായി ഏറ്റവും അടുത്ത് നിൽക്കുന്നത്.' നിങ്ങൾ നിങ്ങളുടെ ഉത്തരവാദിത്തങ്ങൾ ഒരു ഗവൺമെന്റിന് വേണ്ടി നിറവേറ്റുമ്പോൾ തികച്ചും നീതിപൂർവ്വം ആ ഉത്തരവാദിത്തം നിറവേറ്റേണ്ടതാണ്. ഒരു ഗവൺമെന്റിന്റെ സുപ്രധാനമായ കേന്ദ്രബിന്ദു നീതിനിഷ്ഠമായ ഒരു ഭരണമായിരിക്കണം. അങ്ങനെയാകുമ്പോൾ എങ്ങനെയാണ് ഇസ്‌ലാമിക നിയമം അമുസ്‌ലിംങ്ങളിൽ അടിച്ചേൽപിക്കുക. അത് തികച്ചും നീതിക്ക് എതിരായിട്ടുള്ളതല്ലേ. അതുമാത്രമല്ല നിരവധി ആന്തരിക വിവാദങ്ങൾ ഇത് മൂലം ഉടലെടുക്കുന്നതാണ്. ആയതിനാൽ നീതിപൂർവ്വവും ആഴത്തിലും ഈ കാര്യം നാം വിശകലനം ചെയ്യുകയാണെങ്കിൽ മുകളിൽ കൊടുത്ത വിശദീകരണം തന്നെയാണ്. അനുയോജ്യമായതെന്ന് സമ്മതിക്കേണ്ടി വരും. അത് തന്നെയാണ് ഇസ്‌ലാമിന്റെ പരിശുദ്ധ നബിതിരുമേനി (സ) തങ്ങളുടെ ജീവിതചര്യയിൽ നിന്നും മനസ്സിലാകുന്നത്. നബിതിരുമേനി(സ) തങ്ങൾ മക്കയിൽ നിന്നും പാലായനം ചെയ്ത് മദീനയിലെത്തിയശേഷം ജൂതഗോത്രങ്ങളുമായും മറ്റ് വിഭാഗങ്ങളുമായും ആശയവിനിമയം നടത്തുകയും നബിതിരുമേനിയെ അവർ രാഷ്ട്രീയ നേതാവായി അംഗീകരിക്കുകയുമുണ്ടായി. അങ്ങനെ നബിതിരുമേനി (സ) തങ്ങൾ അവർക്കുവേണ്ടി 'ചാർട്ടർ ഓഫ് മദീന' എന്ന് വിളിക്കപ്പെടുന്ന അവകാശരേഖയ്ക്ക് രൂപം കൊടുത്തു. ആ അവകാശരേഖയിൽ മദീനാ നിവാസികളുടെ എല്ലാ പരാതികളും തർക്കങ്ങളും പരിഹരിക്കുവാൻ നബിതിരുമേനി(സ)യെ ഭരമേൽപിച്ച കാര്യം വ്യക്തമായി രേഖപ്പെടുത്തിയിരുന്നു. ഇവിടെ ചിന്തിക്കേണ്ട ഒരു വിഷയം ഈ അവകാശരേഖയുടെ മുമ്പ് തന്നെ ഇസ്‌ലാമിക നിയമങ്ങൾ നബിതിരുമേനി (സ) തങ്ങൾ ക്ക് വെളിപാടായി ഇറങ്ങിയിട്ടുണ്ടായിരുന്നുവല്ലോ. പലപ്പോഴും ജൂതന്മാർ നബിതിരുമേനിയുടെ മാർഗ്ഗനിർദ്ദേശത്തിനും തീരുമാനത്തിനുമായി വരുമ്പോഴെല്ലാം തിരുമേനി അവരോട് ചോദിച്ചത് ജൂതഗ്രന്ഥങ്ങളുടെ അടിസ്ഥാനത്തിൽ ജൂതനിയമനുസരിച്ച് നിങ്ങളുടെ തർക്കങ്ങൾക്ക് പരിഹാരം കാണേണമോ അതോ ഇസ്‌ലാമിക നിയമനുസരിച്ച് പരിഹാരം കാണേണമോ. അതുമല്ലെങ്കിൽ മദ്ധ്യസ്ഥന്മാർ മുഖേന പരിഹരിപ്പിക്കപ്പെടേണമോ എന്നായിരുന്നു. ഒരിക്കലും തന്നെ മുസ്‌ലിംകളല്ലാത്തവരുടെ മേൽ തിരുമേനി (സ) ഇസ്‌ലാമിക നിയമങ്ങൾ പ്രയോഗിച്ചിട്ടുണ്ടായിരുന്നില്ല. ഇത് തന്നെയാണ് തികച്ചും നീതിനിഷ്ഠമായ ഭരണം. ഈ വിധത്തിലും ഒരു മതത്തിലും പെടാത്തതും അതേ സമയം എല്ലാ മതത്തോടും നീതി പുലർത്തുന്നതുമായ മുകളിൽ പറഞ്ഞതിന്റെ രത്നച്ചുരുക്കം ഒരു ഇസ്‌ലാമിക ഗവൺമെന്റ് എന്നാൽ ഒരു മതേതര ഗവൺമെന്റ് എന്നാണ് അർത്ഥം. മുസ്‌ലിംകൾക്കും, ഹിന്ദുക്കൾക്കും ക്രിസ്ത്യാനികൾക്കും വ്യത്യസ്തമായ നിയമനിർമ്മാണം നടത്തുന്നത് സമൂഹത്തിൽ അരക്ഷിതാവസ്ഥയും അസമത്വവും അനൈക്യവുമായിരിക്കും സംജാതമാക്കുക.

(അവലംബം: 'Shariah Relationship between Religion and Politics in Islam'. A speech delivered by Hazrat Mirza Thahir Ahmad Khalifathul Masih IV at the Inter-religious consults, Surname, on 3rd June - 1991. ■

---

*(26 -ാം പേജിൽ നിന്ന് തുടർച്ച)*

അും, മിഅ് റാജിനും രണ്ടിനും ആത്മീയമായ രാത്രി പ്രയാണമെന്ന് തന്നെയാണ് പേര്. അതും ഈ രണ്ട് സംഭവങ്ങളും കൂട്ടി കുഴയാൻ കാരണമായിരിക്കും. ഹദീസുകളെ പരിശോധിച്ചാൽ ഇക്കാര്യം കൂടുതൽ വ്യക്തമാകും. അതായത് റസൂൽ തിരുമേനി (സ) ജറുസലേമിൽ വെച്ചു മുമ്പു ആഗതനായ പ്രവാചകന്മാരായ ആദം, ഇബ്രാഹിം, മൂസ, ഈസ മുതലായവരെ കണ്ടു. ആകാശാരോഹണത്തിൽ ഈ പറയപ്പെട്ട പ്രവാചകന്മാരെ വീണ്ടും കാണുന്നു. പക്ഷെ അവരെ തിരിച്ചറിയാൻ തിരുമേനിക്ക് സാധിച്ചില്ല. തിരുമേനി ജറുസലേമിൽ നിന്ന് നേരെ ആകാശാരോഹരണം ചെയ്യുകയും തിരുമേനി അവിടെ എത്തുന്നതിനുമുമ്പു ആ പ്രവാചകന്മാരെല്ലാം അവിടെ എത്തുകയും ചെയ്തു. കുറച്ചു നേരം മുമ്പു കണ്ട അവരെ തിരുമേനിക്ക് തിരിച്ചറിയാൻ സാധിച്ചില്ല. ഹദീസുകളുടെ ഈ പ്രസ്താവ്യങ്ങളും വാസ്തവ വിരുദ്ധമായി തോന്നുന്നു. കുറച്ചു കൊല്ലങ്ങൾക്ക് ശേഷം ഒരു പ്രാവശ്യം കണ്ടവരെ തിരിച്ചറിയാതിരിക്കാനാണ് സാദ്ധ്യത. ഈ വസ്തുതയും പ്രസ്തുത ഇസ്റായും മിഅ്റാജും ദീർഘിച്ച ഇടവേള ശേഷം സംഭവിച്ചതാണെന്ന് വിളിച്ചോതുന്നു.

(തുടരും) ■

**ഭക്ഷണത്തെ പഴിക്കരുത്**

അബൂഹുറൈറയിൽ (റ)ൽ നിന്നും നിവേദനം: റസൂൽ തിരുമേനി ഭക്ഷണത്തെക്കുറിച്ച് ഒരിക്കലും കുറ്റം പറഞ്ഞിട്ടില്ലായിരുന്നു. അവിടുന്ന് ഇഷ്ടപ്പെട്ടാൽ ഭക്ഷിക്കും, ഇഷ്ടമല്ലെങ്കിൽ അത് കഴിക്കില്ല.

***(ബുഖാരി)***

ലേഖനം

# മൗദൂദി സാഹിബിനെ വധശിക്ഷക്ക് വിധിച്ചതെന്തിന്?

മൗലാനാ അബ്ദുല്ലാഹ് സാഹിബ് എച്ച്.എ.

**മൗലാനാ അബുൽ അഅ്‌ലാ മൗദൂദി സാഹിബിന്റെ നേതൃത്വത്തിൽ അഹ്‌മദികൾക്കെതിരെ 1953ൽ പാക്കിസ്താനിൽ രക്തരൂക്ഷിതമായ ഒരു കലാപം അരങ്ങേറുകയുണ്ടായി. പാക്കിസ്താൻ സൈന്യത്തിൽ വരെ അരാജകത്വം സൃഷ്ടിച്ച് രാജ്യത്തെ ക്രമസമാധാന നില തകർത്ത് പാകിസ്താൻ ഭരണകൂടം പിടിച്ചെടുത്ത് 'ഹുക്കൂമത്തെ ഇലാഹി' സ്ഥാപിക്കാനുള്ള ഒരു ശ്രമമായിരുന്നു അത്. അഹ്‌മദികളെ സർക്കാർ സംരക്ഷിക്കുന്നുവെന്ന് ആരോപണം ഉന്നയിച്ചായിരുന്നു ഗവൺമെന്റിനെതിരെ കലാപം നടത്തിയത്. പാകിസ്താൻ ഭരണകൂടത്തെ അട്ടിമറിക്കാൻ മൗലാനാ മൗദുദി ആസൂത്രണം ചെയ്ത ഈ കലാപത്തിന്റെ പേരിലാണ് പട്ടാളക്കോടതി അദ്ദേഹത്തെ വധശിക്ഷക്ക് വിധിച്ചത്. പിന്നീട് അത് തടവ്ശിക്ഷയാക്കി മാറ്റുകയായിരുന്നു. പക്ഷേ, പ്രക്ഷോഭകാലത്ത് 'ഖാദിയാനി മസ്അല' എന്ന ഒരു ലഘുലേഖ എഴുതിയ നിരുപദ്രവമായ കുറ്റത്തിനാണ് മൗദൂദി സാഹിബിനെ വധശിക്ഷക്ക് വിധിച്ചതെന്നാണ് ഇന്ത്യയിലേയും പാകിസ്താനിലേയും ജമാഅത്തെ ഇസ്‌ലാമി പ്രചരിപ്പിക്കുന്നത്. ടി. മുഹമ്മദ് സാഹിബ് മലയാളത്തിൽ രചിച്ച 'അബുൽ അഅ്‌ലാ' എന്ന പുസ്തകത്തിലും മറ്റ് നിരവധി ലേഖനങ്ങളിലും ജമാഅത്തെ ഇസ്‌ലാമി ഈ അവാസ്തവം ബോധപൂർവ്വം പ്രപചരിപ്പിക്കുകയാണ്. പാകിസ്താനിലെ 'ഫാറാൻ' മാസികയിൽ ജമാഅത്തെ ഇസ്‌ലാമി നേതാവായ മാഹിറുൽ ഖാദിരി എഴുതിയ ലേഖനം 1953ൽ തന്നെ 'മൗലാനാ മൗദൂദി മുസ്‌ലിം ലോകത്തിന്റേയും പാകിസ്താന്റേയും ദൃഷ്ടിയിൽ' എന്ന പേരിൽ ഡോ: എച്ച്.എസ്. അബ്ദുറഹിമാൻ വേങ്ങപ്പള്ളി 'വയനാട്' എന്നയാൾ മലയാളത്തിൽ തർജമ ചെയ്ത് പ്രസിദ്ധീകരിക്കുകയുണ്ടായി. ആ ലഘുലേഖക്ക് കേരളത്തിലെ സമുന്നതനായിരുന്ന അഹ്‌മദി പണ്ഡിതൻ യശ:ശ്ശരീരനായ മൗലാനാ അബ്ദുല്ലാഹ് സാഹിബ്. എച്ച്.എ. 'മൗദൂദി സാഹിബും ഖാദിയാനി പ്രശ്നവും' (1953) എന്ന പേരിൽ എഴുതിയ മറുപടിയുടെ പ്രസക്ത ഭാഗമാണ് ചുവടെ.**

മൗദൂദി സാഹിബിനെ പതിന്നാലു കൊല്ലം കഠിനതടവിന്നു ശിക്ഷിച്ചത് "ഖാദിയാനി പ്രശ്നം" എന്നൊരു പുസ്തകമെഴുതിയതിന്നു മാത്രമാണെങ്കിൽ അതങ്ങേയറ്റം അനീതിയും അന്യായവും തന്നെയെന്ന് മാഹിറുൽ ഖാദിരി സാഹിബിനോടും ഡോക്ടർ സാഹിബിനോടും ഒപ്പം സർവ്വാത്മനാ ഞാനും പ്രതിഷേധ ശബ്ദമുയർത്താം. പാക്കിസ്താനിലെ ജനങ്ങളാകമാനം ഈ ശിക്ഷയെ റദ്ദ് ചെയ്യാൻ മുറവിളി കൂട്ടിയെന്നു പറയുന്നതു നേരാണെങ്കിൽ, അങ്ങനെ ഏകോപിച്ച പൊതുജനാഭിപ്രായത്തെ പാക്കധികാരികൾ മാനിക്കേണ്ടതാണെന്നും ഞാനേറ്റു പറഞ്ഞുകൊള്ളാം. ഒരു ജനകീയഭരണത്തിൽ മുഴുവൻ ജനതയുടേതോ പോകട്ടെ, ഭൂരിഭാഗംജനങ്ങളുടെ തന്നെ ഹിതത്തിന്നു വിപരീതമായി പ്രവർത്തിച്ചുകൊണ്ട് മുമ്പോട്ടു പോവുക ഒരു ഭരണകൂടത്തിന്നു സാദ്ധ്യമാണോ എന്നതു അനുവാചകന്മാർ തന്നെ ചിന്തിച്ചുകൊള്ളട്ടെ! പാക്കിസ്താൻ ഗവൺമെണ്ട് ഇങ്ങനെ അക്രമം പ്രവർത്തിക്കുകയും നീതിയെ അതിലംഘിക്കുകയും പ്രജാഹിതത്തെ അവഗണിക്കുകയും ചെയ്യുന്നുവെങ്കിൽ ആ ഗവൺമെന്റിനെ വെറുക്കുകയും അത്തരം

ഞ്ഞുപോകയും ചെയ്യുമാറുള്ള പ്രള യതുല്യമായ പ്രത്യാഘാതങ്ങൾ ഉണ്ടാക്കിയെന്നു മാഹിറുൽ ഖാദിരി സാഹിബ് വർണ്ണിച്ചിട്ടുള്ള ഒരു കഠി നശിക്ഷയ്ക്ക് മൗദൂദി സാഹിബിനെ വിധേയനാക്കിയെന്നു വിചാരിക്കു ന്നതു അങ്ങേയറ്റത്തെ മൗഢ്യം മാത്ര മാണ്.

ചിന്താശീലരായ വായനക്കാ രോട് ഞാനപേക്ഷിക്കുന്നു, അഹ്മ ദിയ്യാ പ്രസ്ഥാനത്തിന്റെ പേര് കേൾ ക്കുന്ന മാത്രയിൽ നിങ്ങൾ രോഷാകു ലരാകാതെ, അഹ്മദിയ്യ വിരുദ്ധപ്ര ക്ഷോഭമെന്നു കേൾക്കുമ്പോൾ തന്നെ കുതുഹലം കൊള്ളാതെ, നീതി യേയും ന്യായത്തേയും മാത്രം മുൻനി റുത്തി വിവേകപൂർവ്വം നിങ്ങളൊന്നു ചിന്തിച്ചാലും! പാക്കിസ്താൻ ഗവൺമെന്റിനെ മാഹിറുൽ ഖാദിരി സാഹിബ് ഇവ്വിധം കരിതേച്ചു കാണി ച്ചതിനെ വല്ലപ്രകാരത്തിലും ന്യായീ കരിക്കാൻ വഴിയുണ്ടോ? മൗദൂദി സാഹിബിന്നു വധശിക്ഷ വിധിച്ച പട്ടാളക്കോടതിയിൽ അഹ്മദികളോ അഹ് മദികളോടനുഭാവമുള്ളവരോ ആരും തന്നെ ഉണ്ടായിരുന്നില്ല. പിന്നീട് അതിനെ 14 കൊല്ലത്തെ കഠി നതടവാക്കിച്ചുരുക്കിയ മാർഷൽ ലോ അഡ്മിനിസ്ട്രേറ്റർ മേജർ ജനറൽ മുഹ മ്മദ് ആസംഖാൻ ഒരഹ്മദിയോ അഹ്മദിയ്യത്തിനോടനുഭാവമുള്ള യാളോ അല്ല. ഇവരാരെങ്കിലും അഹ്മദിയോ അഹ്മദിയ്യത്തിനോടനു ഭാവമുള്ളവരോ ആയിരുന്നെങ്കിൽ മൗദൂദി സാഹിബിനെ ശിക്ഷിച്ചത് "ഖാദിയാനിപ്രശ്നം" എന്ന ലഘു ലേഖ എഴുതിയതിനാണെന്നു സംശ യിക്കുകയും ആക്ഷേപിക്കുകയും ചെയ്യാമായിരുന്നു. വാസ്തവം നേരെ മറിച്ചായിരിക്കെ ഒരു ലേഖനം എഴു തിയതിന്നു അതു തന്നെയും മാഹി റുൽ ഖാദിരി സാഹിബ് പറയു മ്പോലെ പാക്കിസ്താനിലെ ബഹുജ നങ്ങളുടെ അഭീഷ്ടത്തിന്നും അഭിലാ ഷങ്ങൾക്കും അനുസരിച്ചുള്ള ഒരാവ ശ്യത്തെ ഉന്നയിച്ചുകൊണ്ടുള്ള ഒരു ലേഖനമെഴുതിയതിന് ആണ് മൗദൂദി സാഹിബിനെ പാക്കിസ്താൻ ഗവൺ മന്ത്രിയും അഹ്മദിയ്യാ ജമാഅ ത്തിൽ പെട്ടവരല്ല. അവിടത്തെ ആഭ്യ ന്തരമന്ത്രിയും അഹ്മദിയല്ല. പിന്നെ മന്ത്രിസഭയിൽ ഒരഹ്മദിയുള്ളത് ജ: മുഹമ്മദ് സഫറുല്ലാഖാൻ സാഹിബാ ണ്. അദ്ദേഹമാണെങ്കിൽ വിദേശകാ ര്യമന്ത്രി! പാക്കിസ്താനിലെ ആഭ്യന്ത രകാര്യങ്ങളിൽ അദ്ദേഹത്തിന് പങ്കോ സ്വാധീനതയോ ഇല്ല; ഉണ്ടാവാൻ വഴി യുമില്ല. മന്ത്രിസഭയിൽ ഭൂരിപക്ഷം സുന്നികളാണ്. ശേഷമുള്ളവർ ശിയാ ക്കളും അഹ്ലെ ഹദീസ് കക്ഷിയിൽ പെട്ടവരും, പിന്നെ പാക്കിസ്താൻ കേന്ദ്രപാർലിമെന്റിൽ അഹ്മദികൾ ആരും അംഗമായിട്ടില്ല. പഞ്ചാബ് നിയമസഭയിൽ അഹ്മദികൾ രണ്ടോ മൂന്നോ പേരേ സാമാജികന്മാരായി ഉള്ളൂ. പാക്കിസ്താനിലെ പൊതുജന ങ്ങളിൽ ഭൂരിഭാഗവും അഹ്മദിയ്യാ ജമാഅത്തിനോട് അനുഭാവമില്ലാത്ത വരുമാണ്. ഇതെല്ലാം പച്ചപ്പരമാർത്ഥ ങ്ങളായിരിക്കെ, "ഖാദിയാനിപ്രശ്നം" എന്നൊരു കൊച്ചുപുസ്തകം എഴുതി യതിനാണ് പാക്കിസ്താൻ ഗവൺമെന്റ് ഖാദിരി സാഹിബ് വിവ രിച്ചപോലുള്ള ബഹുജന പിൻബലം നേടിയ ഒരാളെ, മൗദൂദി സാഹിബി നെ, വധശിക്ഷയ്ക്ക് വിധിയ്ക്കുകയും പിന്നീടതു 14 കൊല്ലത്തെ കഠിനതട വാക്കി ചുരുക്കുകയും ചെയ്തിരിക്കു ന്നതെന്നു ബുദ്ധിയും വിവേകവും തൊട്ടുതെറിപ്പിച്ചിട്ടുള്ളവർക്ക് വിശ്വസി ക്കാനൊക്കുമോ? പാക്കിസ്താനിൽ നടന്ന സംഭവഗതികളുടെ ശരിയായ രൂപം നമുക്കറിയാൻ കഴിഞ്ഞില്ലെന്നു വരാം. മൗദൂദി സാഹിബ് ചെയ്ത യഥാർത്ഥ കുറ്റം എന്താണെന്നു നമുക്ക് മനസ്സിലാക്കാൻ സാധിച്ചി ല്ലെന്നും വരാം. ഏതു ന്യായത്തിന്മേ ലാണ് അദ്ദേഹത്തെയിത്തരത്തിൽ ശിക്ഷിച്ചതെന്ന് നമുക്ക് ഗ്രഹിക്കാനാ യില്ലെന്നും വന്നേക്കാം. എന്നാൽ അഹ്മദികളെ അമുസ്ലിം ന്യൂനപ ക്ഷമായി പ്രഖ്യാപിക്കണമെന്നതിനെ പറ്റി പ്രതിപാദിക്കുന്ന ഒരു ലഘുലേഖ എഴുതിയതിന്നു മാത്രം, സ്ത്രീകൾ മോഹാലസ്യപ്പെട്ടു വീഴുകയും പൈതങ്ങൾ പോലും വാവിട്ടു കര ഭരണകൂടങ്ങൾ ഭൂമുഖത്തു നിന്നും മാഞ്ഞുപോകട്ടെയെന്നു പ്രാർത്ഥിക്കു കയും ചെയ്യേണ്ടത് നീതിതല്പരരു ടെയും ജനക്ഷേമകാംക്ഷികളുടെയും ധർമ്മം തന്നെയാണ്.

കേരള മുസ്ലിംകളോടു ഞാൻ ചോദിക്കുന്നു, പാക്കിസ്താൻ ഗവ ർമ്മേണ്ട് ദുർബലരും ന്യൂനപക്ഷീയ രുമായ അഹ്മദികളെ പ്രീണിപ്പിക്കു ന്നതിന്നുവേണ്ടി മാത്രം ഇത്തരം അനീതികൾ ചെയ്യാൻ ഒരുങ്ങുന്ന ഒരു ഗവൺമെണ്ടാണെന്നും നിങ്ങൾ നിമി ഷനേരത്തേയ്ക്കെങ്കിലും കരുതു ന്നുണ്ടോ? പാക്കിസ്താനിലെ ഭൂരി പക്ഷം അഹ്മദിയ്യാ ജമാഅത്തിൽ പെട്ടവരാണെന്നും അവിടത്തെ ഭരണ ധുരീണരിൽ അധികവും അഹ്മദിക ളാണെന്നും പറയാമെങ്കിൽ, "ഖാദിയാ നിപ്രശ്നം" എന്നൊരു ലഘുലേഖ രചിച്ചതിന്നാണ് മൗദൂദി സാഹി ബിന്നു അവിടത്തെ ഗവൺമ്മെണ്ട് ഇത്രയും കഠിനമായ ശിക്ഷ നൽകിയ തെന്നു വല്ലവരും പറഞ്ഞാൽ അതു പക്ഷെ സ്വീകാര്യമാകുമായിരുന്നു. എ ന്നാൽ, പാക്കിസ്താനിൽ അഹ്മദി കൾ ഭൂരിപക്ഷമല്ല; അവിടത്തെ ഭര ണം അഹ്മദികളുടെ നിയന്ത്രണത്തി ലുമല്ല. അഹ്മദികൾ അവിടെ ഏറ്റവും ദുർബ്ബലമായ ഒരു ന്യൂന പക്ഷം മാത്രമാണ്. അവിടെ നടന്ന അഹ്മദിയ്യാ വിരുദ്ധപ്രക്ഷോഭവും അതിൽ മറ്റുള്ളവരോടൊപ്പം മൗദൂദി സാഹിബും അനുയായികളും വഹിച്ച 'പാർട്ടും' തന്നെ ഇതിലേയ്ക്ക് തെളി വാണ്. പാക്കിസ്താനിൽ ഭൂരിപക്ഷം സുന്നികളാണ്. ഷിയാക്കളും അഹ് ലെ ഹദീസ് കക്ഷിയും ('വഹ്ഹാബി കൾ') അവരെ അപേക്ഷിച്ച് ന്യൂന പക്ഷം. അഹമദികളാണെങ്കിൽ അവ രെക്കാളും ചെറിയ ഒരു ദുർബ്ബല കക്ഷി! ഈ നിലക്ക് 'ഖാദിയാനി പ്രശ്നം' എന്നൊരു ലഘുലേഖ എഴു തിയതിന്നു മാത്രമാണ് പാക്കിസ്താൻ ഗവൺമെന്റ് മൗദൂദി സാഹിബിനെ ഇ ത്തരത്തിൽ കഠിനകഠിനം ശിക്ഷിച്ചു കളഞ്ഞതെന്ന് പറയുന്നതു സാധൂക രിക്കപ്പെടാവുന്നതെങ്ങിനെ? പാക്കി സ്താനിലെ ഗവർണ്ണർജനറലും പ്രധാ

മെന്റ് ശിക്ഷിച്ചതെന്നു ഊഹിക്കാൻ പോലും തരമുണ്ടോ? ആകയാൽ, ഒന്നുകിൽ മാഹിറുൽ ഖാദിരി സാഹിബിന്റെ ഈ പ്രസ്താവന ഒരു ഭയങ്കര കള്ളമാണ്. അല്ലെങ്കിൽ, പാക്കിസ്താൻ ഗവൺമെന്റിന്റെ അധികാരസ്ഥന്മാർ നീതിയും നെറിയും ഇല്ലാത്തവരും മനുഷ്യത്വം നശിച്ചവരും ആണെന്നു സമ്മതിക്കേണ്ടിയിരിക്കുന്നു. അതുമല്ലെങ്കിൽ, പാക്കിസ്താൻ ഗവൺമെന്റിന്റെ സൂത്രധാരന്മാർ അഹ്മദികളാണെന്നും അഹ്മദികൾ അങ്ങനെ അക്രമവും അന്യായവും പ്രവർത്തിക്കാൻ കൂസാത്തവരാണെന്നും അതുകൊണ്ട് അവരപ്രകാരം ചെയ്തതാണെന്നും പറയേണ്ടിവരും. അഹ്മദികൾ അങ്ങനെ അന്യായം പ്രവർത്തിക്കുന്നവരാണോ അല്ലയോ എന്ന പ്രശ്നം പോകട്ടെ! പാക്കിസ്താനിൽ അഹ്മദികൾ ഒരു ദുർബ്ബല ന്യൂനപക്ഷമാണെന്നും ഭരണയന്ത്രം തിരിക്കാൻ മാത്രമുള്ള സ്വാധീനത അവർക്കില്ലെന്നും മൗദൂദി സാഹിബിനെ ശിക്ഷിച്ചതു അഹ്മദികളല്ലെന്നും ഉള്ള സംഗതി മാഹിറുൽ ഖാദിരി സാഹിബിന്നു തന്നെയും നിഷേധിക്കാനാവില്ല. അപ്പോൾ മൗദൂദി സാഹിബിനെ ശിക്ഷിച്ച പാക്കിസ്താൻ അധികൃതന്മാർ നീതിയും നെറിയും കെട്ടവരും നിരാധാരരെ നിർദ്ദയം മർദ്ദിക്കുന്നവരും ആണെന്നു വിചാരിക്കേണ്ടി വരും.

അഹ്മദീ മുസ്ലിംകളെ ഒര മുസ്ലിം ന്യൂനപക്ഷമായി പ്രഖ്യാപിക്കേണമെന്നു ആവശ്യപ്പെട്ടതു മൗദൂദി സാഹിബും അദ്ദേഹത്തിന്റെ കക്ഷിയും മാത്രമല്ല. അവരെപ്പോലെ തന്നെ അതിന്നുവേണ്ടി അഹ്റാറികളും വാദിക്കുകയും പല സ്ഥലങ്ങളിൽവച്ചും ഇതുസംബന്ധിച്ചു തീപ്പൊരി പ്രസംഗങ്ങൾ ചെയ്കയും പ്രക്ഷോഭജന്യങ്ങളായ ലേഖനങ്ങളെഴുതുകയും പാമരജനങ്ങളെ ഇളക്കിവിടുകയും ചെയ്തിട്ടുണ്ട്. ഇതു പാക്കിസ്താൻ ബഹുജനങ്ങളുടെ ഒരാവശ്യമാണെന്നു ഖാദിരി സാഹിബ് തന്നെ പറയുന്നുമുണ്ട്. നോക്കുക, "മുസ്ലിം ബഹുജനങ്ങളുടെ ആവശ്യം ഖാദിയാനികളെ അമുസ്ലിം ന്യൂനപക്ഷമായി നിശ്ചയിക്കണം എന്നുള്ളതായിരുന്നു. ഇന്നും അതു തന്നെയാണുതാനും." അപ്പോൾ ഈ കുറ്റത്തിന്നാണ് മൗദൂദി സാഹിബിനെ ശിക്ഷിച്ചതെങ്കിൽ, അദ്ദേഹത്തെ മാത്രം ശിക്ഷിച്ചാൽ പോരല്ലൊ. അഹ്റാർ നേതാക്കളെയും അവരോടുകൂടി ഇതിനെ ന്യായീകരിച്ച പാക്കിസ്താനിലെ ഇതര പണ്ഡിതന്മാരെയും മൗലാനമാരെയും എന്നു മാത്രമല്ല പാക്കിസ്താനിലെ ബഹുജനങ്ങളെയാകമാനവും ശിക്ഷിക്കേണ്ടതായിരുന്നുവല്ലൊ! എന്നാൽ, അവരെയൊക്കെയും ശിക്ഷിച്ചില്ല. അത്തരക്കാരിൽ അക്രമവും അന്യായവും കൊലയും കൊള്ളയും കൊള്ളിവെപ്പും തട്ടിപ്പറിയും സ്ത്രീമോഷണവും നടത്തിയവരും അത്തരം അക്രമങ്ങൾക്ക് പ്രേരണയും പ്രോത്സാഹനവും നൽകിയവരും ആയ കുറ്റവാളികൾ മാത്രമേ ശിക്ഷിക്കപ്പെട്ടുള്ളു. പാക്കിസ്താനിലെ ചില പത്രങ്ങളെയും ഗവൺ മെന്റ് നിരോധിച്ചു. എന്നാൽ, ഭൂരിഭാഗം പത്രങ്ങളെ നിരോധിച്ചില്ല. ഇതിൽനിന്നു അധികപത്രങ്ങളും ഈ പ്രക്ഷോഭത്തിന്നും പ്രക്ഷോഭസൂത്രധാരന്മാരുടെ ആവശ്യങ്ങൾക്കും എതിരായിരുന്നുവെന്നും, പാക്കിസ്താനിലെ ബഹുജനങ്ങളുടെ ഒരാവശ്യമല്ല അതെന്നും ആണ് തെളിയുന്നത്. ചുരുക്കത്തിൽ, മൗദൂദി സാഹിബിനെ ശിക്ഷിച്ചത് "ഖാദിയാനിപ്രശ്നം" എന്ന പുസ്തകം രചിച്ചതിന്നാണെന്ന മാഹിറുൽ ഖാദിരി സാഹിബിന്റെ പ്രസ്താവന ഒരു പച്ചനുണയാണെന്നു പാക്കിസ്താനിൽ നടന്ന സംഭവങ്ങളിൽ നിന്നും ഗവൺമെന്റ് എടുത്ത നടപടികളിൽ നിന്നും തന്നെ സുസ്പഷ്ടമാകുന്നുണ്ട്.

"മൗലാനാ മാഹിറുൽ ഖാദിരി" സാഹിബിന്റെ ഈ ആക്ഷേപം കേവലം അടിസ്ഥാനരഹിതമാണെന്നു മറ്റൊരുപ്രകാരത്തിലും മനസ്സിലാക്കാൻ കഴിയുന്നുണ്ട്. "ഖാദിയാനിപ്രശ്നം" എന്ന ലഘുലേഖയുടെ മൂന്നാം പതിപ്പ് എന്റെ മുമ്പിലിരിക്കുന്നു. ഇക്കഴിഞ്ഞ ഏപ്രിൽ 15-ാനുയാണ് അതു പ്രസിദ്ധം ചെയ്യപ്പെട്ടത്. അതിന്റെ പുറംചട്ടയുടെ ഉൾവശത്ത് ഇങ്ങനെയെഴുതിയിരിക്കുന്നു. "ഇതെഴുതിയ കുറ്റത്തിന് ഗ്രന്ഥകർത്താവിനെ (മൗദൂദി സാഹിബിനെ) ഒരു പട്ടാളക്കോടതി വിചാരണ ചെയ്തു അദ്ദേഹത്തിന്നു മരണശിക്ഷ വിധിക്കുകയും അതു പിന്നീട് പതിന്നാലു കൊല്ലത്തെ കഠിനതടവാക്കിച്ചുരുക്കുകയും ചെയ്തിരിക്കുന്നു. ഈ പതിപ്പിന്റെ അവസാനത്തിൽ, സിന്ധ് കറാച്ചി പ്രദേശത്തിന്റെ അമീർ ആയ സുൽത്താൻ അഹ്മദ് സാഹിബ് ചില പുറങ്ങൾ എഴുതിച്ചേർത്തിട്ടുമുണ്ട്. ഈ പുസ്തകം എഴുതിയതിന്നാണ് മൗദൂദി സാഹിബിനെ ശിക്ഷിച്ചതെങ്കിൽ, അതേ കുറ്റം ചെയ്ത മേപ്പടി അമീർ സാഹിബിനെയും ശിക്ഷിക്കേണ്ടിയിരുന്നില്ലേ? പിന്നെയെന്തുകൊണ്ട് ശിക്ഷിച്ചില്ല? വലിയ അമീറിനെ ശിക്ഷിച്ച ഗവൺമെന്റിന്നു ചെറിയ അമീറിനെ ശിക്ഷിക്കുന്നതിനെന്തു പ്രതിബന്ധം? എന്നു മാത്രമല്ല, ഒരു പുസ്തകം എഴുതിയെന്ന കാരണത്തിന്മേൽ അതിന്റെ കർത്താവിന്നു ഇത്തരം കഠിനശിക്ഷ നൽകപ്പെടുന്നുവെങ്കിൽ, ആ പുസ്തകത്തിന്റെ പ്രസാധകനെ ശിക്ഷിക്കുകയും ആ പുസ്തകം തന്നെ ഗവൺമെന്റ് കണ്ടുകെട്ടുകയും ചെയ്യുമായിരുന്നില്ലെ? എന്നാൽ പാക്കിസ്താൻ ഗവൺമെന്റ് ആ പുസ്തകത്തിന്റെ പ്രസാധകനെ ശിക്ഷിക്കുകയോ ആ പുസ്തകം കണ്ടുകെട്ടുകയോ ചെയ്തില്ല. മറിച്ച്, അതിന്റെ ഒന്നിലധികം പതിപ്പുകൾ മുറക്ക് വെളിക്കു വന്നുകൊണ്ടിരിക്കുകയാണുണ്ടായത്. "ആ ലഘുലേഖയുടെ ചുരുങ്ങിയതു ഒരു ലക്ഷം കോപ്പികൾ ജനങ്ങളുടെ കയ്യിൽ എത്തിക്കഴിഞ്ഞിട്ടുണ്ട്. ഇന്നും അതു വായിക്കാൻ സാധിക്കും" എന്നു അതിനെപറ്റി മാഹിറുൽ ഖാദിരി സാഹിബ് തന്നെ പറയുന്നുണ്ട്.

*(തുടരും)* ■

## ലേഖനം

# മുസ്‌ലിം ലോകത്തിനുവേണ്ടി ഒരു സാഷ്ടാംഗ പ്രണാമം

കെ. പി. അഹ്മദ്

ആത്മീയവും ഭൗതികവുമായ അപചയത്തിന്റെ ഒരു ചരിത്രസന്ധിയിലാണ് മുസ്‌ലിം ലോകം ഇന്ന് അകപ്പെട്ടിരിക്കുന്നത്! പക്ഷെ സ്വയം കൃതനാർത്ഥങ്ങളുടെ സമ്മർദ്ദം കൊണ്ട് ഇടംവലം തിരിയാൻ കഴിയാത്ത പ്രഷർ ചേമ്പറിൽ പരസ്പരം കടിച്ചുകീറാനും ചോര വീഴ്ത്താനും വിധിക്കപ്പെട്ട ഹതഭാഗ്യരുടെ വിധിയാണ് തങ്ങളെ വലയം ചെയ്തിരിക്കുന്നതെന്ന യാഥാർത്ഥ്യ ത്തെ തിരിച്ചറിയാനുള്ള ശ്രമങ്ങളൊന്നും എവിടെയും നടക്കുന്നില്ല! അതിനുപകരം ജ്വലിച്ചുയരുന്ന വികാരങ്ങൾ സ്വന്തം പാളയത്തിലെ പടലപ്പിണക്കങ്ങൾക്ക് മൂർച്ച കൂട്ടാനും, അത്തരം സ്പർദ്ധകളെ വിട്ടുവീഴ്ചയില്ലാതെ നിലനിർത്തിക്കൊണ്ട് പോകാനും, അതുവഴി; സ്വാർത്ഥലക്ഷ്യങ്ങളുടെ നേട്ടങ്ങൾ കൊയ്തെടുക്കാനുള്ള യത്നങ്ങളാണ് എവിടെയും!

ഇങ്ങനെ അനിശ്ചിതത്വം വേട്ടയാടിക്കൊണ്ടിരിക്കുന്ന സാമൂദായികാന്തരീക്ഷത്തിന്റെ വളക്കൂറുള്ള മണ്ണിൽ വിഷവിത്തുകൾ വിതറാൻ ശ്രമിക്കുന്ന ചിലരേയും കണ്ടെന്നു വരാം! അതിന്റെ പ്രത്യാഘാതമെന്നോണം കക്ഷികളുടെയും ഗ്രൂപ്പുകളുടെയും കളിക്കളത്തിൽ മുല്ലായിസം വിതരണം ചെയ്ത വൈകാരിക തീവ്രതയുടെ ഇരകളാവാനും, ജിഹാദിന്റെ വെളിച്ചപ്പാടന്മാരായി ഉറഞ്ഞുതുള്ളാനും, എല്ലെൻമാരാണെങ്കിലും മല്ലന്മാരാണെന്ന വ്യാമോഹത്തോടെ വീരസ്യം പറഞ്ഞ് മേനി നടിക്കാനും ചിലരൊക്കെ ചാടിപ്പുറപ്പെട്ടതായി കാണുന്നു! പ്രയോജനരഹിതവും പ്രത്യാഘാതങ്ങൾ ക്ഷണിച്ചുവരുത്തുന്നതുമായ ഇത്തരം കർമ്മമണ്ഡലങ്ങളിലാണ് മുസ്‌ലിം ലോകത്തിന്റെ ഊർജ്ജമത്രയും ഇന്ന് ചിലവഴിക്കപ്പെടുന്നത്! ഈ സങ്കീർണ്ണമായ സാഹചര്യത്തിന്റെ പശ്ചാത്തലം വിലയിരുത്തുമ്പോൾ നമ്മെ ബോദ്ധ്യപ്പെടുത്തുന്ന വസ്തുതകളെന്തൊക്കെയാണ്?

യഹൂദസമുദായം എഴുപത്തിരണ്ടു കക്ഷികളായി ചിതറിപ്പോയ ചരിത്രപാഠം ദർശിക്കുകയും; അതിനെ ഉദാഹരിക്കുകയും ചെയ്തുകൊണ്ടാണ് നബിതിരുമേനി(സ) മുസ്‌ലിംകൾ എഴുപത്തി മൂന്ന് കക്ഷികളാവുമെന്ന് പ്രവചിച്ചതും മുന്നറിയിപ്പ് നൽകിയതും! എന്നാൽ ഇന്നത്തെ മുസ്‌ലിംകൾ നബിയുടെ പ്രവചന സംഖ്യയേയും കടത്തിവെട്ടിക്കൊണ്ടല്ലേ മുന്നേറിക്കൊണ്ടിരിക്കുന്നത്? മുല്ലായിസം അതിന്റെ സ്വന്തം സിംഹാസനമുറപ്പിക്കാനുള്ള കോട്ടപണിതുയർത്തിയപ്പോൾ 'കൂണുകൾ' പോലെ കക്ഷികളും മുളച്ചുപൊന്തി! പൂർവ്വസമുദായത്തിന്റെ ഗുരുതരമായ വീഴ്ചയും അതായിരുന്നു! അക്കാലത്തെ റബ്ബിമാരുടെ റബ്ബർ സ്റ്റാമ്പുകളായി അനുയായികൾ അധഃപതിക്കുകയും, യഹൂദരിലും എഴുപത്തിരണ്ടു കൂണുകൾ മുളച്ചുപൊന്തുകയും ചെയ്തു എന്നാണല്ലോ പ്രവചന സാരം!

വർത്തമാനകാലത്തിന്റെ ദുരന്തമായി കാണപ്പെടുന്നത് ഖിലാഫത്തിന്റെ അഭാവത്തിൽ സമുദായം ചിതറിക്കിടക്കുന്ന ദ്വീപുകളായി പരിണിച്ചു എന്നതാണ്! അതുകൊണ്ടു തന്നെ ഓരോ ദ്വീപുകളും അതിന്റേതായ സങ്കുചിത ലോകത്തേക്ക് ചുരുങ്ങുകയും ചെയ്തു! രാഷ്ട്രീയത്തിന്റെ മുഖം മൂടിയണിഞ്ഞ കാപട്യവും, അധികാര ദുരാവേശവും, പൗരൗഹിത്യത്തിന്റെ പിഴച്ച നേതൃത്വവും ഒറ്റപ്പെട്ട ആ ദ്വീപുകളെയൊക്കെ വിഴുങ്ങി! ഇസ്‌ലാമിസ്റ്റുകളായി നുഴഞ്ഞുകയറിയവരാണെങ്കിൽ സായുധവിപ്ലവത്തിന്റെ ഉത്തേജക മരുന്ന് കുത്തിവെച്ച്, സമുദായത്തെ ഏകോപിപ്പിച്ചു കളയാമെന്ന വ്യാമോഹത്തിലാണ് വ്യാപരിക്കുന്നത്! ഇസ്‌ലാമിന്റെ ആദ്ധ്യാത്മിക പ്രഭാവത്തെ അവഗണിച്ചുതള്ളിയ അവർ ഭൗതിക വിപ്ലവ പ്രസ്ഥനങ്ങളുടെ കാൽപ്പാടുകൾ പിന്തുടരുന്ന വ്യഗ്രതയിലുമാണ്!

ഇനി സൈദ്ധാന്തിക ചിന്താധാരകളുടെ മേഖലയിലാണെങ്കിൽ ഇസ്‌ലാമിനെ താറടിച്ചുകാണിക്കാനുള്ള ശ്രമങ്ങൾ ആധുനികകാ

ലത്തും അരങ്ങേറിയിട്ടുണ്ട്! ഇസ്‌ലാം വാളുകൊണ്ട് പ്രചരിച്ചതാണെന്ന് നേരത്തേ തെറ്റിദ്ധരിച്ചും നിരൂപിച്ചും മനസ്സിന്റെ വാതായനങ്ങൾ തുറക്കാൻ മടികാണിച്ചവരുടെ മുമ്പിലേക്കാണ് 'താലിബാൻ' എന്ന ദുർഭൂതം കടന്നു വന്നത്! ഇസ്‌ലാമിന്റെ പേരിൽ പ്രത്യക്ഷപ്പെടുകയും, പ്രാകൃത ഗോത്ര സമൂഹത്തിന്റെ പുനർജ്ജന്മം പോലെ പ്രകമ്പനം സൃഷ്ടിക്കുകയും ചെയ്ത അവരുടെ സാന്നിദ്ധ്യവും കൂടി ആയപ്പോൾ; കൂടുതൽ ഊക്കോടെ മനസ്സുകളുടെ കവാടങ്ങൾ കൊട്ടിയടക്കാൻ അത് നിമിത്തമായി! എല്ലാ മതങ്ങളിലെയും മൗലികവാദികളെ പരാമർശിച്ച കൂട്ടത്തിൽ ശ്രീ. ആനന്ദ് പറയുകയുണ്ടായി.

"ഏതോ കാലത്ത് ഏതോ ഗോത്രങ്ങൾ ആവശ്യമായി കരുതിയിരുന്ന സമ്പ്രദായങ്ങളെ ആധുനിക സാങ്കേതികവിദ്യയുടെ പുറത്ത് സവാരി ചെയ്ത് അധികാരം പിടിച്ചു പറ്റിയ ഇസ്‌ലാമിക് മൗലികവാദികൾ ഇന്ന് ജനതയുടെ മേൽ അടിച്ചേൽപ്പിക്കുന്നത് നാം കാണുന്നു." (കണ്ണാടി ലോകം – പേജ് 196)

വടികൊടുത്ത് അടി വാങ്ങിയ നേട്ടമാണ് 'താലിബാൻ' ഇസ്‌ലാമിന് നൽകിയ സംഭാവന! പിന്നീടുണ്ടായ സ്പതംബർ പതിനൊന്നും, മുസ്‌ലിംകൾക്ക് ലഭ്യമായ ആഗോള ഭീകര പരിവേഷവും, താലിബാൻ അതിന്റെ തലവിധി ഏറ്റുവാങ്ങി മയ്യിത്തായതുമൊക്കെ നാടകീയ ദൃശ്യങ്ങളായി നാം കണ്ടെങ്കിലും; ഇസ്‌ലാമിനെ വിശ്വാസികളെ ആവേശിക്കുന്ന സൈദ്ധാന്തിക ഭീകരതയായി ചിത്രീകരിക്കാൻ പോലും ഇതൊക്കെ വഴിയൊരുക്കി എന്നതാണ് വസ്തുത!

ഇപ്പോൾ ഇസ്‌ലാമിക് ജിഹാദീ സംഘങ്ങൾ പർവ്വത സമാനമായ ദജ്ജാലിനെ കല്ലെറിഞ്ഞോടിക്കാനുള്ള ശ്രമത്തിലാണ്! പാശ്ചാത്യർ അവരുടെ ആയുധ വിപണി പോഷിപ്പിക്കാനും, പരീക്ഷണം നടത്താനുമുള്ള തന്ത്രത്തിന്റെ ഭാഗമായി, പണ്ടെങ്ങോ നൽകിയ തുരുമ്പെടുത്ത തോക്കുകളുമേന്തിക്കൊണ്ടാണ് അജയ്യരായ ജൂത–ക്രൈസ്തവ ശക്തികളോട് അവർ ഏറ്റുമുട്ടിക്കൊണ്ടിരിക്കുന്നത്! ഒരു പറ്റം വികാരജീവികളായ മുല്ലമാരുടെ നേതൃത്വത്തിലുള്ള ഈ ചാവാളിപ്പട ഇയ്യാംപാറ്റകളെപ്പോലെ മരിച്ചുവീഴുന്ന ദാരുണചിത്രങ്ങൾ നാം കണ്ടുകൊണ്ടിരിക്കുന്നു! ആർക്കെല്ലാമോ വേണ്ടി കോമരം തുള്ളുന്ന ആ പാവങ്ങളുടെ രക്തമൊഴുകാത്ത ഒരു ദിനം പോലും ഇന്നു കടന്നുപോകുന്നില്ല! എന്നാൽ, ആത്മീയശക്തി കൊണ്ട് മലയോട് പൊരുതി ജയിച്ച ചരിത്രമാണ് പ്രവാചകന്റേത്! സർവ്വായുധ സജ്ജരായ ആയിരം ശത്രുപടയാളികൾ ബദ്ർ യുദ്ധമുഖത്ത് അണിനിരന്നപ്പോൾ പ്രവാചകൻ പ്രാർത്ഥിച്ചു.

"എന്റെ നാഥാ, ഇന്നിപ്പോൾ ഭൂതലത്തിലാകമാനം നോക്കിയാൽ ഈ മുന്നൂറ് പേർ മാത്രമേ നിന്നെ ആരാധിക്കുന്നവരായും, നിന്റെ ആരാധനയെ നിലനിർത്താൻ ഉറച്ചിരിക്കുന്നവരായും ഉള്ളൂ. ഓ രക്ഷിതാവേ, ഈ മുന്നൂറ് പേരും ഈ യുദ്ധത്തിൽ ശത്രുക്കളാൽ നിഗ്രഹിക്കപ്പെടുന്ന പക്ഷം നിന്റെ നാമത്തെ ഉയർത്തുന്നവരായി ഭൂമിയിൽ ആരാണ് ശേഷിപ്പുണ്ടാവുക."

(തിരുനബിചരിത്രം – പേജ് 105)

ബദ്റിലെ ആയിരം പേരോട് മുന്നൂറ്റി പതിമൂന്നു പേരും, ഉഹദിലെ മൂവ്വായിരം സൈനികരോട് ആയിരം പേരും, ഖന്തക്ക് യുദ്ധത്തിൽ ഇരുപത്തിനാലായിരം ശത്രുപോരാളികളോട് മൂവ്വായിരം മുസ്‌ലിം സൈനികരും പ്രതിരോധയുദ്ധം ചെയ്ത് വിജയിച്ചതിന്റെ പിന്നിൽ സൈനികശക്തിയോ ആയുധബലമോ ആയിരുന്നില്ല മികച്ചു നിന്നത്! ആദ്ധ്യാത്മിക ശക്തിയുടെ ദിവ്യത്ഭുതങ്ങളാണ് അവിടെ വെളിപ്പെട്ടത്! ദൈവനാമത്തെ ഉയർത്തിപ്പിടിച്ചവരും, വിശ്വാസ ദാർഢ്യത്തിൽ ഉറച്ചുനിന്നവരും, ഇസ്‌ലാമിക ദർശനങ്ങളെ ജീവിതം കൊണ്ട് അർത്ഥസമ്പൂർണ്ണമാക്കിയവരുമായ ഒരു പറ്റം സാത്വികരുടെ പടനിരയായിരുന്നു അത്! അതുകൊണ്ടു തന്നെ അവർക്കുവേണ്ടി കേണപേക്ഷിച്ച പ്രാർത്ഥനയുടെ ഗദ്ഗദങ്ങൾക്ക് പ്രതികരണമുണ്ടായി! വിജയമുഹൂർത്തങ്ങളുടെ ഐന്ദ്രജാലികമായ പ്രതികരണം!

എന്നാൽ, പ്രാർത്ഥനയിൽ അന്തർലീനമായ ദിവ്യദൃഷ്ടാന്തങ്ങളിലോ, ദൈവത്തിൽത്തന്നെയോ ഉള്ള വിശ്വാസബലത്തിന്റെ ത്രാസിൽ സംശയാലുക്കളായി ആടിക്കളിക്കുന്ന മുസ്‌ലിം ലോകത്തിന് ഇതൊക്കെ വനരോദനത്തിന്റെ വെറും അധരവ്യായമമായി തോന്നിപ്പോയെങ്കിൽ അത്ഭുതപ്പെടാനില്ല! സായുധ ജിഹാദിന് ചാവേറുകളെ സജ്ജമാക്കുന്ന റിക്രൂട്ട്മെന്റ് ക്യാമ്പിലാണല്ലോ അവരിപ്പോൾ വിശ്വാസമർപ്പിച്ചിരിക്കുന്നത്! ഒരുപക്ഷെ; പ്രവാചകന്റെ കാലത്തുണ്ടായ യുദ്ധങ്ങളൊക്കെ ഗോത്രസമൂഹങ്ങളുടെ കേവലം വാൾപയറ്റുകളായി ഇവർ ലഘൂകരിച്ചു കണ്ടേക്കാം! എങ്കിൽ; ഇന്നത്തെ മുസ്‌ലിം വിപ്ലവകാരികളുടെ കൈവശം എന്ത് കോപ്പാണാവോ ഉള്ളത്? എണ്ണപ്പണം കൊടുത്ത് എതിരാളികളിൽ നിന്ന് ഇരന്നുവാങ്ങിയ മൂന്നാംകിട ആയുധങ്ങളോ? ജിഹാദിന്റെ മത്തുപിടിച്ച മസ്തിഷ്ക്കങ്ങളിൽ ആധുനിക സാങ്കേതികവിദ്യയുടെ ഇത്തിരിവെട്ടമെങ്കിലും കാണാനുണ്ടോ? ആയിരത്തൊന്നു രാവുകളിലെ അലാവുദ്ദീന്മാരായി വാഴുന്ന അറബികളുടെ കയ്യിൽ അലൂമിനിയം വിളക്കല്ലാതെ മറ്റെന്താണ് തെളിയുന്നത്?

ചുരുക്കത്തിൽ പ്രത്യാശ നഷ്ടപ്പെട്ട ജീർണ്ണതയുടെ വൈരൂപ്യങ്ങളാണ് മുസ്‌ലിം ലോകത്തുടനീളം ദൃശ്യമാകുന്നത്! മേൽക്കുമേൽ കൂമ്പാരമായി കൂടുന്ന അപചയങ്ങളുടെ അപകടകരമായ ഈ പ്രതിസന്ധികൾ, ആദ്ധ്യാത്മിക ശക്തി വീണ്ടെടുക്കാത്ത കാലത്തോളം മുസ്‌ലിംകൾ ആരോടും ജയിക്കാൻ പോകുന്നില്ല! പക്ഷെ; ഔന്നത്യത്തിന്റെ ഈ പടവു

*(ശേഷം 42-ാം പേജിൽ)*

## കുറിപ്പുകൾ

**മുസാഫിർ**

# പാകിസ്താൻ പ്രകൃതിദുരന്തം: യാദൃശ്ചികമോ?

ഒക്ടോബർ 8ന് രാവിലെ 8.52 (IST - 9.22) കേവലം രണ്ട് മിനുട്ട് മുതൽ അഞ്ചു മിനുട്ട് വരെ നീണ്ടുനിന്ന, റിക്ടർ സ്കെയിലിൽ 7.6 രേഖപ്പെടുത്തിയ ഒരു ഭൂകമ്പമായിരുന്നു പാകിസ്താനിലേത്. തലസ്ഥാനമായ ഇസ്ലാമാബാദിൽ നിന്നും 138 കി. മീ അകലെ പാക്കധീന കാശ്മീരിന്റെ തലസ്ഥാനമായ മുസാഫറാബാദ് കേന്ദ്രമായി ഭൂമി കുലുങ്ങിയപ്പോൾ പല പട്ടണങ്ങളും ഗ്രാമങ്ങളും, ജനപഥങ്ങളും ഭൂമിയിൽ നിന്നും തുടച്ചുനീക്കപ്പെട്ടു. കല്ലിന്മേൽ കല്ല് ഇല്ലാത്ത വിധം മുസാഫറാബാദ് മൻസഹാറാ ജില്ലകളിലെ മിക്ക കെട്ടിടങ്ങളും തകർന്നു തരിപ്പണമായി. ഔദ്യോഗിക കണക്ക് 57,000മാണെങ്കിലും 70,000ത്തിലധികം ആളുകൾ മരിച്ചതായി റിപ്പോർട്ടുകൾ പറയുന്നു. അതിലധികം ആളുകൾക്ക് പരിക്ക് പറ്റുകയും ചെയ്തു. ദശലക്ഷത്തോളം ആളുകൾ ഭവനരഹിതരായി പാകിസ്താനിലെ ഭൂകമ്പം ഒരു ഏകമുഖ ആഘാതം മാത്രമായിരുന്നില്ല. ഭൂകമ്പത്തെ തുടർന്നുണ്ടായ കനത്ത മഴയും മഞ്ഞുവീഴ്ചയും ആലിപ്പഴ വർഷവും രക്ഷാപ്രവർത്തനങ്ങളെ തടസ്സപ്പെടുത്തി. സമനിരപ്പല്ലാത്ത ഭൂമിയിലേക്ക് രക്ഷാപ്രവർത്തകർക്ക് എത്തിച്ചേരാൻ പ്രയാസകരമായിരുന്നു. എത്താനുള്ള റോഡുകൾ നിശ്ശേഷം തകർന്നുപോയി. അവശേഷിക്കുന്ന വീടുകളിൽ കിടന്നുറങ്ങാൻ ആളുകൾ ഭയപ്പെടുന്നു. ഭൂകമ്പത്തിനുശേഷമുള്ള തുടർചലനങ്ങൾ ആളുകളെ ഭയചകിതരാക്കുന്നു. വീടുകൾ നഷ്ടപ്പെട്ട ലക്ഷക്കണക്കിന് കുടുംബങ്ങൾ ആകാശം മേൽപ്പുരയാക്കി വെള്ളവും ഭക്ഷണവും മരുന്നുമില്ലാതെ കൊടുംതണുപ്പിൽ കഴിയുകയാണ്. ദിവസങ്ങൾ കഴിഞ്ഞിട്ടും ഈ സ്ഥിതി തന്നെയാണ് തുടരുന്നത്. വരാനിരിക്കുന്ന ഹിമാലയസാനുക്കളിലെ മഞ്ഞുകാലം ഭവനരഹിതരായവരുടേ മേൽ ഏല്പിക്കുന്ന ആഘാതം അനൂഹ്യമാണ്. ഐക്യരാഷ്ട്രസഭയുടെ ചീഫ് കോ–ഓർഡിനേറ്റർ ജാൻ എലിജന്റിന്റെ വാക്കുകളിൽ പാകിസ്താൻ ഭൂകമ്പത്തിന്റെ ഭീകരതയുടെ ചിത്രം നിറഞ്ഞുനിൽക്കുന്നു. അദ്ദേഹം പറഞ്ഞു: 'ഹിമാലയൻ പർവ്വതശ്രേണികളിൽ മഞ്ഞുകാലത്തിന് മുമ്പ് ഉണ്ടായ ഈ ഭൂമികുലുക്കം സൈന്യത്തിന്റെ ദുരിതാശ്വാസനീക്കങ്ങളെ ഒരു പേടിസ്വപ്നമാക്കി മാറ്റിയിരിക്കയാണ്. 2004 ഡിസംബർ 26ന് സംഭവിച്ച ഏഷ്യൻ സുനാമിയേക്കാൾ ഗുരുതരമാണ് ഈ ഭൂകമ്പം എന്ന് എലിജന്റ് പറഞ്ഞു. ഒരുപക്ഷേ ഇത്ര വലിയ ഒരു ദുരന്തത്തിന് വളരെ ചുരുക്കം രാജ്യങ്ങളെ സാക്ഷ്യം വഹിച്ചിട്ടുള്ളൂ. ഇത്തരം ദുരന്തങ്ങൾ ഒരു തലമുറയിൽ മാത്രമേ സംഭവിക്കൂ. ഇസ്ലാമാബാദിലെ ഒരു വാർത്താസമ്മേളനത്തെ അഭിമുഖീകരിക്കുകയായിരുന്നു ജാൻ എലിജന്റ് (Frontline - Nov. 2005) .

ഭൂകമ്പങ്ങൾക്ക് തീർച്ചയായും ഭൂമിശാസ്ത്രപരമായും മറ്റു ഭൗതികപരവുമായ കാരണങ്ങളുമുണ്ടാകാം. പക്ഷേ ഇത്തരം പ്രകൃതിപ്രതിഭാസങ്ങളെക്കുറിച്ച് പഠിക്കാനിറങ്ങിയ ആധുനിക ശാസ്ത്രം അത് സംബന്ധമായി എത്തിച്ചേർന്ന നിഗമനങ്ങളെ പറ്റിയും നാം അറിയേണ്ടിയിരിക്കുന്നു. പല ഭൗതിക പ്രതിഭാസങ്ങളും അനിശ്ചിതത്വത്തിലും, അവ്യവസ്ഥയിലും, അദൃശ്യങ്ങളിലും വേരുകളുള്ള അരേഖീയ (Nonlinear) പ്രതിഭാസങ്ങളാണെന്ന് ആധുനിക ശാസ്ത്രം സമ്മതിക്കുന്നു. ഒരു ഭൗതിക പ്രതിഭാസത്തിന്റെ അല്ലെങ്കിൽ ഒരു വ്യൂഹത്തിന്റെ ചലനത്തിന്റെ പ്രാരംഭികാവസ്ഥ എത്ര കൃത്യതയോടെ അറിയുന്നുവോ അതേ കൃത്യതയോടെ അതിന്റെ ഭാവി നമുക്ക് പ്രവചിക്കാൻ കഴിയുമെന്നായിരുന്നു ക്ലാസിക്കൽ ഭൗതികശാസ്ത്രത്തിന്റെ നിലപാട്. നിശ്ചിതത്വം (Determinism) എന്ന ഈ ഭൗതിക ശാസ്ത്രസങ്കല്പം ഇരുപതാം നൂറ്റാണ്ടിലെ ആപേക്ഷികസിദ്ധാന്തം, ക്വാണ്ടം മെക്കാനിക്സ്, കയോസ് തിയറി (അവ്യവസ്ഥാ സിദ്ധാന്തം) എന്നീ ശാസ്ത്രസിദ്ധാന്തങ്ങളുടെ വരവോടെ അപ്രസക്തമായിരിക്കുകയാണ്. അതിൽ ഏറ്റവും ആധുനികമായ കയോസ് സിദ്ധാന്തം ഏതൊരു ഭൗതിക പ്രതിഭാസത്തിന്റേയും അപ്രവചനീയത വിളംബരം ചെയ്യുന്നു. കയോസ് എന്നാൽ സമ്പൂർണ്ണ ക്രമരഹിതാവസ്ഥ എന്നല്ല അർത്ഥം. ക്രമരഹിതാവസ്ഥയിലെ അതിസങ്കീർണ്ണമായ ക്രമം ആരായുകയാണ് കയോസ് ചെയ്യുന്നത്. ഭൂകമ്പങ്ങൾ കാലാവസ്ഥ മുതലായ ഭൗതിക ശാസ്ത്രത്തിന്റെ വിഷയങ്ങൾ മാത്രമല്ല, ചരിത്രം, സമ്പദ്ഘടന, രാഷ്ട്രീയം മുതൽ പ്രത്യക്ഷത്തിൽ വ്യവസ്ഥാപിതമായ ഭൗതിക നിയമങ്ങൾക്ക് വഴങ്ങാത്ത മേഖലകൾ കൂടി കയോസിന്റെ വിരൽസ്പർശം കാണുന്നു. (2005 ജനുവരി മാസത്തെ സത്യദൂതനിലെ കുറിപ്പ്

കാണുക).

ചുരുക്കത്തിൽ ഭൂകമ്പങ്ങൾ, കൊടുങ്കാറ്റ്, പേമാരി മുതലായ പ്രകൃതി ദുരന്തങ്ങൾ ശാസ്ത്ര ദൃഷ്ട്യാ അദൃശ്യത്തിലും അവ്യവസ്ഥയിലും, അപ്രവചനീയതിലും വേരുകളുള്ള പ്രതിഭാസങ്ങളാണെന്ന് ആധുനിക ശാസ്ത്രം തന്നെ സമ്മതിക്കുന്നു. ഇവിടെ ഇത് പരാമർശിക്കാനുണ്ടായ കാരണം പ്രകൃതിദുരന്തങ്ങൾ പലപ്പോഴും ധർമ്മച്യുതിയുടെ വിധിതീർപ്പുകളാണെന്ന് വിശ്വാസികൾ പറയുമ്പോൾ ഭൗതികവാദികൾ അതിനെതിരെ ആക്രോശിക്കുന്നതിന് പകരം ശാസ്ത്രത്തിന്റെ ഈ പരിമിതിയുടെ പശ്ചാത്തലത്തിൽ ഇത്തരം പ്രതിഭാസങ്ങളെക്കുറിച്ച് മതങ്ങളും ധർമ്മശാസ്ത്രങ്ങളും കാലകാലങ്ങളിലായി പറഞ്ഞുവരുന്ന കാര്യങ്ങൾ അവധാനതയോടെ ശ്രദ്ധിക്കണമെന്ന് സൂചിപ്പിക്കാനാണ്. എല്ലാ പ്രകൃതിദുരന്തങ്ങളും ധാർമ്മികലംഘനങ്ങളുടെ ദൈവികമായ ഇടപെടലുകളാണ് എന്ന് ഇതിന്നർത്ഥമില്ല. ഒരു പ്രതിഭാസത്തിന് തന്നെ പലവിധ കാരണങ്ങളുണ്ടാവാം. ദൈവത്തെ പറ്റി ഖുർആൻ പറയുന്ന ഒരു വിശേഷണം 'ദൂ മിർറത്തിൻ' എന്നാണ് 'തന്റെ ശക്തികൾ പലവിധത്തിൽ ആവർത്തിച്ച് പ്രകടിപ്പിക്കുന്നവൻ എന്നാണ്.' (53:7)

ഉദാഹരണത്തിന് വിഷം കഴിച്ചാൽ മനുഷ്യൻ മരിക്കും. പക്ഷേ മരിക്കുന്നവരെല്ലാം വിഷം കഴിച്ചവരാകണമെന്നില്ല. മരണം എന്ന കാര്യത്തിന് പലവിധ കാരണങ്ങളുണ്ടാവാം. അതുപോലെ മനുഷ്യൻ ദൈവത്തിന്റെ നിശ്ചിതമായ ചില ധാർമ്മികനിയമങ്ങൾ ലംഘിച്ച് അതിര് കടക്കുമ്പോൾ പ്രകൃതിശക്തികൾ ഉത്തേജിതമായി ദുരന്തങ്ങളായി ശിക്ഷയുടെ രൂപത്തിൽ അവരിൽ പതിക്കുന്നതായി നാം ചരിത്രത്തിൽ വായിക്കുന്നു. പലപ്പോഴും നിത്യജീവിതത്തിലെ അനുഭവവും അതാണ്. എല്ലാ പ്രകൃതിദുരന്തങ്ങളും അങ്ങിനെ ആവണമെന്നില്ല. അത് മറ്റു ഭൗതികനിയമങ്ങൾക്കനുസരിച്ചും അവ സംഭവിക്കും. നമ്മുടെ സമൂഹത്തിലും വ്യക്തികളുടെ ജീവിതത്തിലും സൂക്ഷ്മദൃഷ്ടിയുള്ളവർക്ക് ഇത്തരം അദൃശ്യമായ ധാർമ്മിക നിയമങ്ങളുടെ വിധി നിർവ്വഹണങ്ങൾ കാണാവുന്നതാണ്. ദൈവത്തിന്റെ ധാർമ്മികനിയമങ്ങൾ പാലിക്കാൻ ദൈവത്തിന്റെ സൃഷ്ടിയായ പ്രകൃതി സ്വയം ഉപകരണങ്ങളായി വർത്തിക്കുന്നു എന്ന ലളിതമായ സന്ദേശമാണ് ഇത് നൽകുന്നത്. പ്രകൃതി ദുരന്തങ്ങൾ കൊണ്ട് അല്ലാഹു ശിക്ഷിച്ച സമൂഹങ്ങളെ പറ്റി ഖുർആൻ പറഞ്ഞിടത്തൊക്കെ അവരുടെ ധാർമ്മികദോഷങ്ങളും തിന്മകളും എടുത്തു പറഞ്ഞിട്ടുണ്ട് എന്ന കാര്യം പ്രത്യേകം ശ്രദ്ധേയമാണ്. ദുരന്തം പിടികൂടിയവർക്ക് ഇത്തരത്തിലുള്ള ധാർമികദോഷങ്ങളും ന്യൂനതകളും ഉണ്ടായിരുന്നുവോ, അതല്ലെങ്കിൽ മനുഷ്യൻ ഭൗതിക ജ്ഞാനം ആർജിക്കേണ്ട പ്രകൃതി പ്രതിഭാസങ്ങളുടെ ഭാഗമാണോ അതെന്നും പരിശോധിച്ച് പാഠം പഠിക്കേണ്ടത് ചരിത്രവിദ്യാർ ത്ഥികളുടെ കടമയാണ്. മതഗ്രന്ഥങ്ങളുടെ ചരിത്രപഠനത്തിന്റെ രീതി ശാസ്ത്രമതാണ്. മതഗ്രന്ഥങ്ങളിലും, തിരുവെഴുത്തുകളിലും, പുരാണങ്ങളിലും നീതിസാരകഥകളിലുമെല്ലാം ഇത്തരം സംഭവങ്ങൾ നമുക്ക് കാണാം.

ലോകപ്രശസ്ത ബ്രിട്ടീഷ് ചരിത്രകാരനായ ആൾനോഡ് ജോസഫ് ടോയൻബി മണ്ണടിഞ്ഞ 26 നാഗരികതകളെക്കുറിച്ച് പഠിച്ച് എത്തിച്ചേർന്ന നിഗമനം പ്രസിദ്ധമാണല്ലോ. ഭൗതികവും, പാരിസ്ഥിതികവുമായ കാരണങ്ങളേക്കാൾ ധാർമ്മികവും മതപരവുമായ വെല്ലുവിളികളെ നേരിടുന്നതിൽ വന്ന പരാജയമാണ് നാഗരികതകളുടെ പതനങ്ങൾക്ക് കാരണം എന്നാണ് അദ്ദേഹത്തിന്റെ സുചിന്ത്യമായ അഭിപ്രായം. ലൈംഗിക അരാജകത്വത്തിന്റെ ആവിർഭാവത്തോടെ ആ സംസ്കാരത്തിന്ന് ഒരു തലമുറയുടെ ആയുസ്സേ ഉണ്ടാവൂ എന്നും ടോയംബി അഭിപ്രായപ്പെടുന്നു. അക്കാദമിക് ലോകത്ത് നിന്നുള്ള ഈ അതികായന്റെ അഭിപ്രായപ്രകാരം അതിഭൗതികവും ധാർമ്മികവുമായ കാരണങ്ങളാണ് ആത്യന്തികമായി ചരിത്രത്തിന്റെ വിധി നിർണ്ണയിക്കുന്നതെന്ന് പറയുമ്പോൾ വിശ്വാസികൾ ഹൃദയത്തോടു ചേർത്ത് വെച്ച് ആദരിക്കുന്ന വിശുദ്ധ ഗ്രന്ഥങ്ങളിലെ ചരിത്രത്തിന്റെ ധർമ്മപക്ഷ വായനയെ സംശയിക്കുന്നതെന്തിന്.

ഭാരതീയ പുരാണങ്ങളിൽ നിന്നുതന്നെ തുടങ്ങാം മഹാഭാരതത്തിൽ വിവരിച്ച ദ്വാരകയിലെ യദുകുലത്തിന്റെ നാശം ഇത്തരം ഒരു ധാർമ്മികാപചയവുമായി ബന്ധപ്പെട്ട കഥയാണ്. ശ്രീകൃഷ്ണന്റെ ധർമ്മോപദേശത്തിൽ നിന്നും വഴിതെറ്റിയ യദുകുലം മദ്യപാനാസക്തരും കലഹപ്രിയരുമായി മാറിയപ്പോൾ ദ്വാരകയിൽ ദുർന്നിമിത്തങ്ങൾ പ്രത്യക്ഷപ്പെട്ടു. ചരൽകാറ്റും, കൊടുംകാറ്റും വീശി, നദികൾ കൂലം കുത്തിയൊഴുകി, മഞ്ഞുവീണ് ദിക്കെങ്ങും കാണാതായി. ഉൽക്കാപാതങ്ങളുടെ പൊടിപടലങ്ങൾകൊണ്ട് സൂര്യനും ചന്ദ്രനും മറഞ്ഞുപോയി. അവസാനം ദ്വാരകാപുരി കടൽക്ഷോഭത്തിൽ മുങ്ങിത്താണു എന്നതാണ് കഥ. കോടിക്കണക്കിന് വിശ്വാസികളെ ഉൾക്കൊണ്ട് ഭാരതീയ സംസ്കൃതിയുടെ നീതിബോധത്തെ സ്വാധീനിക്കുന്ന ഇത്തരം വിവരണങ്ങൾ ഏതൊരു അക്കാദമിക് ചരിത്രത്തേക്കാളും ക്രിയാത്മകമല്ലേ. അത് പോലെ അഗസ്തസ് ചക്രവർത്തിയെ ആരാധിച്ചിരുന്ന ദുർവൃത്തരായ റോമിലെ പോംപി നഗരത്തിന്റെ പതനം ഇന്നും പുരാവസ്തു സ്മാരകങ്ങളായി സംരക്ഷിക്കപ്പെട്ട ഒരു ഭീകരകാഴ്ചയാണ്. അശ്ലീലചിത്രങ്ങൾകൊണ്ട് കമനീയമാക്കിയ മതിലുകളുള്ള വേശ്യാതെരുവുകൾ ഇന്നും പോപിയിൽ കാണാം. ക്രിസ്തുമതപ്രചരണാർത്ഥം അപ്പോസ്തലനായ സെന്റ് തോമസ് പോംമ്പിക്കടുത്തുള്ള പുതെലി സന്ദർശിച്ചതായി ബൈബിൾ പുതിയ നിയമത്തിൽ കാണാം. അധാർമ്മികതയിൽ പോംപി നഗരം അഴിഞ്ഞാടിയപ്പോൾ എ.ഡി. 79ൽ അരികെയുള്ള

വെസൂവിയസ് അഗ്നിപർവ്വതം പൊട്ടിത്തെറിച്ച് പോംപി നഗരം നാമാവശേഷമായി. പൗരാണിക ചരിത്രകാരനായ പ്ലിനി ഈ ദൃശ്യത്തിന് സാക്ഷ്യം വഹിച്ചിട്ടുണ്ട്.

വിശുദ്ധ ഖുർആനിലും ബൈബിളിലുമായി വിവരിക്കപ്പെട്ട നൂഹ് നബി (അ)ന്റെ കാലത്തെ പ്രളയകഥയും ലൂത്ത് നബി(അ)ന്റെ കാലത്തെ സൊദോം, ഗോമേര നഗരങ്ങളുടെ മാത്രം നാശവും; സമൂദ് സമുദായം നശിച്ച ഭൂകമ്പങ്ങളും ആദിനെ മണൽ കാറ്റിൽ മുടിയ ശിക്ഷയും അസ്ഹാ ബുൽ അയ്ക്കത്തിനും അസ്ഹാബുർ റസ്സിനും സംഭവിച്ച നാശങ്ങളും പ്രകൃതിദുരന്തങ്ങളെ ധാർമ്മിക പരിപ്രേക്ഷ്യത്തിൽ കാണാൻ നമ്മെ പ്രേരിപ്പിക്കുന്നു. അല്ലാഹു ഖുർആനിൽ പറയുന്നു: 'അക്രമം പ്രവർത്തിക്കുകയായിരുന്ന എത്രയെത്രെ നാടുകളേയാണ് നാം തകർത്തുകളഞ്ഞത്. അവർക്ക്ശേഷം നാം വേറൊരു ജനതയെ സൃഷ്ടക്കുകയും ചെയ്തു' (21:12).

പാകിസ്താനിലേക്ക് തന്നെ തിരിച്ചു വരാം. കഴിഞ്ഞ മുപ്പത് വർഷമായി അല്ലാഹു റസൂൽ തിരുമേനി (സ) മുഖേന നിർബന്ധമാക്കിയ ആരാധനകളൊന്നും തന്നെ നടത്താൻ അഹ്മദികൾക്ക് പാകിസ്താനിൽ അനുവാദമില്ല. കലിമത്തുത്തൗഹീദ് ഉച്ചരിച്ചാലും ഖുർആൻ പാരായണം ചെയ്താലും, നിസ്കരിച്ചാലും, അസ്സലാമുഅലൈക്കും എന്ന് ആശംസിച്ചാലും അടിശിക്ഷ മുതൽ ജയിൽ ശിക്ഷ വരെ വ്യവസ്ഥയാക്കി മാറ്റിയ ഒരു രാജ്യം എത്രമാത്രം നിന്ദ്യമാണ്. ഒരു സമൂഹം എന്ന നിലക്ക് ഇതിൽ പ്രതിഷേധിക്കാത്ത ആ നാട്ടിലുള്ള ഓരോ പൗരനും ഇതിനുത്തരവാദിയാണ്. ദൈവത്തെ ആരാധിക്കുന്നവരെ തടയുന്ന നിയമം ഫിർഔന്റെ ഈജിപ്തിനു മാത്രം അവകാശപ്പെട്ടതായിരുന്നു. അതിനുപുറമെ മറ്റെല്ലാ മനുഷ്യാവകാശധ്വംസനങ്ങളും അഹ്മദികൾ പാകിസ്താനിൽ അനുഭവിക്കുന്നു. രണ്ട് ദശാബ്ദമായി അഹ്മദികളുടെ പരമോന്നത മതനേതൃത്വം ജന്മനാട്ടിൽ നിന്നു ബഹിഷ്കൃതരായി അന്യനാട്ടിൽ പ്രവാസിയായി കഴിയുന്നു. അവസാനം ഈ കിരാത പർവ്വങ്ങളുടെ പരിമാണഗുപ്തിയെന്നോണം ഈ പരിശുദ്ധ റമദാൻ മാസത്തിലെ രണ്ടാം ദിവസം വെള്ളിയാഴ്ച കിഴക്കൻ പഞ്ചാബിലെ മോംഗ് എന്ന സ്ഥലത്ത് സുബ്ഹി നമസ്കാരത്തിന്ന് അഹ്മദികൾ അവരുടെ മസ്ജിദിൽ എത്തിച്ചേർന്നപ്പോൾ ഉണ്ടായ നിഷ്ഠൂര സംഭവം. നമസ്കാരം ഭരണകൂടം നിയമവിരുദ്ധമാക്കിയതാണെങ്കിലും അഹ്മദികൾ ജമാഅത്തായി തന്നെ പള്ളികളിൽ നിസ്കരിക്കാറുണ്ട്. സുബ്ഹി നമസ്കാരം രണ്ടാമത്തെ റക്അത്തിലേക്ക് പ്രവേശിച്ചപ്പോൾ പാകിസ്താനിലെ മുല്ലായിസം പടച്ചുവിട്ട ഭീകരന്മാർ മോട്ടോർസൈക്കിളിൽ അവിടെയെത്തി പള്ളിയിൽ അല്ലാഹുവിന്റെ മുമ്പിൽ ആരാധിച്ചുനിൽക്കുന്ന അഹ്മദികൾക്കെതിരെ തലങ്ങും വിലങ്ങും നിറയൊഴിച്ചു. എട്ടുപേർ ശഹീദായി. കൊലയാളികൾ ഇരുളിന്റെ മറവിലേക്ക് ഓടിമറഞ്ഞു. അനശ്വരരായ ശുഹദാക്കന്മാർ നൽകിയ വിശുദ്ധ രക്തം പാകിസ്താനിലെന്നല്ല ലോകം മുഴുവൻ അഹ്മദിയ്യാ ജമാഅത്തിനെ വാനോളം വളർത്തുകയാണെന്ന് ആ കശ്മലന്മാർക്കറിയില്ല. ആ ദാരുണസംഭവവും ലോകം മുഴുവനുമുള്ള അഹ്മദികളിലുണ്ടാക്കിയ വേദനയും നടുക്കവും പടച്ചറബ്ബിന് മാത്രമേ അറിയൂ. വെള്ളിയാഴ്ച പ്രഭാതത്തിലെ ഈ നിഷ്ഠൂര കൊലപാതകം അറിഞ്ഞപ്പോൾ അന്നത്തെ ഖുത്ബയിൽ ഖലീഫത്തുൽ മസീഹ് പ്രതികരിച്ചു. 'റമസാൻ മാസത്തിൽ അഹ്മദികൾ നന്മകൾ സമ്പാദിക്കാനും അല്ലാഹുവിന്റെ സ്നേഹം ആർജ്ജിക്കാനും വേണ്ടി ശ്രമിക്കുമ്പോൾ, മുല്ലാക്കളിൽ നിന്ന് ശിക്ഷണം കിട്ടിയ ഈ നാമമാത്ര മുസ്ലിം സംഘം – എല്ലാ മുസ്ലിംകളും ഇത്തരക്കാരല്ല – സ്വന്തം നിലയിൽ ഇത്തരം അക്രമങ്ങൾ അഴിച്ചുവിട്ടുകൊണ്ട്, അഹ്മദികളെ കൊലചെയ്ത് അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നവരായിത്തീരുമെന്ന് കരുതുന്നു. വാസ്തവത്തിൽ ഇത്തരം പ്രവൃത്തികൾകൊണ്ട് ***അവർ അല്ലാഹുവിന്റെ ശിക്ഷയെ വിളിച്ചുവരുത്തുകയാണ് ചെയ്യുന്നത്.***" റസൂൽ തിരുമേനി(സ)യുടേയും ദീനുൽ ഇസ്ലാമിന്റേയും യശസ്സ് ലോകത്ത് വീണ്ടും പുനരുജ്ജീവിപ്പിക്കാൻ അല്ലാഹു വാഗ്ദാനം ചെയ്ത വാഗ്ദത്ത മസീഹ് അവതരിച്ചപ്പോൾ വിശ്വസിച്ചുപോയി എന്ന തെറ്റല്ലാതെ മറ്റെന്ത് കുറ്റമാണ് അഹ്മദികൾ ചെയ്തത്? മുസ്ലിം ലോകത്ത് മനസ്സാക്ഷിയുള്ളവർ ആത്മപരിശോധന നടത്തട്ടെ 'പീഡിതനും ദൈവത്തിനുമിടയിൽ മറയില്ല' എന്ന റസൂൽ തിരുമേനി പറഞ്ഞത് വെറും പൊയ്‌വാക്കാണോ? ആ ദാരുണസംഭവം കഴിഞ്ഞ് കൃത്യം 24 മണിക്കൂർ കഴിയുമ്പോഴേക്കും കിഴക്കൻ പാക്കിസ്താൻ അടിമേൽ മറിക്കുന്ന ഭൂകമ്പത്തിന്നാണ് ആ നാട് സാക്ഷ്യം വഹിച്ചത്. ദൈവക്രോധം പാകിസ്താന്റെ മേൽ പതിച്ചുവോ? കഴിഞ്ഞ മുപ്പത് വർഷമായി പാകിസ്താനിൽ നിരപരാധികളും, നിഷ്ക്കളങ്കരുമായ അഹ്മദികളോട് അനുവർത്തിച്ച നയമെന്തായിരുന്നു? പീഢനത്തിന്റേയും അനീതിയുടേയും കൊടുംക്രൂരതകൾ സ്പഷ്ടമായ നിലയിൽ നിയമലിഖിതങ്ങളായി പാകിസ്താൻ ഭരണഘടനയിലും നിയമസംഹിതകളിലും രേഖപ്പെട്ടുകിടക്കുന്നു. അധർമ്മവും അക്രമവും അതിരു കടക്കുമ്പോൾ നാം ആ സമൂഹങ്ങളുടെ മേൽ ശിക്ഷയിറക്കും എന്ന് താക്കീത് നൽകിയ ആ അല്ലാഹു ഇന്നും ജീവിച്ചിരിക്കുന്നവനല്ലേ. ധാർമ്മികതയും നീതിയും നശിച്ച നാടുകളിൽ പ്രവാചകന്മാർ അവതരിക്കുമ്പോൾ അവരേയും അവരെ വിശ്വസിച്ച സമൂഹത്തേയും ദ്രോഹിക്കുമ്പോൾ ഭൂകമ്പങ്ങളും കൊടുങ്കാറ്റും, പ്രളയവും, പേമാരിയും ശിക്ഷയായി പതിക്കുമെന്ന് ഉദാഹരണസഹിതം നിരവധിസ്ഥലങ്ങളിൽ വിവരിച്ചുതന്ന വിശുദ്ധ ഖുർആനും നമ്മുടെ മുമ്പിലുണ്ട്. അല്ലാഹു പറ

യുന്നു.... 'നിന്റെ നാഥൻ നാടുകളെ നശിപ്പിക്കുന്നവനല്ല. അവയുടെ കേന്ദ്രസ്ഥാനത്ത് നമ്മുടെ വചനങ്ങൾ ഓതികേൾപ്പിക്കുന്ന ഒരു ദൂതനെ നിയോഗിച്ച് മുന്നറിയിപ്പ് നൽകുന്നത് വരെ. നാട്ടുകാർ അക്രമികളാകുന്ന അവസ്ഥയിലല്ലാതെ നാം നാടുകളെ (ഒരിക്കലും) നശിപ്പിക്കാറില്ല. (28:60). വീണ്ടും ഖുർആൻ പറയുന്നു. ഇത് നിങ്ങളുടെ കൈകൾ മുമ്പ് പ്രവർത്തിച്ചത് കാരണമാണ്. അല്ലാഹു ദാസന്മാരോട് തീരെ അനീതി പ്രവർത്തിക്കുന്നവനല്ല (3:183).

ദുരിതങ്ങളുടേയും ദുരന്തങ്ങളുടേയും, നഷ്ടങ്ങളുടേയും വഴിത്തിരിവുകൾ ആത്മപരിശോധനക്കുള്ള സന്ദർഭങ്ങളാണ്. ജമാഅത്തെ ഇസ്ലാമിയുടെ പ്രബോധനം വാരിക പാക് ഭൂകമ്പത്തെക്കുറിച്ചെഴുതുന്നു: 'ഇത്തരം പ്രകൃതി ദുരന്തങ്ങളെ അന്ത്യനാളിന്റെ കൊച്ചുപതിപ്പുകളായും സർവ്വലോകരക്ഷിതാവിന്റെ താക്കീതുകളായും കാണാൻ കഴിയണം. മനുഷ്യന്റെ അഹന്തക്കും ഗർവ്വിനും കൈയേറ്റത്തിനുമെതിരെയുള്ള ഒരു ദൈവിക ഇടപെടലാണിത്' (പ്രബോധനം: 2005 ഒക്ട. 22). പക്ഷേ പാകിസ്താനിൽ ആർ ആരെയാണ് കൈയ്യേറ്റം ചെയ്തതെന്നും, ആരുടെ ഗർവ്വിനും അഹന്തക്കുമെതിരെയാണ് ദൈവീകമായ ഇടപെടലുകളുണ്ടായതെന്നുമുള്ള കാര്യം കൂടി പ്രബോധം വ്യക്തമാക്കേണ്ടിയിരുന്നു. ആ പ്രകൃതിദുരന്തങ്ങളുടെ ധർമപക്ഷവായന നാം മറക്കാൻ പാടില്ല. സജീവനായ ദൈവം സമൂഹങ്ങൾ ചെയ്തുകൂട്ടുന്ന ചെയ്തികളെ പറ്റി അശ്രദ്ധനല്ല എന്ന് നാം തിരിച്ചറിയണം. ഖുർആൻ പറയുന്നു: "അങ്ങനെ അക്രമം പ്രവർത്തിച്ചുകൊണ്ടിരുന്ന എത്രയെത്ര നാടുകളെയാണ് നാം നശിപ്പിച്ചത്. അവയുടെ മേൽത്തട്ടുകളിൽ മേൽ അവ വീണു കിടക്കുകയാണ്. ഉപയോഗശൂന്യമാക്കപ്പെട്ട എത്ര കിണറുകൾ, എത്ര സൗധനങ്ങൾ 'എന്നാൽ അവർ ഭൂമിയിൽ സഞ്ചരിച്ചു നോക്കുന്നില്ലേ? എങ്കിൽ അവർക്ക് ചിന്തിച്ചു മനസ്സിലാക്കുന്ന ഹൃദയങ്ങളും കേട്ടു മനസ്സിലാക്കുന്ന ചെവികളും ഉണ്ടാകുമായിരുന്നു. എന്തെന്നാൽ കണ്ണുകൾ അന്ധമാകുന്നില്ല; പക്ഷേ നെഞ്ചുകളിലുള്ള ഹൃദയങ്ങളാണ് അന്ധമാകുന്നത്. (22:46, 47) ഇതെല്ലാം കേവലം യാദൃശ്ചികവും ഭൗതികവുമായ പ്രതിഭാസങ്ങളാണെന്നു കരുതുന്നവരോട് അല്ലാഹു പറയുന്നു: 'നാട്ടിൽ അന്യായമായി അഹംഭാവം നടിക്കുന്നവരെ എന്റെ ദൃഷ്ടാന്തങ്ങളിൽ നിന്നും താമസിയാതെ ഞാൻ തെറ്റിച്ചുകളയും. ദൃഷ്ടാന്തങ്ങളെല്ലാം കണ്ടാലും അവർ വിശ്വസിക്കുകയില്ല.'(7:147)

പാകിസ്താന് വന്നുഭവിച്ച ഈ ദുരന്തത്തിൽ ശിക്ഷയുടെ സാഫല്യം കണ്ട് സന്തോഷിക്കുന്നവരല്ല അഹ്മദികൾ. ഭൂകമ്പത്തിന് ശേഷവും പാകിസ്താനിൽ മറ്റൊരു പ്രസ്ഥാനത്തേക്കാളും ജീവകാരുണ്യ പ്രവർത്തനങ്ങളിൽ മുഴുകിയിരിക്കുന്നത് അഹ്മദികളാണ്. മൂന്ന് ദശാബ്ദങ്ങളായി അഹ്മദികളെ പാകിസ്താൻ ഗവൺമെന്റും ഉലമാക്കന്മാരും പീഡിപ്പിച്ചിട്ടും ജന്മനാട്ടിൽ നിന്നും ബഹിഷ്കൃതനായി അന്യനാട്ടിൽ പ്രവാസിയായി കഴിഞ്ഞിട്ടും പാകിസ്താനെതിരെ വിദേശങ്ങളിൽ യാതൊരു പ്രചരണവും നടത്തരുത് എന്ന് സ്വന്തം ജമാഅത്തിനെ കർശനമായി ഉപദേശിച്ച ഖലീഫത്തുൽ മസീഹ് നാലാമനേ ഈ അവസരത്തിൽ സ്മരിക്കുകയാണ്. ഇപ്പോഴത്തെ ഖലീഫത്തുൽ മസീഹ് ജമാഅത്തിന്റെ 'ഹുമാനിറ്റി ഫസ്റ്റ്' എന്ന ജീവകാരുണ്യസംഘടനയെ പാകിസ്താന്റെ ദുരിതമനുഭവിക്കുന്നവരുടെ കണ്ണീരൊപ്പാൻ സർവ്വസന്നാഹങ്ങളോടെയും അയച്ചിരിക്കുകയാണ്. ധനത്യാഗത്തിലൂം അവരെ സഹായിക്കാൻ ലോകം മുഴുവനുമുള്ള അഹ്മദികളെ ആഹ്വാനം ചെയ്തിരിക്കുകയുമാണ്. പാകിസ്താന് വേണ്ടി നമുക്കും പ്രാർത്ഥിക്കാം. ഭൂകമ്പം മൂലമുണ്ടായ എല്ലാ ദുരിതങ്ങളിൽ നിന്നും അല്ലാഹു പാക്ക് ജനതയെ കരകയറ്റട്ടെ. ദൈവക്രോധം വിളിച്ചുവരുത്തുന്ന എല്ലാ അധർമ്മങ്ങളെക്കുറിച്ചും ആ നാടിന് അല്ലാഹു തിരിച്ചറിവ് നൽകട്ടെ. നീതിയും സമൃദ്ധിയും ഐശ്വര്യവും നിറഞ്ഞ്, പാകിസ്താൻ ലോകത്തിന് മാതൃകയായിത്തീരട്ടെ (ആമീൻ) ■


*(20 -ാം പേജിൽ നിന്ന് തുടർച്ച)*

ഭൂഖണ്ഡചലനങ്ങളുടെ മാറ്റങ്ങളും (Plate tactonics) തുടങ്ങി നിരവധിഘടകങ്ങൾ ഒത്തുവന്നാൽ ഹിമയുഗം ആവിർഭവിക്കുക എന്ന് ഇത് സംബന്ധിച്ചുള്ള പഠനങ്ങൾ വ്യക്തമാക്കുന്നു. സമീപകാലത്ത് ഹിമയുഗത്തെ സംബന്ധിച്ച് ആധുനിക കമ്പ്യൂട്ടർ മോഡലുകൾ ഉപയോഗിച്ച് അതിസങ്കീർണ്ണമായ ഗോളഗണിതത്തിന്റെ അടിസ്ഥാനത്തിൽ നിരവധി പഠനങ്ങൾ നടന്നിട്ടുണ്ട്.

ഭൂമിയുടെ ഗോളാന്തരീയ ഭ്രമണപഥത്തിൽ എന്തെങ്കിലും ഒരു വ്യതിയാനം നേരിട്ടാൽ ഈ ഭൂമി മറ്റൊരു ഭൂമിയായിത്തീരും. ഈ അനുഗ്രഹീത ഭുവന ഗ്രഹത്തിൽ ഒരു പരാദം പോലെ ഒട്ടിപ്പിടിച്ച് ജീവിക്കുന്ന നിസ്സഹായനായ മനുഷ്യന് ഗോളാന്തരീയ വിപത്തിനെതിരെ എന്താണ് ചെയ്യാൻ കഴിയുക? പ്രപഞ്ചസംവിധാനത്തിൽ അതിനുള്ള സാധ്യതകളുണ്ടുതാനും. അങ്ങിനെ സംഭവിച്ചാൽ ഭൂമിയിലെ സമുദ്രങ്ങൾ ഉറഞ്ഞ് മഞ്ഞുകട്ടിയാവുകയും അതിശൈത്യത്തിൽ ഭൂമി ജീവയോഗ്യമല്ലാത്തതായിത്തീരുകയും ചെയ്യും. മനുഷ്യകരങ്ങൾക്കതീതമായ അല്ലാഹുവിന്റെ അനുഗ്രഹങ്ങളിൽപെട്ട പ്രപഞ്ചശക്തികളുടെ സന്തുലനാസ്ഥയിലാണ് മനുഷ്യൻ ജീവിക്കുന്നതെന്ന് നാം ഓർക്കാറുണ്ടോ. അല്ലാഹു ചോദിക്കുന്നു.

*തീർച്ചയായും ആകാശങ്ങളേയും ഭൂമിയേയും (അവയുടെ സ്ഥാനങ്ങളിൽ നിന്ന്) നീങ്ങിപ്പോകാതിരിക്കാൻ അല്ലാഹു പിടിച്ചു നിർത്തുന്നു. ഇനി അവ രണ്ടും നീങ്ങിപ്പോകുന്നതായാൽ അവനു പുറമെ ആരും തന്നെ അവയെ പിടിച്ചു നിർത്തുകയില്ല. നിശ്ചയമായും അവൻ സഹനശീലനും സർവഥാ പൊറുക്കുന്നവനുമാകുന്നു. (അൽഫാത്തിർ 35:43)* ***(തുടരും)***

# അനുസ്മരണം



## മുബാറക് അഹ്മദ് സാഹിബ്

പ്രമുഖ അഹ്മദി ജനാബ് സി. മുബാറക് അഹ്മദ് സാഹിബ് (77) ഒക്ടോബർ 5 ബുധനാഴ്ച സുബ്ഹിക്കു മുൻപേ കൂടാളിയിലെ സ്വഭവനത്തിൽ വെച്ച് അന്ത്യയാത്ര പറഞ്ഞു. ഇന്നാലില്ലാഹി വ ഇന്നാ ഇലൈഹി റാജിഊൻ.

ജന്മനാ അഹ്മദിയും ജമാഅത്തിയായ സേവനങ്ങളിൽ ചെറുപ്പത്തിലേ പങ്കാളിയും കൂടാളി ജമാഅത്തിന്റെ പോയകാല സാരഥികളിൽ ഒരാളുമായിരുന്നു പരേതൻ. ഒരുകാലത്ത് ബോംബെ ജമാഅത്തിലും പ്രവർത്തകസമിതി മെമ്പറായിരുന്നുകൊണ്ട് അദ്ദേഹം സേവനമനുഷ്ഠിച്ചിട്ടുണ്ട്. കൂടാളി ഫസ്‌ലെ ഉമർ സ്കൂളിന്റെ ആദ്യത്തെ രക്ഷാധികാരിയുമായിരുന്നു മുബാറക് സാഹിബ്.

ഹജ്ജ് കർമ്മം നിർവ്വഹിക്കാനും മൂസിയാകാനും അദ്ദേഹത്തിന് ഭാഗ്യം ലഭിച്ചു. ഖാദിയാൻ ശരീഫുമായും കേന്ദ്ര പ്രതിനിധികളുമായും അദ്ദേഹം അഗാധമായ സ്നേഹബന്ധം സ്ഥാപിച്ചു. ഏതാണ്ട് 1960 മുതൽക്ക് ജൽസക്ക് പോകുന്നത് അദ്ദേഹം പതിവാക്കി. ആയിടയ്ക്ക് രണ്ട് ജൽസ മാത്രമാണ് നഷ്ടമായത്. അതാകട്ടെ ഒന്ന് തന്റെ ജ്യേഷ്ഠന്റെ മരണാസന്നരോഗസ്ഥിതിയിലും മറ്റൊന്ന് ഹജ്ജ് കർമ്മം നിർവഹിക്കുന്നതിനുമായിരുന്നു.

ഹസ്റത്ത് ഖലീഫത്തുൽ മസീഹ് സാനി(റ), ഹസ്റത്ത് ഖലീഫത്തുൽ മസീഹ് സാലിസ് (റഹ്), ഹസ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ് (റഹ്) തുടങ്ങിയ മൂന്നു ഖലീഫമാരേയും സന്ദർശിക്കുന്നതിന് അദ്ദേഹം അവസരം കണ്ടെത്തി. ഇപ്പോഴത്തെ ഹുസൂറിനെ കാണാനുള്ള തന്റെ അന്ത്യാഭിലാഷം അദ്ദേഹം പ്രകടിപ്പിച്ചുകൊണ്ടിരിക്കുകയും ചെയ്തു.

കൂടാളി ജമാഅത്തിന് താങ്ങും തണലുമായിരുന്നു അദ്ദേഹം. ജമാഅത്തിൽ അതിഥികളായി വരുന്നവരെ സൽക്കരിക്കാൻ അദ്ദേഹം എപ്പോഴും മുന്നിലെത്തി. നമസ്കാരം, നോമ്പ്, ദാനധർമ്മങ്ങൾ, നിസാമിനോടുള്ള കൂറ്, ജമാഅത്തിന്റെ ചരിത്രപഠനത്തിനുള്ള അഭിവാഞ്ച മുതലായ കാര്യങ്ങളിൽ അദ്ദേഹം സവിശേഷമായ മാതൃക പുലർത്തി. കൂടാളിയിലെ ബയ്ത്തുസ്സുബ്ഹാൻ പള്ളിയുടെ നിർമ്മാണത്തിൽ അദ്ദേഹം നിർണ്ണായകമായ സേവനങ്ങളർപ്പിച്ചു.

അദ്ദേഹത്തിന്റെ മാതാവിന്റേയും പിതാവിന്റേയും കുടുംബക്കാർ തൊണ്ണൂറുവർഷം മുമ്പ് കൂടാളിമണ്ണിൽ അഹ് മദിയ്യത്തിന്റെ ചെടി നട്ടുവളർത്തിയ ത്യാഗസംരംഭത്തിൽ സജീവപങ്കാളിത്തം വഹിച്ചവരായിരുന്നു. അദ്ദേഹത്തിന്റെ മാതാവ് ആത്തിക്കാസാഹിബ, മാതാമഹി കുഞ്ഞിഫാത്തിമാസാഹിബ, പ്രമാതാമഹി കുഞ്ഞിമാച്ചാ സാഹിബ തുടങ്ങിയവരെല്ലാം അഹ്മദികളായി കഴിഞ്ഞു കടന്നിട്ടുണ്ട്. പിതാവ് മർഹൂം വി.പി. ശേഖ് അബ്ദുല്ലാഹ് സാഹിബ് കൂടാളി ജമാഅത്തിന്റെ സ്ഥാപകസെക്രട്ടറിയും, കുടുംബത്തലവൻ മർഹൂം ചൊവ്വകാരന്റകത്ത് കുഞ്ഞാലി സാഹിബ് കൂടാളി ജമാഅത്തിന്റെ പ്രഥമ പ്രസിഡന്റുമായയിരുന്നു.

മർഹൂം എടപ്പകത്ത് അബ്ദുർറഹ്മാൻകുട്ടി സാഹിബിന്റെ മകളും ജനാബ് യു. മൻസൂർ അഹ്മദ് സാഹിബിന്റെ പെങ്ങളുമായ യു. മുനീറാസാഹിബയാണ് അദ്ദേഹത്തിന്റെ സഹധർമ്മിണി. കൂടാളി ജമാഅത്തിന്റെ മുൻകാല പ്രസിഡന്റ് ജനാബ് സി. ബർക്കത്തുല്ലാഹ് സാഹിബ അനുജനുമാണ്.

മക്കൾ : യു. സഫീർ അഹ്മദ്, യു. ശബീർ അഹ്മദ്, യു. മുഅ്മിന, യു. ഹസീന, യു. ശാഹിന, മരുമക്കൾ: കെ. മുംതസ് (പഴയങ്ങാടി), ഫായിസ (കല്പേനി), എം.പി. ബദറുദ്ദീൻ (വടകര), നാസിർ ബത്തേരി (കുമ്പള), ഫസ്‌ലുദ്ദീൻ (മണ്ണാർക്കാട്).

അല്ലാഹു പരേതാത്മാവിന് മഗ്ഫിറത്തും മർഹമത്തും ജന്നത്തും പ്രദാനം ചെയ്യുമാറാകട്ടെ. ആമീൻ.

കെ. അബ്ദുസ്സലാം

(സത്യമിത്രം സെപ്ത. ഒക്ടോ. 2005 പ്രസിദ്ധീകരിച്ചത്)

## എം. അബ്ദുൽവഹാബ് സാഹിബ്



കരുനാഗപ്പള്ളി അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിലെ അംഗമായ ജനാബ് അബ്ദുൽ വഹ്ഹാബ് സാഹിബ് മഠത്തിൽ (72) 2005 സെപ്തംബർ 27ന് നിര്യാതനായി ( ഇന്നാലില്ലാഹി.....) അഹ്മദിയ്യാ ജമാഅത്തുമായി ബന്ധപ്പെട്ട ഒരു പുരാതന കുടുംബത്തിലെ അംഗമായിരുന്നു അദ്ദേഹം. പരേതന്റെ വന്ദ്യപിതാവ് മർഹൂം മുഹമ്മദ് കുഞ്ഞ് സാഹിബ് ജമാഅത്തിന്റെ ആദ്യകാല പ്രസിഡന്റായിരുന്നു. മർഹൂം മൗലവി അഹ്മദ് റശീദ് സാഹിബ് ആയഞ്ചേരി പരേതന്റെ സഹോദരീ ഭർത്താവ് ആയിരുന്നു.

അഹ്മദിയ്യാ ജമാഅത്തുമായി സുദൃഢബന്ധം പുലർത്തിവരുന്ന നിരവധി അംഗങ്ങൾ അദ്ദേഹത്തിന്റെ കുടുംബത്തിലുണ്ട്. കരുനാഗപ്പള്ളിയിലെ ഒരു പ്രമുഖ അഹ്മദിയായിരുന്ന മർഹൂം തേയിലക്കട മുഹമ്മദ് കുഞ്ഞ് സാഹിബിന്റെ

മകൾ ഫാത്തിമാ ബീവി സാഹിബ യാണ് ഭാര്യ. അവർ ഇപ്പോൾ കരുനാഗപ്പള്ളി ജമാഅത്തിന്റെ ലജ്നാ ഇമാഇല്ലായുടെ പ്രസിഡന്റാണ്.

കേരള സംസ്ഥാന ഫിഷറീസ് ഡിപ്പാർട്ട്മെന്റിലെ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് ആയിട്ടാണ് പരേതൻ ഔദ്യോഗിക ജീവിതത്തിൽ നിന്നും വിരമിച്ചത്. ഏതാനും വർഷമായി രോഗബാധിതനായി വീട്ടിൽ വിശ്രമജീവിതം നയിക്കുമ്പോഴും ജമാഅത്ത് സാഹിത്യങ്ങൾ വായിക്കുവാനും ജമാഅത്തിന്റെ ദൈനംദിന കാര്യങ്ങൾ മനസ്സിലാക്കുവാനും ശ്രദ്ധിച്ചിരുന്നു എന്നത് പ്രത്യേകം പ്രസ്താവ്യമാണ്. പരേതന് അല്ലാഹു ജന്നത്തും മഗ്ഫിറത്തും നൽകി അനുഗ്രഹിക്കട്ടെ.

**മണ്ണാരയ്യത്ത് അബ്ദുൽ വഹ്ഹാബ്.**

---

(7 -ാം പേജിൽ നിന്ന് തുടർച്ച)

ചെയ്ത ദുആകളും പ്രത്യേകമായി ചെയ്തുകൊണ്ടിരിക്കണം. സ്വന്തം ഭാഷയിലും ദുആ ചെയ്യേണ്ടതാണ്. ഇസ്തിഗ്ഫാറും ധാരാളമായി ചെയ്തുകൊണ്ടിരിക്കേണ്ടതാണ്. സ്വന്തം ജനതയ്ക്കുവേണ്ടിയും ദുആ ചെയ്യണം. അല്ലാഹു അവർക്ക് ഹിദായത്ത് നല്കുമാറാകട്ടെ. ഹസ്റത്ത് മസീഹ് മൗഊദ്(അ) ഇത്തരം ഘട്ടങ്ങളിൽ എങ്ങനെ ദുആ ചെയ്യണമെന്നാണ് പഠിപ്പിച്ചിട്ടുള്ളത് എന്ന കാര്യവും എപ്പോഴും ഓർമ്മയിലുണ്ടാകണം. അവിടന്ന് പറയുന്നു. ജമാഅത്തിലെ എല്ലാവരും തങ്ങളുടെ അവസ്ഥകൾ സ്വയം നന്നാക്കിത്തീർക്കുക. തൗബയും ഇസ്തിഗ്ഫാറും ചെയ്യുക. എല്ലാ സന്ദേഹങ്ങളും സംശയങ്ങളും അകറ്റിക്കൊണ്ട് മനസ്സ് പരിശുദ്ധവും പവിത്രവുമാക്കി പ്രാർത്ഥനയിൽ മുഴുകുക. മരിക്കുന്നു എന്ന് തോന്നുംവിധം പ്രാർത്ഥിക്കുക; അല്ലാഹു തന്റെ കോപത്തിന്റെ നാശത്തിന്റെ മാർഗ്ഗങ്ങളിൽനിന്ന് അവരെ രക്ഷിക്കുന്നതിനുവേണ്ടി. ബനൂഇസ്രായിൽ പാപം ചെയ്തുകൊണ്ടിരുന്നപ്പോൾ തങ്ങളെ സ്വയം വധിക്കാൻ ദൈവകല്പനയുണ്ടായി. ഇപ്പോൾ ഈ കാരുണ്യം ചെയ്യപ്പെട്ട ഉമ്മത്തിൽനിന്ന് ഈ കല്പന ഉയർന്നുപോയിരിക്കുകയാണ്. എന്നാൽ, അതിനുപകരമായി സ്വയം തങ്ങളെ വധിച്ചുകഴിഞ്ഞിരിക്കുന്നതുപോലെ ദുആ ചെയ്യുക. അല്ലാഹു നമ്മെ എപ്പോഴും പ്രാർത്ഥനയുടെ ഈ നില കരസ്ഥമാക്കാൻ സഹായിക്കുമാറാകട്ടെ. ഇപ്പോൾ റമളാൻ എന്ന അനുഗ്രഹീതമാസവും സമാഗതമായിരിക്കയാണ്. ദുആ സ്വീകാര്യത്തിന്റെ പ്രത്യേക അവസരങ്ങൾ ഇതിലുണ്ട്. അതുകൊണ്ട് ഈ ദിനങ്ങളിൽ പ്രത്യേകമായ നിലയിൽ ലോകജനതയുടെ ഹിദായത്തിനും നാശങ്ങളിൽ നിന്ന് രക്ഷപ്പെടുന്നതിനും വേണ്ടി ഓരോ അഹ്മദിയും പ്രാർത്ഥനയിൽ മുഴുകുക. സ്വയം ഉപദ്രവങ്ങളിൽ നിന്ന് സുരക്ഷിതമായിരിക്കുന്നതിനു വേണ്ടിദുആ ചെയ്യുക. അല്ലാഹു എല്ലാവർക്കും ദുആ ചെയ്യാൻ തൗഫീഖ് നല്കുമാറാകട്ടെ. അവന്റെ അനുഗ്രഹം ഒന്നു കൊണ്ടുമാത്രം ഈ ദുആകൾ സ്വീകരിക്കുകയും ചെയ്യുമാറാകട്ടെ.

മുഹമ്മദ് ഇസ്മായിൽ
(ഖുത്ബാ സംഗ്രഹം വിവ:) ■

## മരണം ആഗ്രഹിക്കരുത്

അനസ് (റ) നിവേദനം: തിരുമേനി (സ) അരുളി 'നിങ്ങളെ ബാധിച്ച ഒരു വിപത്ത് മൂലം നിങ്ങളാരും മരിക്കാൻ ആശിക്കരുത്. അതല്ലാതെ മറ്റൊരു മോചനമാർഗ്ഗവുമില്ലെന്ന് തോന്നുന്നപക്ഷം അവനിങ്ങനെ പ്രാർത്ഥിച്ചുകൊള്ളട്ടെ. അല്ലാഹുവെ ജീവിതം എനിക്കുത്തമമായിരിക്കുന്ന കാലം വരേയും നീ എന്നെ ജീവിപ്പിക്കണമേ! മരണം എനിക്കുത്തമമായിരിക്കുന്ന അവസരത്തിൽ നീയെന്ന മരിപ്പിക്കുകയും ചെയ്യേണമേ'.

***(ബുഖാരി)***

---

(36 -ാം പേജിൽ നിന്ന് തുടർച്ച)

കൾ കയറാൻ അവരുടെ സമൂഹമനസ്സിൽ പ്രതിഷ്ഠിച്ചുപോയ ഒട്ടേറെ വിഗ്രഹങ്ങളെ എറിഞ്ഞുടക്കേണ്ടതുണ്ട്! അന്ധമായ മുൻവിധിയിൽ നിന്ന് മാറാത്തവരും, പിഴച്ച നേതൃത്വത്തിന്റെ പ്രതീകങ്ങളായി വിലസുന്നവരും, മത-രാഷ്ട്രീയ-ജിഹാദീ വിസ്ഫോടനങ്ങൾക്ക് തീകൊളുത്തുന്നവരുമായ ബിംബങ്ങളെ കക്ഷത്തിൽ നിന്ന് മാറ്റേണ്ടതുണ്ട്!

അഹ്മദികളെ സംബന്ധിച്ചേടത്തോളം മുസ്ലിം ലോകത്തിന് നൽകാൻ പ്രാർത്ഥനയുടെ ആയുധം മാത്രമേയുള്ളു! സമീപകാലത്ത്, ആഗോള അഹ്മദിയ്യാ നേതൃത്വത്തിന്റെ അമരത്തിരിക്കുന്ന അഞ്ചാം ഖലീഫാ തിരുമനസ്സ് ഹസ്റത്ത് മീർസാ മസ്റൂർ അഹ്മദ് സാഹിബ് ഒരു ഖുത്ബാ പ്രസംഗത്തിലൂടെ ലോക അഹ്മദികളെ സംബോധന ചെയ്തുകൊണ്ട് ഒരു നിർദ്ദേശം നൽകുകയുണ്ടായി! മുസ്ലിം ലോകം ഇന്ന് നേരിട്ടുകൊണ്ടിരിക്കുന്ന ബഹുമുഖമായ വിപത്തുകളിൽ നിന്നും, വേദനാജനകമായ പീഢനങ്ങളിൽ നിന്നും, ലജ്ജാകരമായ അപമാനഭാരങ്ങളിൽ നിന്നും അവരെ രക്ഷിക്കുവാനും, യഥാർത്ഥ ഇസ്ലാമികാദ്ധ്യാപനങ്ങളുടെ നേർക്ക് അവരുടെ ദൃഷ്ടികൾ പതിയാനും, കാലത്തിന്റെ നവോത്ഥാന ശില്പിയെ സ്വീകരിക്കാനുള്ള ഭാഗ്യം അവർക്ക് ലഭ്യമാകാനും, ലോകത്തിലുള്ള മുഴുവൻ അഹ്മദികളും അവരുടെ നമസ്കാര വേളയിലെ ഒരു സുജൂദ് (സാഷ്ടാംഗപ്രണാമം) മാറ്റിവെക്കണമെന്നായിരുന്നു ആ നിർദ്ദേശം! ഇങ്ങനെ മാറ്റിവെച്ച സാഷ്ടാംഗപ്രണാമത്തിലൂടെ നിർവ്വഹിക്കുന്ന പ്രാർത്ഥനയല്ലാതെ മുസ്ലിം ലോകത്തിനുവേണ്ടി മറ്റെന്തു ചെയ്യാൻ? ■